032:2x KO KALINATAKAM

032:2x
KO

032:2x KO
KALINATAKAM
223380
48536
223380
48536
032:2x
KO
MUL
223380
NO. 8. BOMMULU IYER ST.

**Madras University Library**

Call Number 032:2x KO

Accession Number 223380 48536

Available for loan from

This book should be returned on or before the date last marked below.

51

UNIVERSITY OF KERALA

MALAYALAM SERIES

**No. 108**

# KĀḶINĀṬAKAM

UNIVERSITY LIBRARY
17 JAN 1962
MADRAS

EDITED BY

K. RAGHAVAN PILLAI, B. A. (HONS), PH. D. (LONDON)

CURATOR
**ORIENTAL MANUSCRIPTS LIBRARY**
**UNIVERSITY OF KERALA**
**TRIVANDRUM**

1960/1135

*All rights reserved*] *[Price Re. 1·50 n P.*

223380
48536

032:2x
KO

ഭാഷാഗ്രന്ഥാവലി-അങ്കം 108

# കാളിനാടകം

UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

UNIVERSITY LIBRARY
17 JAN 1962
MADRAS

പ്രസാധകൻ

**ഡാക്ടർ കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)**
**പി എച്ച്. ഡി. (ലണ്ടൻ)**

ക്യൂറേറ്റർ

ഓറിയൻറൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി
തിരുവനന്തപുരം

1960/1135

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 1–50 ന. പൈ

17 JAN 19..
MADRAS

# അവതാരിക

കേരളസർവ്വകലാശാലാഹസ്തലിഖിതഗ്രന്ഥശാലയിൽ നിന്നും ഭാഷാഗ്രന്ഥാവലി 108-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുന്ന കാളിനാടകം, തിരുവനന്തപുരത്തുള്ള ക്രൂപക്കരമഠത്തിൽ നിന്നും കിട്ടിയ ഒരു മാതൃകയേ മാത്രം അവലംബിച്ചുള്ളതാണ്. ഇതു-വരെ ഉണ്ടായിട്ടുള്ള ബഹുവിധങ്ങളായ സാഹിത്യസരണികളിൽ നിന്ന് തികച്ചും ഭിന്നമായ ഒരു രീതിയാണ് ഇതിന്റെ പ്രണേ-താവ് അംഗീകരിച്ചിരിക്കുന്നതു്. മഹാകവി ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ പരാമർശിച്ചിട്ടില്ലാത്ത ഒരു കൃതിയാണ് ഇതു്. ഇങ്ങനെ സാഹിത്യചരിത്രങ്ങളിൽ ഒന്നിലും പരാമർശി-ക്കപ്പെടാത്ത പല ഗ്രന്ഥങ്ങളും ഈ സ്ഥാപനത്തിൽ നിന്നും പുറത്തു കൊണ്ടുവരാൻ യത്നിച്ചുകൊണ്ടിരിക്കയാണ്.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ കൊല്ലം 1068-ൽ അഞ്ചു വൃത്തത്തിൽ ഒരു ഭദ്രോല്പത്തി കിളിപ്പാട്ടും, ഗീർവ്വാണകവി വാസുദേവൻ നമ്പൂതിരിപ്പാട്ട് കൊല്ലം 1078-ൽ ഒൻപതു വൃത്തത്തിൽ ഒരു കിളിപ്പാട്ടും, മഹാകവി വള്ളത്തോൾ കൊല്ലം 1096-ൽ ഒൻപതു വൃത്തമായിട്ട് ഒരു ഭദ്രാവതാരം പാനയും, ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി മൂന്നാം നമ്പരായി കൊല്ല-വർഷം 1099-ൽ മഹാകവി ഉള്ളൂർ ഒമ്പതു് അദ്ധ്യായത്തിൽ ഒരു ഭദ്രോല്പത്തി കിളിപ്പാട്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വീണ്ടും 36 കൊല്ലങ്ങൾക്കു ശേഷമാണ് ഇപ്പോൾ ഈ കാളിനാടകം ഇവിടെ നിന്നും പ്രസിദ്ധീരിക്കുന്നതു്. മേൽപ്പറയപ്പെട്ട അഞ്ചു കൃതികളി-ലേയും വിഷയം മാർക്കണ്ഡേയപുരാണം ഭദ്രോല്പത്തിപ്രകരണ-ത്തിൽ ഒന്നു മുതൽ ഒൻപതു വരെ അദ്ധ്യായങ്ങളിൽ വർണ്ണിക്കപ്പെടുന്നുണ്ട്.

കാശ്മീരരാജ്യാധിപതിയായിരുന്ന ചന്ദ്രസേനമഹാരാജാവ് കാട്ടിൽ വേട്ടയാടി നടക്കുന്ന അവസരത്തിൽ അദ്ദേഹത്തിന് ഭയങ്കരമായ ഒരു ഭൂതത്തിൽ നിന്ന് ആപത്ത് നേരിട്ടു. അതിൽ നിന്ന് അദ്ദേഹത്തിനു രക്ഷ കിട്ടിയതു് സുതീക്ഷ്ണമുനി-യുടെ ഇടപെടൽ കൊണ്ടാണ്. അതു കണ്ട് ചന്ദ്രസേനൻ, സുതീക്ഷ്ണനും ഭൂതവുമായിട്ട് ഉണ്ടായ സംഭാഷണത്തിന്റെ രഹസ്യം എന്താണെന്ന് ചോദിക്കുമ്പോൾ സുതീക്ഷ്ണൻ ഭദ്ര-കാളിയുടെ കഥ വിശദമായിട്ട് രാജാവിനു പറഞ്ഞു കൊടുക്കുന്ന-താണ് കഥാവസ്തു.

ഇതു് ഏതുകാലത്തു് ഉണ്ടായതാണെന്നോ ആരു രചിച്ചതാ-ണെന്നോ ഗ്രന്ഥത്തിൽ നിന്നും നിഷ്കൃഷ്ടമായി പറയാൻ സാധി-ക്കയില്ല. സാഹിത്യചരിത്രങ്ങളിൽ കാണാത്തതുകൊണ്ട് ആ വഴിയിലും ഒന്നും മനസ്സിലാക്കാൻ നിവൃത്തിയില്ല. എന്നാൽ,

സന്തുഷ്ടമോടു വന്നു ശരൺ പുകുന്തടിയാർക്കെല്ലാം
എന്തിഷ്ടമുള്ളിലെന്നാലേററവുമതിനെ നല്കും
കുന്തിഷ്ടപൂമരത്തിൻകുളിർമണംതെന്നൽ വീശും
ചെന്തിട്ട വാഴും ചന്ദ്രശേഖരി! ശരണമമ്മേ!

എന്നുള്ള കവിവാക്യത്തിൽ നിന്നും ചെന്തിട്ടഭഗവതിയെ ഇഷ്ടദേവതയായി ആരാധിക്കുന്ന ഒരു ഭക്തനാണ് ഈ കൃതി രചിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. കാളിനാടകം അസുരോദ്-ഭവം, മാതൃക്കളുടെ യുദ്ധം, ഭദ്രകാളിയുടെ അവതാരം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി വിഭജിച്ചാണ് വിരചിക്കപ്പെട്ടിരിക്കുന്നതു്. ഒന്നാം ഭാഗം കഴിഞ്ഞു് 'അയ്യപ്പൻ പണിക്കർ ശുഭം തെരുവിൽ ഭഗവതി സഹായം ഉണ്ടല്ലോ' എന്നും 'തെരുവിൽ പള്ളിയറ ഭഗവതിസഹായത്താൽ മുകിച്ചു. ശുഭം. കൃപയാൽ ഹരി.' എന്ന് രണ്ടാം ഭാഗത്തിലും, മൂന്നാം ഭാഗത്തിൽ 'ഗുരുവേ സഹായം ശുഭമസ്തു. വാഗീശ്വരി തെരുവിൽ ഭഗവതി കൃപയിനാൽ എഴുതി മുകിച്ചു. കരിപി – –ാവിൽ അയ്യനാർ നിർമ്മിതൻ താൻ. താൻ'

എന്നും കാണുന്നു. ഇതിൽ നിന്നും ഈ കൃതിയുടെ കർത്താവു് ഒരു അയ്യപ്പൻ പണിക്കർ ആണെന്നും വിചാരിക്കാം. അയ്യനാർ നിർമ്മിതൻ താൻ, എന്നും കാണുന്നുണ്ടല്ലോ.

ഇന്നിതു ചൊൽവാൻ മനസ്സിൽ നിനച്ചതു
കന്നുകൾ തളിർ കോകുന്നതിനൊക്കും
കോലമെഴും കുളിർമുഴമതി തൊടുവാൻ
ബാലകൾ കൈ നീട്ടുന്നതിനൊക്കും
എങ്കിലുമെന്നാലായ പ്രകാരം
ചെറുതുരചെയ്യാം" എന്നു പറഞ്ഞുകൊണ്ടാണു്

ഗ്രന്ഥം ആരംഭിക്കുന്നതു്. ഇതിൽ നിന്നു് വിഷയത്തിൻെറ ഗഹനതയും സർവ്വോപരി കവിയുടെ വിദ്യാവിനയവും പ്രകടമാകുന്നു.

മണം പെരുകും പുഷ്പങ്ങൾ കേൾക്കിലേററം
മഹിമയൊടുമില തഴയ്ക്കും മരങ്ങൾ കേട്ടാൽ
ഗുണത്തിനൊടു പാൽ പെരുകും പശുക്കൾ കേൾക്കിൽ
കുന്നാതെ പുകിൽ തഴയ്ക്കും മനുഷ്യർ കേൾക്കിൽ
ഗുണം പെരിയ പക്ഷികൾക്കോ തഴയ്ക്കും ക്രുകൽ
കേട്ടുകൊൾകിൽ മന്നവർക്കു വീര്യമൊണ്ടാം
ഒണ്ടാമേ സന്തതിസമ്പത്തും വാണാൾ
ഊക്കിനൊടു ധനധാന്യസമൃദ്ധിയുണ്ടാം
മിണ്ടാതെ ചെവികൊടുത്തു കേൾപ്പോർക്കെല്ലാം
മേൽമേലേ ഗുണങ്ങളോടു മോക്ഷമുണ്ടാം
ചെണ്ടാരം ഭൂമി മികവിളയും കേൾക്കിലേററം
ശ്രീയുണ്ടാം പഠിപ്പവർക്കും ചൊല്ലുന്നവർക്കും
കൊണ്ടാടീടുന്നവർക്കുമൊണ്ടാമേ ഗുണങ്ങളേററം
കുററമറും ഭഗവതിതൻ കടാക്ഷത്താൽ."

എന്നു കാണുന്ന ഫലശ്രുതിയിൽ നിന്നും ഈ കൃതിക്കുള്ള പൗരാണികമായ മഹനീയത പ്രകടമാകുന്നു.

ഇതിൽ പ്രയോഗിച്ചു കാണുന്ന പദങ്ങളും ശൈലികളും പരിശോധിച്ചു നോക്കുകയാണെങ്കിൽ ഈ കൃതിക്കു വളരെ പഴക്കം കാണുമെന്നു മനസ്സിലാക്കാം. രാമചരിതം, കണ്ണശ്ശരാമായണം, രാമകഥപ്പാട്ടു തുടങ്ങിയുള്ള കൃതികളിലെ ഭാഷയ്ക്കും ഈ ഗ്രന്ഥത്തിലെ ഭാഷയ്ക്കും തമ്മിൽ വളരെ സാമ്യം കാണുന്നുണ്ടു്. ഉദാഹരണത്തിനു് ചിലതു് താഴെ ചേർക്കുന്നു.

1 മൊയിതിരസാഗരത്തിൽ തിരമുറ വരുമ്പോലെ
എയ്യിയെൻ നാവിൽ മേവി രചനകൾ തരിക മാതേ!

2 പെരിശ, കരുമമിങ്ങേ, പുക്കേൻ, ഇനിയ, ശരൺ പുകുന്നു, കുന്തിഷ്ടപൂമരത്തിൽ, ഇനുതാം, ക്രൂരവനമഷ്ടാൻ, നയനകലന്നജ്ഞാനാന്ധതയും, അവിധായിട്ടു, യവ്വന്യം, പ്രാകി, പവൃഷി ഭയം കടുക്ക, ചിനത്തു, ദവൃഷ്ട്, ചരസമൊട്ടു്.

ഈ ഗ്രന്ഥത്തിന്റെ പ്രസാധനത്തിൽ റിസർച്ചു് ആഫീസ്സർ ശ്രീ. എം. മാധവൻ പിള്ളയും, അസി. റിസർച്ചു് ആഫീസ്സർ ശ്രീ. എൻ. ശ്രീധരൻ നായരും എന്നെ സഹായിച്ചിട്ടുണ്ടു്. ഈ സഹപ്രവർത്തകരോടു് ഞാൻ കൃതജ്ഞനാണു്.

തിരുവനന്തപുരം
14-6-1960

കെ. രാഘവൻ പിള്ള
ക്യൂറേറ്റർ

# കാളിനാടകം

അഥവാ

## ദാരികാസുരവധം

[ഹസ്തലിഖിതഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുള്ള 15909-ാം നമ്പർ ഗ്രന്ഥമാണു് ഈ പ്രസിദ്ധീകരണത്തിനു് ആലംബം. ഈ ഗ്രന്ഥം തിരുവനന്തപുരം കൃപാക്കരമഠത്തിൽനിന്നു കിട്ടിയതാണു്]

പനസം പയറെള്ളുണ്ട പാലൊടു പഴവുമപ്പം
കോളൊടു നകരുമാറു കൊമ്പൊടു തൊഴുതിരന്നേൻ
വാളൊടു തുടി കപാലം വടിവൊടു കരങ്കളെട്ടിൽ
കാളിനാടകം പടപ്പാൻ ഗണപതി തുണയ്ക്ക വന്ദേ.

ശങ്കരൻ തിങ്കം ചൂടും ചടയരനടവി തന്നിൽ
ഭംഗിചേർന്നൊളിവിളങ്ങും ഭഗവതിമലമാതോടും
തുംഗവാരണമായേററം സുഖമൊടു പുണർന്നു പെററ
മംഗലഗണേശപരൻതൻ മലരടി കൈതൊഴുന്നേൻ.

കൈതൊഴുതേനിതാ ഞാനും കവി പലതുരപ്പതിന്നു
മൈതഴയ്ക്കുന്നകണ്ണീ! മംഗലരൂപീ! വാണീ!
മൊയിതിര സാഗരത്തിൽ തിരമുറ വരുമ്പോലെ
എയ്തിയെൻ നാവിൽമേവി രചനകം തരിക മാതേ!

മാതിനു മേനി പാതി മഹി...... കൊടുത്ത ദേവൻ
ആദികേശവനും ബ്രഹ്മൻ അമരർ ദേവേന്ദ്രനോട

– – – – ദങ്ങൾ കിന്നരോരഗ ചാരണന്മാർ[1]
ഖേദമൊന്നണയാവണ്ണമെനിയ്ക്കൊന്നു തുണയ്ക്കവേണം.

തുണയ്ക്കയിന്നെനിക്കു നന്മ തുംബുരുനാരദന്മാർ
ഗുണത്തൊടും മുനിമുഖ്യന്മാർ ഗുണഗണനിലയനായ്യൻ
ഇണക്കമൊടറുമുഖൻ മററിന്ദ്രസൂയ്യന്ദമററം
പിണക്കമൊന്നണയാവണ്ണം പ്രീതിയോടരുൾതരേണം.

അരുൾതരികെന്നു ഞാനും അഴകിനോടാകാശേ വാഴും
പെരിശ നക്ഷത്രങ്ങൾക്കും പിമ്പു ഭൂലോകേ വാഴും
നരമൃഗപശുപക്ഷിക്കും നല്ല ഭൂദേവന്മാക്കും
കരുമമിങ്ങെനിയ്ക്കുണ്ടാവാൻ കരുതി ഞാൻ
കൈതൊഴുന്നേൻ.

കരുതിന കരുമമെല്ലാം കൈവരികെന്നു ഞാനെൻ
ഗുരുവിനെ ശരണം പുക്കേൻ കുമ്പിട്ടേൻ കവീശപരക്കും
തരികയിന്നെനിയ്ക്കു നന്മ സഭാതലമിവിടെയമ്പാൽ
മരുവിന മഹാലോകർക്കും വന്ദനം ചെയ്തിരുന്നേൻ.

ഏവമെല്ലാരെയും ഞാൻ ഇരന്നരുൾപെററുകൊണ്ടു
ഭാവന ചെയ്യേൻ വീരഭൈരവിതൻ വൃത്താന്തം
നാവിനാലുരൈത്തേൻ പാപനാശത്തെ വരുത്തുവാനായ്
ഏവരുമിതിനെ കേൾക്ക ഇനിയ സന്തുഷ്ടമോടേ.

സന്തുഷ്ടമോടു വന്നു ശരൺ പുകുന്തടിയാർക്കെല്ലാം
എന്തിഷ്ടമുള്ളിലെന്നാലേററവുമതിനെ നല്കും
കുന്തിഷ്ടപ്പൂമരത്തിൻ? കുളിർമണംതെന്നൽ വീശ്ശും
ചെന്തിഷ്ഠ വാഴും ചന്ദ്രശേഖരി ശരണമമ്മേ.

അമ്മേ! ഉമ്പർതമ്പുരാട്ടി അസുരവൈരി അ(ല?നൈ)ത്തു
ലോകം

---

1. ഖിന്നരോരുഹ ചാരണന്മാർ ഗ്ര പാ.

ചെമ്മേ പടത്തു കാത്തഴിയ്ക്കും ജഗന്നായകിയേ!പരാപരയേ!
മായയ്ക്കും വല്ലഭയാം ഇനതാം വേദമയേ...........
മേൽ മേൽ വരുവാൻ വരമരുൾകെന്നിഹ ഞാൻ
നിന്നെയടിപണിന്തേൻ.

പണിന്തവരെ രുരുള.........വാഴിയെ നോക്കം
ഭഗവതിതൻ വൃത്താന്തമെത്ര മുഖ്യം
മണം പെരുകും പുഷ്പങ്ങൾ കേൾക്കിലേററം
മഹിമയൊടുമില തഴയ്ക്കും മരങ്ങൾ കേട്ടാൽ

ഗുണത്തിനൊടു പാൽ പെരുകും പശുക്കൾ കേൾക്കിൽ
കുന്ദാതെ പുകിൽ തഴയ്ക്കും മനുഷ്യർ കേൾക്കിൽ
ഗുണംപെരിയ പക്ഷികൾക്കോ തഴയ്ക്കും ക്രുകൽ
കേട്ടുകൊൾകിൽ മന്നവൎക്കു വീര്യമൊണ്ടാം.

ഒണ്ടാമേ സന്തതിസമ്പത്തും വാണാൾ
ഉയക്കിനൊടു ധനധാന്യസമൃദ്ധിയുണ്ടാം
മിണ്ടാതെ ചെവി കൊടുത്തു കേൾപ്പോൎക്കെല്ലാം
മേൽമേലേ ഗുണങ്ങളോടു മോക്ഷമുണ്ടാം.

ചെണ്ടാരംഭൂമി മികവിളയും കേൾക്കിലേററം
ശ്രീയുണ്ടാം പഠിപ്പവൎക്കും ചൊല്ലുന്നവൎക്കും
കൊണ്ടാടീടുന്നവൎക്കുമൊണ്ടാമേ ഗുണങ്ങളേററം
കുററമറും ഭഗവതിതൻ കടാക്ഷത്താൽ.

എന്നിപ്രകാരമേ ധർമ്മാൎത്ഥകാമമോക്ഷാദി ഗുണങ്ങളെ കൊടുക്കും ശങ്കരി ഭൈരവി ചന്ദ്രശേഖരി മംഗലരൂപിണി ഇന്ദുകലാധരി ഈശ്വരി അന്തരി സുന്ദരി ശൂലിനി സൂൎയ്യസുരാസുരപൂജിത മൂലപ്രകൃതിയാകുന്ന ശ്രീഭദ്രകാളിയുടെ തോററവും നിലയും തോൾവീൎയ്യ

പരാക്രമങ്ങളും ആററലും അഴകും മാററലരെ പൊരുതടവേ മുടിച്ചു ക്രൂരരുവനുഷ്മാൻ*? കൊടുത്ത പ്രകാരവും ഊററവും ഭംഗിയും ഉള്ള പ്രകാരവും ഉരപ്പതിന്നാരേ വല്ലഭമുള്ളോർ ?

ഇന്നിതു ചൊല്വാൻ മനസ്സിൽ നിനച്ചതു
കന്നുകൾ തളർ കോകുന്നതിനൊക്കും(?)
കോലമെഴും കുളിർമുഴമതി തൊട്ടുവാൻ
ബാലകർ കൈ നീട്ടുന്നതിനൊക്കും
എങ്കിലുമെന്നാലായ പ്രകാരം
ചെറുതുരചെയ്യാം ദനുപതിപുത്രൻ
ദാരികനെന്നൊരു ദാനവനുളവായ്
വരബലമോടു മദിച്ചു നടന്നും
മനനെറിയെല്ലാമശേഷമഴിച്ചും
ദേവകളോടതിനാശം ചെയ്തും
അഷ്ടമഹാദിശി പാലകരോടെ
ദുഷ്ടത ചെയ്തു മദിച്ചു നടന്നും
അറിവു മറന്നും ഗരുവു പറഞ്ഞും
മറിവുകൾ കൊണ്ടൊരു മരുകൃതി ചെയ്തും
മുനിവരരാദികൾ കനിവൊടു ചെയ്യും
അനുദിനകർമ്മമഴിച്ചു കളഞ്ഞും
പണ്ഡിതമുനിവരർ കയ്യിലിരിക്കും
ഗുണ്ഡിക ദണ്ഡു പിടിച്ചുപറിച്ചും
ഹാലാഹലമൊടു നികരാമസുരൻ
കോലാഹലമൊടു മൂന്നുലകത്തും
കൊടുമുടി ചെയ്തു നടപ്പതു കണ്ടു
സഹിക്കരുതാഞ്ഞു മുനീശ്വരർ ദേവകൾ

* ക്രൂരരുവൻ—കാലൻ—ഉഷ്മാൻ—ഉന്മാൻ

മുമ്മൂൎത്തികൾമുതലെല്ലാരോടും
കൂടി നിരൂപിച്ചവനെക്കൊൽവാൻ
ഒട്ടൊഴിയാതെയുള്ള വിലസ്സോടു
ഒക്കെക്കൂടി സൃഷ്ടിച്ചങ്ങനെ

ഷണ്മാതുക്കളെ വിട്ടൊരു കാലം
പടയൊടു പോയൊരു ദാരികനോടു
കിടച്ചുളമസുരനടിച്ചു തകൎത്തും
പടകളെയെല്ലാം പൊടിപൊടിചെയ്തും

അമരകൾ കാണാംപടിയവരെപെരെയും
സമരമഹീതലമെങ്ങും നില്ലായ്കണ്ണും
താഡിച്ചവർപിമ്പോടിക്കൂടി
കാട്ടുകൾ തോറും കൊണ്ടെയൊതുക്കി

മഹാസുരനും നിജഭവനം പുക്ക
സിംഹാസനമതിലേറിയിരുന്നു
സംഹാരങ്ങളതീവ പറഞ്ഞും
വമ്പെഴമാറു ത്രിമൂൎത്തികളെ പല

ഗംഭീരാക്ഷേപ ... ... ... ... ... ...
ജയസ്തംഭങ്ങൾ ചെലുത്തിയ ഘോഷം
കൈലാസത്തും പൊങ്ങിയെഴുന്നും
അന്നു മ – – – – – – – – ദനോടു

അറിഞ്ഞുവരേണം വൃത്താന്തങ്ങളെ
എന്നഥ യാത്രയയച്ചതു കാലം
ചെന്നവനസുരപുരിയിലണഞ്ഞും
ചെയ്തികളെല്ലാമൊക്കറിവുററു

കൈതവമുള്ള മഹാസുരനരികെ
എഴുന്നേറ്റിരുന്ന ജവേന മഹാമുനി
വീണയെടുത്താൻനാനാരസമൊട്
വായിച്ചീടിയ മംഗലഗീതം

ശങ്കരനാമാമൃതസംകീർത്തനമൊട
നയനകലന്നജ്ഞാനന്ധതയും(?)
അവകയൊക്കെ അകററുമൊരാന-
ന്ദാമൃതഗീതം കേട്ടസുരേന്ദ്രൻ.

പിന്നെ തന്നെ സ്തുതിയാഞ്ഞൊരെല്ലാരു
വൈരം പിന്നെ പോന്നു മുഴുത്തും
വമ്പേറീടിന ഗാംഭീര്യോക്തി
ഇളക്കമൊടെ എടുത്തു പറഞ്ഞും

കറയണികണ്ഠനരനെയുമവനതി
ദുർവ്വചനങ്ങൾ പറഞ്ഞതു കേട്ട
സഹിയ്ക്കരുതാഞ്ഞഥ പോരുംനേരം
ആററാതിളമതിഖേദമിയന്നു

ചേററാലൊട്ടും വാരിയണിഞ്ഞും
അവിധായിട്ടു കരഞ്ഞുംകൊണ്ടും
വിവിധാലങ്കാരങ്ങളൊടരനും
കൈലാസത്തി(ലി)രിയ്ക്കുന്നേരം

ദണ്ഡനമസ്കാരത്തൊട് ശിവ! ശിവ!
ഇങ്ങൽ പിണഞ്ഞതു പറയമൊന്ന നാ-
ല്ലസുരൻ ചെയ്തോരു പരിഭവമെല്ലാ
മുണർത്തിയ നാരദർവാക്യം കേട്ട

മഹേശ്വരനുള്ളിൽ ക്രോധം കൊണ്ടു
മസ്തകനയനം കത്തിയ തീയിൽ

തത്ര പിറന്നൊരു ഭദ്ര ഭയങ്കരി
ദാരികവൃത്താന്തങ്ങളറിഞ്ഞു

ഭംഗി കലർന്നൊരു കൗതുഹലമൊടു
മംഗലമേറിയ ശങ്കരിയും പോയ്

മുറുകിയണഞ്ഞഥ ദാരികനുള്ളൊരു
ഗുരുവഴിയുംപടി പൊരുതുംപിടിച്ചും
തൃക്കൈവലന്തിന ഘോരത്രിശ്ശൂല
മുനക്കൈലേററിട്ടവനുടൽ ബാണാൽ(?)

കീറിവലിച്ചു പുളന്നുകളഞ്ഞു
നാന്ദകവാളാലവനുടെ തലകൊയ്തു
ഏന്തി ഇടക്കൈയ്യിലുയർത്തി പിടിച്ചും
ആതാളിയ്ക്കും പടയരവത്തൊടു
വേതാളത്തിൻ മീതെഴുന്നള്ളി
പുള്ളിപ്പുലിതൻ തോലുമുടുത്തു

വെള്ളിഗ്ഗിരിമേൽ മരുവിന ഭഗവാൻ
ആശ്ചര്യം വരുമാറസുരൻതല.
കാഴ്ചയിതാകവെ വച്ചു മഹേശ്വരി
ചിത്രതകോലും പൊൽത്തളിരടിയിൽ

തത്ര പണിന്തൊരു കഥയുരചെയ്യാം.
ഗണപതിക്കും സരസ്വതിക്കും ഭ്രമകൾക്കും
ഗംഗക്കും ഭൂമിക്കും പാർവ്വതിക്കും

ഗണമൊട്ട പേപ്പട ചൂഴ്ന്നട കുന്നിക്കും
കാളിക്കും നീലിക്കും ശചിദേവിക്കും
ഗുണമിയലും അരു(ന്ധോദിയെ? ന്ധതി)ആദിയായ
കുററമററ സപ്തമുനിപത്നികൾക്കും

അണിമുലമാരാവപേരമ്മമാർക്കും
ആദിശക്തിമാതിന്നും ഞാനടിതൊഴുന്നേൻ

അടിയിൽ നിന്നു ദാരികനെ ഭദ്രകാളി
അടർ ജയിച്ച പടി അടിയനറിയിയ്ക്കുന്നേൻ

കുടിലതകൾ കളഞ്ഞടിയൻ ചൊന്ന വാക്കിൽ
കുററമൊണ്ടെന്നാകിലതു പൊറുക്കയെല്ലാരും

അടിമുടികളറിയാതൊരു ബാലൻ ഞാൻ
അറിവുള്ളോർ തമ്മെപ്പോൽ ഭാവിച്ചിട്ടും

കൊടിയ പെരുംപാപഹരമിവയെന്നുള്ളിൽ
കൊണ്ടു പണ്ടേയൊള്ള കഥ പറയുന്നേൻ.

എന്നിപ്രകാരമേ കൃതത്രേതാദ്വാപരകലിയുഗമെന്നിച്ചതുര്യുഗങ്ങളിലും ഓരോരോ യുഗാന്തരങ്ങളിൽ കഷ്ടദുഷ്ടകളുള്ള ചണ്ഡാളന്മാരാലും അസുരരാജാക്കളുടെ ശാസന മുഴുത്തും ധർമ്മം കുലഞ്ഞും പാപം പെരുത്തും ഗൃഹസ്ഥാശ്രമരായി അഗ്നിഹോത്രികൾ ദേവ ബ്രാഹ്മണർക്ക ഹോമകർമ്മാനുഷ്ഠാനം സന്ധ്യകഴിപ്പാനും വശമല്ലാതൊഴിഞ്ഞു തപോബലം കെട്ടു. ധർമ്മം നശിച്ചും ദേവദുഃഖം പെരുതായ കാലത്തു് അഞ്ജനവർണ്ണൻ ആനന്ദരൂപൻ ആദിപരൻപുരുഷൻ നാരായണസ്വാമിയുടെ ശക്തിഭാവങ്ങളെക്കൊണ്ടു രക്ഷിച്ച രക്ഷകത്താവായി കിളരൊളിവരണമേൽ ക്ഷീരസമുദ്രത്തിൽ ഫണമണിയൊളി

വിളക്കത്തു പാമ്പണമെത്തമേൽ പള്ളിക്കുറുപ്പുകൊണ്ടരുളിനാൻ നരകമർദ്ദനൻ നാരായണസ്വാമി താനേ.

അക്കാലത്തു ഒരവസരത്തുങ്കൽ കൃതയുഗവും പോയി ത്രേതായുഗം പുറക്കുമദ്ധ്യേശിയിങ്കൽ ദേവാസുരയുദ്ധമൊണ്ടായ കാലത്തു അസുരപ്പെരുമ്പടയും അസുരരാജാക്കന്മാരും പട്ടുമുടിഞ്ഞു പടയിൽ ശേഷിച്ചു ഭഗവാൻ പരൻപുരുഷൻ നാരായണസ്വാമിയുടെ തൃച്ചക്രത്തിൽ ചാകാതെജീവൻപിഴച്ചിട്ട് ഓരോപറുവതശിഖരങ്ങളിലും പക്ഷി(?) പാതാളങ്ങളിലും വനാന്തരത്തുങ്കലും ഗൃഹാന്തരങ്ങളിലും കുന്നിലും ഗുഹകളിലും ഓടി ഒളിച്ചുപോയിനാർ അനേകന്തുറായിരം അസുരവീരന്മാരും അസുരസ്ത്രീകളും. അക്കാലത്ത് അനേകവരിഷം പാതാളത്തിൽ വസിച്ചിയങ്ങപ്പെട്ടവരും രാക്ഷസാസുരവീരന്മാരും അസുരസ്ത്രീകളും ഒരു നാൾ വിലദ്വാരത്തുങ്കൽ കൂടെ ഭൂമിയെ പ്രാപിച്ചു പെരുമാറുന്ന കാലത്തു മുമ്പിൽ തങ്ങൾ വാണിരുന്ന രാജധാനിയും രാജ്യവും കെട്ടുമുടിഞ്ഞു നഷ്ടരാജ്യമായിക്കിടക്കുന്നതു കണ്ടു പെരുകിന ദുഃഖമൊടയോരായിച്ചൊല്ലിനാരസുരവീരന്മാരും “നാം പണ്ടു വാണിരുന്ന രാജധാനിയും രാജ്യവും നമ്മുടെ കുലവും നഷ്ടരാജ്യമായിപ്പോമാറ് അറവേ നശിപ്പിച്ചാൻ വിഷ്ണുഭഗവാൻ” എന്നു ചൊല്ലി പിന്നെയും വിഷ്ണുഭഗവാന്റെ തൃച്ചക്രസുദർശനത്തിൻഭീത്യാ കിട്ടകിട്ടത്തും പാത്തും പാത്തും പേത്തും പാതാളം പുക്കു നിരുവിയ്യുത്തുടങ്ങിനാർ അസുരവീരന്മാരും. അതിലൊരു അസുരന്നു പുത്രികൾ നാലൊണ്ടായി. കന്യകാരത്നമായി വസിച്ചിയങ്ങിപ്പോരുന്നിതു ബാണക—മഹിഷക—ധനപതി—ധാന്യോപതി എന്നിന്നാമങ്ങളുടയ കന്യകാരത്നങ്ങളെ പാത്തു ചൊല്ലിനാൻ അസുരരാജൻ.

“ഇതാ കാണാം പുത്രികളെ! നിങ്ങൾക്കു ബാലപ്രായംപോയി യവ്വനം സംപ്രാ(യതീപ്ത)മായിതു. ഇനി നിങ്ങളെ വിവാഹം

ചെയ്യാൻ നമ്മുടെ അസുരകുലത്തിങ്കൽ ആരുമൊരു പുരുഷന്മാരില്ല. പണ്ടു ദേവാസുരയുദ്ധങ്ങളിൽ വിഷ്ണുഭഗവാൻ ദേവകൾക്ക വേണ്ടി നിന്നു നമ്മുടെ അസുരകുലമാകവെ നശിപ്പിച്ചാൻ. നമ്മുടെ രാജ്യവും അരയുഗമായി കെട്ടുമുടിഞ്ഞിതു. അനേകം നാളൊണ്ടു നാം ഇപ്പാതാളത്തിൽ വസിക്കുന്നിതു. ഇനി നാമും നമ്മുടെ രാജ്യത്തെ പ്രാപിച്ചു പണ്ടേപ്പോൽ വാഴ്‌വാൻ നിങ്ങളും പോയി തപോവനത്തെ പ്രാപിച്ചു ബ്രഹ്മൻതിരുവടിയെ ചാർത്തി തപസ്സുചെയ്ക്കി പുത്രരുണ്ടാവാൻവരം വേണ്ടിയാൽ പുത്രരുണ്ടാം. എന്നാൽ പണ്ടേപ്പോൽ വാണിരിയ്ക്കാം. എത്ര സമ്പത്തൊണ്ടായാലും പുത്രസമ്പത്തിനു സമമില്ല പുത്രികളെ! എന്നു തങ്ങളുടെ താതൻചൊൽ കേട്ടു പാദം വണങ്ങി ബാണുകയും മഹിഷകയും ദനുപതിയും ദാന്യോപതിയും പാതാളത്തുങ്കൽനിന്നു മദ്ധ്യലോകത്തെ പ്രാപിച്ചു മഹാമേരുവിന്നും മന്ദരഗിരിക്കുംമദ്ധ്യേ ഒരു തപോവനത്തെ പ്രാപിച്ചു തപസ്സു ചെയ്ക്കത്തുടങ്ങിനാർ അസുരകന്യാക്കൾ നാലുപേരും താനേ.

അതുതാനും എവ്വണ്ണമെന്നാൽ— ഉഷഃകാലേ എഴുനിന്നു മലമൂത്രാദിശങ്ക പരിഹാരം ചെയ്തു ദന്തശോധന ചെയ്തുനീരാടി പഞ്ചേന്ദ്രിയംകൊണ്ടു പരിശുദ്ധി ചെയ്തു അന്നഭോജനമധുമാംസാദികൾ വർജ്ജിച്ചു കായും കനിയും ഭുജിച്ചു വായും മനവും അടക്കി കാമക്രോധാദി കൈവിട്ടു വിമലമനസ്സായി കമലയോനിപാദാരവിന്ദം ചേതോരവിന്ദത്തിലാക്കി ധ്യാനം ചെയ്കി മൂലാധാരാദി മേലാധാരം പരിശുദ്ധി ചെയ്കി വിടതാനന്നംഭുജിച്ചു (?) ചിത്തപ്പുരിനിലത്തു ഭക്തിത്തടം ചുഴററി ഊനം വാരാതോരാനന്ദം പുക്കു തപോവല്ലി നട്ടു ക്ഷമദോകളത്തിൽ കൃപനീർ ചൊരിഞ്ഞു എന്നിങ്ങനെ ലോലലോലലിത്തിയം(?) കൊണ്ടു പാലിച്ചു.

ഈവണ്ണം അസുരകന്യാക്കൾ നാലുപേരും തപംചെയ്യുന്ന കാലത്തു വേദിയൻ വേദാന്തൻ സ്വയംപ്രഭ ലോകപിതാമഹൻ പ്രത്യക്ഷമായി അരുളിച്ചെയ്യുകാലത്തു, ഇതാ കാണാം അസുര കന്യാക്കളെ! എന്തുകുറിച്ചു നിങ്ങളെന്നെ തപസ്സു ചെയ്യുന്നതു? നിങ്ങളുടെ തപസ്സിന് ഏതുമൊരു ഊനമില്ല. പുത്രാൎത്ഥമോ പുരുഷാൎത്ഥമോ മോക്ഷാൎത്ഥമോ വേണ്ടുന്നൊരഭിപ്രായത്തെ ചൊല്ലി ക്കൊൾവിനെന്നു ബ്രഹ്മൻതിരുവടി അരുളിച്ചെയ്യു കാലത്തു് അഷ്ടാംഗം, പഞ്ചാംഗം ദണ്ഡത്രയം നീണ്ടുവീണു നമസ്കരിച്ചു എഴുനിന്നു ഭക്തിപ്രേമപരവശരായ് അഭിവാദ്യം ചെയ്തു പിതാമഹനാകുന്ന പരമേഷ്ഠി തിരുമുമ്പിൽ നിന്നു ഉണൎത്തിനാർ അസുരകന്യാക്കളും.

ഇതാ കാണാം സ്വാമി! അടിയങ്ങൾക്കു പുത്രപ്രസാദം അഭി പ്രായമെന്നു. എത്ര സമ്പത്തേക്കാൾ പുത്രസമ്പത്തു മുഖ്യമെന്നു അസുര കന്യാക്കൾ ചൊല്ലുകേട്ടു അരുളിച്ചെയ്തു ബ്രഹ്മൻതിരുവടിയും. ഓരോ പുത്രന്മാൎക്കോ ഈരണ്ടിലോ അപേക്ഷയെന്നു ബ്രഹ്മൻതിരുവടിയും അരുളിച്ചെയ്യുതു കേട്ട്അപ്പോൾ തൊഴുതുണൎത്തിനാൾ ബാണകയും. അടിയനു ആയിരം പുത്രന്മാർ വേണം. അതു കേട്ടു അരുളിച്ചെയ്തു ബ്രഹ്മൻ തിരുവടിയും—'നിനക്കു ആയിരം പുത്രന്മാരെ തന്നാൽ മററവൎക്കും അവ്വണ്ണം കൊടുക്കണമെന്നു'. ആയിരത്തു പുത്രന്മാരെ സൃഷ്ടിച്ചാൽ നാലായിരം അസുരരാജാക്കന്മാർ ഉണ്ടാകും. എന്നാൽ ഭൂമിക്കു പൊറുപ്പാൻ ദണ്ഡം. വിശ്വം നിരമ്മിച്ചേൻ ഞാൻ വിശ്വം മുടിച്ചെന്നൊണ്ടാം. എന്നാൽ നിങ്ങൾ നമ്മെ അപേക്ഷിച്ചതു പഴുതാകയുമരുതു. ബാണകയ്ക്കു ആയിരം പുത്രന്മാൎക്കു സമമായി സഹസ്രബാഹുവാകുന്ന ബാണനെന്നിതൊരു പുത്രനുണ്ടാക. മഹിഷ കയ്ക്കു മഹിഷനെന്നിതൊരു പുത്രനുണ്ടാക. ദനുപതിക്കു ആയിരം

ഇളമദയാനയെപ്പോള്ള മഹാബലമുള്ള ദാരികനെന്നിതൊരു പുത്രനു ണ്ടാക. ദാന്ന്യോപതിയ്ക്കു സഹസ്രബലമുള്ള ദാനവനെന്നിതൊരു പുത്രനുണ്ടാക. അതിനായ് നിങ്ങളും പോയി നല്ലൊരു കാട്ടു പൂക്ക മാണിഭദ്രനെക്കണ്ടു മാലയിട്ടു ഭൎത്താവാക്കി അവനോട്ടക്രൂടി സുഖിച്ചി രിയ്ക്കു. എന്നാൽ പുത്രരാലുള്ള ആനന്ദഭോഗമുണ്ടാമെന്നു പായസ പിണ്ഡവും അരുളിച്ചെയ്തു മറഞ്ഞരുളി ബ്രഹ്മൻതിരുവടിയും.

അക്കാലത്തു അസുരകന്യാക്കളും ബ്രഹ്മനാലെ കൊടുക്ക പ്പെട്ടു പാച്ചോറുപിണ്ഡത്തെ ഉപജീവിച്ചു തലയ്ക്കുമേലേ പാത്രം കളഞ്ഞു തങ്ങൾ ചെയ്തു തപസ്സുപേക്ഷിച്ചു നാൽപ്പേരും കാട്ടു പൂക്ക മാണിഭദ്രനെക്കണ്ടു മാലയിട്ടു അവനോട്ടക്രൂടെ ഇൻപനിദ്രയും സുഖ നിദ്രയും കൊണ്ടനുഭവിച്ചു സുതനെ കരുതി മദനക്രീഡാദി വിനോ ദങ്ങളാലെ സുഖിച്ചും കളിച്ചും ഇരിക്കുന്ന കാലത്തു് അസുരസ്ത്രീ കളും ഋതുമപ്പെട്ടു് നാലാംനീരു കുളിച്ചു് അഞ്ചിനു നീരാടി മഞ്ഞണ തട്ടി മനോഹരികളായി, മൃഗമദകസ്തൂരികുങ്കുമപങ്കം കൊങ്കയി ലിഴകി കേതകി മകിഴം തുമുല്ല പിച്ചകം നല്ല ചെറുചെമ്പകം മാല പൂണ്ടവർ കുഴൽക്കററതന്നിൽ കാരകിൽ ധൂമമൂട്ടി പൂമണമെത്ത മേലേ ധവളതാംബൂലം തൈലം ക്രമുകം കർപ്പൂരചൂൎണ്ണം എന്നി ത്യാദി ക്രീഡാദ്രവ്യങ്ങളോട്ടം ക്രൂടെ—

മന്മഥമധുപാനത്താൽ മഴകിയേ മോഹിച്ചേററം
തന്മതിയഴിഞ്ഞു തത്ര സംഗമററളവു ഗർഭം
കർമ്മിതമോട്ടു ബ്രഹ്മൻ കല്പനയാലുണ്ടായി
നന്മുഖമസുരസ്ത്രീകൾ നാൽപേൎക്കും വിളറീതന്നേ.

വിളറിയും മെയ് മെലിഞ്ഞു വ്യാകിയും വ്യാക്കുൺ തിന്നും
കളികളെ മറന്നുമൊട്ടേ കണവനെ വെറുത്തിതെന്നും

അളവിനി മാസം പത്തായ് അന്നു സൂതിഗൃഹത്തുങ്കൽ
ഇളമദയാനക്കന്നിതെന്നപോൽ പെററാരെന്നേ.

പെററിതന്നു ബാണകയും ബാണൻ തന്നെ
പെറന്നിതന്നു മഹിഷകയും മഹിഷനെന്നോൻ
ഉററ ദംപതിയും ദാരുകനെപ്പെററാം
ഉടന്നു ദാന്ന്യോപതിയും ദാനവനെപ്പെററാം.

പെററനേരം ദുശ്ശകുനങ്ങളുണ്ടായ് വാനോർ
പേടിച്ചാർ സൂര്യനമന്നു പരിവേഷ്ടിച്ചു
ചുററിവന്ന കൊട്ടംകാററു പൊടി ധൂളിച്ചു
ആദിമുനിമാൎക്കു ഹൃദയമൊന്നു ചലിച്ചിതന്നേ.

ദിഗ്ഗജങ്ങൾ എട്ടുദിക്കും തട്ടുമാറും
ഭൂകമ്പമുണ്ടായ് പിന്നെ മെലിച്ചിലോട്ട
ധർമ്മമൊന്നു വൃത്തികെട്ടു വിടമന്തായ്
അധർമ്മനൊരു വിളി വിളിച്ചു കുലച്ചിലോട്ട്.

ദുന്നിമിത്തം വരുന്നതെന്തു കൊടിയസുരൻ
നമ്മെയിന്നു കുടികെട്ടപ്പാൻ നിലത്തിൽ
വന്നുണ്ടായികൊണ്ടോ നമക്കിന്നാളിൽ
നിമിത്തങ്ങൾ പിഴപ്പാനെന്നമരർ ചൊന്നാർ.

എന്നിങ്ങനെ ദുശ്ശകുനം കണ്ടു ദേവകളും ഭയപ്പെട്ടു് തങ്ങളുടെ ഒററാക്കളായ സിദ്ധചാരണന്മാരെ കേൾപ്പിച്ചാൻ ദേവകളും— 'നിങ്ങളും പോയി ഭൂലോകമെങ്ങും സഞ്ചരിച്ചു് അന്വേഷിച്ചു് വൃത്താന്തം അറിഞ്ഞു വരിക' എന്നു്. ദേവകൾ നിയോഗത്താൽ

ഒററാക്കളെങ്ങും പെരുമാറി ചെല്ലാകുന്ന കാലത്തു കണ്ടാരല്ലാ ഒരു വനാന്തരത്തിൽ നാല്വ ഇളമദയാനക്കന്നു വിളയാട്ടംപോലെയും നാലു സിംഹക്കിടാങ്ങൾ നിന്നു വിളയാട്ടംപോലെയും വിളയാടുന്ന അസുരകുമാരന്മാരെക്കണ്ടു് ആശ്ചരിയപ്പെട്ടു് നൽച്ചതുരഭ്രമിയിൽ നിന്നു സ്വർഗ്ഗലോകത്തെ പ്രാപിച്ച ദേവകളോടു വൃത്താന്തം അറിയിയ്ക്കത്തുടങ്ങിനാർ ഒററാക്കളും. 'ഞങ്ങൾ ഭൂലോകമെങ്ങും സഞ്ചരിച്ചന്വേഷിച്ച ചെല്ലാകുന്ന കാലത്തു ഒരു വനത്തിനകത്തു ബാണക, മഹിഷക, ദനു പതി, ദാന്ന്യോപതി എന്നിന്നാമങ്ങളുടയ അസുരസ്ത്രീകൾ അന്നു് പെററു് അന്നുതന്നെ നാലിളമദയാനക്കന്നു നിന്നു വിളയാട്ടംപോലെയും നാല്വ സിംഹക്കിടാങ്ങൾ നിന്നു വിളയാട്ടംപോലെയും നിന്നു വിളയാടുന്ന അസുരകുമാരന്മാരെക്കണ്ടോം'. എന്നു. സിദ്ധചാരണന്മാർ ചൊല്ലക്കേട്ടു് അരുളിച്ചെയ്തു ദേവകളും.

ആര(ണ്ണ?ന്ന്യ)ത്തിങ്കലൊണ്ടോ അന്നു പെററന്നു തന്നെ
വാരണക്കന്നുപോലെ വളരുമോ അസുരബാലർ
കാരണമെന്തിതിന്നു കൗതുകമെന്നാർ വാനോർ
ചാരണരതുകേട്ടന്നു താന്നതിന്മൂലം ചൊന്നാർ

ചൊല്ലെഴും വിരിഞ്ചൻ പണ്ടു ശുദ്ധമാം തടാകതീരേ
നല്ലപ്രാണികളെയേററം നലമൊടു പടെത്തകാലം
ചൊല്ലിനാരവരെങ്ങൾക്കു ചൊല്ലു ഭോജനമെന്തെന്നു
എല്ലയിലയ ം നിങ്ങൾ രാക്ഷസരാകയെന്നാർ.

രാക്ഷസരായതിപ്പോ ഇതക്കൊരു ഹേതിക്കന്നെ(?)
നരക്കർ പോമളവിലുണ്ടായ് നന്ദനൻ വിദ്യുത്കേശൻ
ഉരക്കെഴും വിദ്യുത്കേശൻ ഉററന ഭാര്യയോടും
മാർഗ്ഗമേ പോകുന്നേരം മന്ദരഗിരിയിൽ പെററാൾ.

പെററവളിട്ടുംവച്ചു ഭർത്താവിൻ പിറകേ പോയാൾ
കുററമില്ലാതെ പൈതൽ കൊട്ടമയൊടഴുതാനന്നു
കുററവാർജടയോനന്നു കനിഞ്ഞുമയാളോടിമ്പം
പററിയേ പോകുന്നേരം പൈതലെ പാരിൽക്കണ്ടാർ

കണ്ടളവഴുതു പൈതൽ കാകാള കരഞ്ഞു പാരിൽ
ദണ്ഡമായ്ത്തന്നെപ്പെററ തള്ളയെ പിരിഞ്ഞു താനേ
ഒണ്ടൊരു ബാലനെന്നു തിരുമനമുരുകി ചന്നു
ചെണ്ടെഴും പൈതൽ തന്നെ തൃക്കയ്യാലെടുത്തണെഞ്ഞു.

എടുത്തണത്തായണ്മാനിയീ ഇരിയ്ക്ക നീ പാരിലെന്നു
കൊടുത്തിതു പരമനീശൻ കൂടവേ സുഖേശനെന്നും(?)
നടക്ക നിൻ നാമമെന്നു നല്ലൊരു ഭവനം നല്കി
ഇടത്തുഭാഗത്തു വാഴും ഈശ്വരി ഇരക്കമുററാൾ.

ഉററവൾ തിരുമുലപ്പാലൊഴുകിട അരുളിച്ചെയ്താർ
പെററരാക്ഷസിതൻ നെഞ്ചു പെരും കരുങ്കല്ലെന്നോർത്തു
മററു രാക്ഷസിമാരിന്നി മകനെ പെററീടുമന്നാൾ
ഈററനാൾ തുടങ്ങിയന്നേ യവ്വനം വരികയെന്നാർ.

എന്നിപ്രകാരമേ ശ്രീപരമേശ്വരനും ശ്രീപരമേശ്വരിയും കൂടെ കൊടുത്ത വരപ്രസാദത്തിനാൽ രാക്ഷസർക്കു പിറന്നനാൾ തുടങ്ങിത്തന്നെ പതിനാറു വയസ്സു പുക്കപോലെ യൗവ്വനമുണ്ടായിരിക്കുമെന്നു സിദ്ധചാരണന്മാർ ചൊല്ലക്കേട്ടു ദേവകളും അല്ലൽപെട്ടു ഹൃദയരായി ഖേദിച്ചിരിക്കുന്ന കാലത്തു ദനുപതിസുതൻ ദാരികനും പ്രായസമർത്ഥനായി അടവികളിൽ പുക്കു വിളയാടിത്തുടങ്ങിനാൻ. ഓരോരോ ഋഷ്യാശ്രമങ്ങളിൽ പുക്കു കളിക്കുന്ന ഋഷികുമാരന്മാരോടു

കൂടി കളിച്ചും ഓടി ഒളിച്ചും തേടിപ്പിടിച്ചും പൈതങ്ങളെ തള്ളി
പാഴ്കിണററിലിട്ടു കല്ലിഴച്ചിട്ടും കൊട്ടിയും അടിച്ചും കൊക്കര
കൂവിയും അക്കരക്കാളി മുട്ടി തല കീറിയും ശാസ്ത്രം പഠിയ്ക്കുന്ന
അഗ്നിഹോത്രികളുടെ ഹോമകുണ്ഡത്തിൽ കൊണ്ടു മൂത്രം വീഴ്ത്തിയും
മണ്ടിച്ചെന്നു ഋഷികളുടെ ദണ്ഡുകോലെടുത്തു പള്ളാപ്പിലെറിഞ്ഞു
കളഞ്ഞും വൃദ്ധബ്രാഹ്മണർ തീർത്ഥക്കരെ പുക്കു നീരാട്ടുപള്ളി പൊലിഞ്ഞു
മെല്ലനെ കരയേറുമ്പോൾ വെള്ളമിറച്ചു വീഴ്ത്തിയും കള്ളക്ക
ശ്മലനിവൻ എവിടെ ഒള്ളു എന്ന് ബ്രാഹ്മണരും ഋഷികളും പ്രാകി
മുടിയ്ക്കും പ്രാക്കേററും വൈകുമ്പോൾ വൈശ്രവണനു കൊണ്ടു
പോകും പാലും പഴവും ദാരികകുമാരൻ പിടിച്ചു പറിച്ചു ഭക്ഷിച്ചു
കളഞ്ഞു. പിന്നെപ്പോയി അസുരകുമാരന്മാരുമായി ഗുഹാന്തരങ്ങ
ളിൽ പുക്കു എലിക്കുഞ്ഞു പോലെ രോമം വരാത്ത പുലിക്കുഞ്ഞി
നെയും സിംഹക്കിടാങ്ങളെയും മുദാ ചെന്നെടുത്തും യഥേഷ്ടം
കളിച്ചും എന്നിങ്ങനെ ചാലേ ചെറിയ ബാലക്രീഡയിലും ദേവ
കളെയും ഋഷികളെയും ഇലക്കം വിളിപ്പിച്ചും ചെല്ലാനിന്ന
കാലത്തു അസുരകുമാരൻ ദാരികനെ കണ്ടു അസുരജാതികളും ദനു
പതിയാകുന്ന മാതാവും സന്തോഷിച്ചിരിക്കുന്ന കാലത്തു ഒരു നാൾ
ദനുപതിയും ദാരികനെ പാർത്തു ചൊല്ലിനാൾ. ഇതാ കാണായ്
മകനേ ഉരം കിടന്ന നിന്നെ വരം കിടന്നു പെറേറൻ. നീയും
പോയ് ബ്രഹ്മൻ തിരുവടിയെ ച്ചാർത്തി തപസ്സു ചെയ്തു വരപ്രസാദം
വരുത്തിക്കൊണ്ടാൽ നമുക്കു പണ്ടുപണ്ടേയുള്ള രാജധാനിയും
രാജ്യവും വാണു സുഖിച്ചിരിക്കാമെന്നു. മാതൃനിയോഗത്താൽ ദാരിക
നും പോയി മഹാമേരുപാർശ്വത്തിങ്കൽ ഒരു തപോവനത്തെ
പ്രാപിച്ചു ഒരു വടവൃക്ഷത്തിൻകീഴിരുന്നു തപസ്സു ചെയ്യത്തു
ടങ്ങിനാൻ. ദാരികനും അനേകം കാലം ബ്രഹ്മാവിനെ തപസ്സു
ചെയ്തിരുന്നു ആലിന്റെ വിഴുവിറങ്ങി ദാരികന്റെ ദേഹമെല്ലാം
മൂടിപ്പോയി. അതിനാലും പ്രത്യക്ഷമായില്ല ബ്രഹ്മൻതിരുവടിയും
പിന്നെ എഴുന്നിന്നു തന്നുടെ കേശം ചുകന്നു വടവൃക്ഷത്തിൻ ശാഖ

യിൽ കെട്ടി അനേകം കാലം തൂങ്ങിനിന്നു തപസ്സുചെയ്താൻ ദാരികൻ. അതിനാലും പ്രത്യക്ഷമായതില്ല ബ്രഹ്മൻതിരുവടിയും. പിന്നെ പാദം മേലാമ്മാറു് വെന്തിച്ചു തല കീഴാമ്മാറു് തൂങ്ങിനിന്നു അനേകവരിഷം തപസ്സു ചെയ്താൻ ദാരികൻ. അതിനാലും പ്രത്യക്ഷമായതില്ല ബ്രഹ്മൻതിരുവടിയും. പിന്നെ നിരൂപിച്ചാൻ ദാരികനും. ഇത്ര ദണ്ഡിച്ചു തപസ്സു ചെയ്തിട്ടും മാം പ്രതി ഒരു ആസ്തിക്യമുണ്ടായില്ലല്ലോ ബ്രഹ്മൻതിരുവടിക്കും. ഇനി ഞാൻ ഒന്നുകിൽ ബ്രഹ്മൻതിരുവടിയെ പ്രത്യക്ഷമാക്കുന്നൊണ്ടു. അതും അല്ലായ്കിൽ അഗ്നിയിങ്കൽ എന്റെ ദേഹത്തെ ദഹിപ്പിച്ചു മോക്ഷത്തെ പ്രാപിക്കുന്നൊണ്ടു്. എന്നു് അധ്യവസിച്ചു നാലു ഭാഗത്തും അഗ്നി ജ്വലിപ്പിച്ചു പഞ്ചാഗ്നിമദ്ധ്യേ ഇരുന്നു ഒരു മയിർവാൾകത്തികൊണ്ടു ദേഹമെല്ലാം അരുത്തരുത്തു അഗ്നിയിങ്കലിട്ടു ഹോമിക്കത്തുടങ്ങിനാൻ ദാരികൻ.

അതുതാനും എപ്രകാരമെന്നാൽ ത്വക്കു് (ത്രംശ?രക്തം) മാംസം മേദ അസ്ഥി മജ്ജ ശുക്ലം എന്നു ചൊല്ലപ്പെട്ട സപ്തധാതുക്കളെ ഹോമദ്രവ്യമാക്കി ഹോമിയ്ക്കുന്ന ദാരികന്റെ ശരീരം അഗ്നിയിങ്കൽ ദഹിച്ചുദഹിച്ചൊട്ടുങ്ങുന്നു. അക്കാലത്തു കണ്ടോരല്ലോ അംബരവാസികളായിനടക്കുന്ന യക്ഷകിന്നരകിമ്പുരുഷാദികൾ. എടോ ആശ്ചരിതം! ഒരു അസുരന്റെ ധീരതയും ശൗര്യവും വൈരാഗ്യവും എന്നു നിരൂപിച്ചു് ഇവങ്കൽ ബ്രഹ്മാവിന്നു കൃപ ഇല്ലായ്വാൻ കാരണമെന്തെന്നു അറിയണമെന്നു ബ്രഹ്മലോകത്തെ പ്രാപിച്ചു ബ്രഹ്മാവിൻ തിരുമുമ്പിൽ നിന്നു ഉണർത്തിനാർ കിന്നരകിംപുരുഷാദികൾ. ഇതാ കാണാം സ്വാമി നിന്തിരുവടിയെ പ്രാപിച്ചു തപസ്സു ചെയ്യുന്നോരസുരൻതന്റെ ദേഹപരിത്യാഗംചെയ്തു അരുത്തരുത്തു അഗ്നിയിങ്കൽ ഇട്ടു ഹോമിക്കുന്നോൻ. ദേഹമൊട്ടുങ്ങി പ്രാണൻ വിടുവാൻ അദ്ധ്യവസിച്ചാൻ. അതു തിരുവുള്ളത്തിലുണരാതിരിപ്പാൻ കാരണമെന്തെന്നു കിമ്പുരുഷാദികൾ തൊഴുതുണർത്തകേട്ടു ബ്രഹ്മൻതിരു

വടിയും സംഭ്രമിച്ച എഴന്നിന്നു തന്നുടെ ബ്രഹ്മദണ്ഡും കുണ്ഡികയും ജപവടവും ഉടയനായി അന്നവാഹനമേറി അമരർ പടചൂഴ വന്നു ദാരികൻെറ മുന്നൽ പ്രത്യക്ഷമായി നിന്നിതു. ദാരികനും കണ്ടു എഴന്നിന്നു എതിരേററു അഷ്ടാംഗം, പഞ്ചാംഗം ദണ്ഡത്രയം നീണ്ടുവീണു നമസ്കാരം ചെയ്തു യഥോപചാരം ചെയ്തു നിന്ന കാലത്തു അവനെക്കണ്ടു പ്രീതിമുഴുത്തു ഒന്നരുളിച്ചെയ്തു ബ്രഹ്മൻ തിരുവടിയും.

അപ്പപ്പോ! നീ ചെയ്ത തപസ്സു് ആശ്ചരിയം
ഇപ്പിച്ചംതെന്നോടു ചൊൽക വച്ചേക്കന്നില്ല
ഇനി വരം തരുവൻ ദാനവനെ
വിചിത്രമാകയിനി വേണ്ടുന്നതുരചെയ്കെന്നു.

വേണ്ടുന്നതുരചെയ്കെന്നു(ന്നോ)വിരിഞ്ചനെ തൊഴുതുനിന്നു
നീണ്ടൊരു കല്പകാലം ദീർഘായുസ്സോടിരിപ്പാൻ
വേണ്ടുവാൻ നിനച്ചവന്നു വിപരീതബുദ്ധി തോന്നി
ആണ്ടിനി അല്പകാലം ആയുസ്സോടിരിയ്ക്കയെന്നാൻ

എന്നതുമല്ല ഞാനൊരു കാലവും:-

ആണാലും ആയുധത്താലും അസുരകളൊരുവരാലും
ചേണാർ ദേവന്മാരാലും ചിറപ്പെഴും മുനികളാലും
നീണാളും രാവും പകലും നിലത്തിലും ആകാശത്തും
വാണാറുംപോകാതെവാഴ്വാൻ വരമെനിയ്ക്കരുളുകയെന്നാൻ.
അരുളുചെയ്ക നീരിൽ ചാകാതഗ്നിയിൽ ചാകാതെ ഞാൻ
പെരിയ വായുവിൽ ചാകാ പുരിയിലും പുറത്തും ചാകാ
വരമെനിയ്ക്കരുളു ചെയ്കെന്നാൻ വല്ലസുരേശനന്നു
അരിയ നാന്മുഖനും നീ ചൊന്നതവ്വണ്ണമാകട്ടെന്നാൻ.

എന്നെ പാൎത്തിരുന്നു നിൻ മെയ് എരിതീയിലരിഞ്ഞിട്ടായ് നീ
ഉന്നിക്കാണിനി നിൻ ചോരി ഒരു തുള്ളി നിലത്തു വീഴ്ത്തിൽ
നിന്നെക്കാൾ വിലവീൎയ്യങ്ങൾ നികഴപദാരികന്മാർ
തോന്നിയ്യൂപ്പതിനാറാകും ആയിരം തോന്നുകെന്നാർ.

എന്നവനു മനോപതിയും നിദ്രോപതിയും ഇനുതാകും
അമൃതസഞ്ജീവനിയും അതിൽ നന്നിമികും ചന്നസ്സും
അറിയിച്ചമ്പാൽ നാവുകൊണ്ടു മൂന്നുമൊഴി മന്ത്രം ചൊൽകിൽ
കൊന്നു കൈകാൽ തല വെപ്പു വേറായ് കിടക്കും.

കൊടിയ പെരുമ്പട ജീവിച്ചെഴന്നേല്ക്കും കേൾ
നിന്നുലകിലൊരുപേക്ഷം നിന്നെ വെൽവാൻ
നിനപ്പവൎക്കമാവതല്ലീ മന്ത്രത്താലെ
മനോപതിയാം മന്ത്രത്തിൻ ഫലത്തെ കേൾ നീ.

മാററലർകൾ തോററു നിനക്കടിമ ചെയ്യും
കനവുചെയ്യും നിദ്രോപതിയാം മന്ത്രം കരുതലൎക്കു
കൺകാണാതിരുളായ് ചെയ്യും നിനാദമൊട്ടു
അമൃതസഞ്ജീവനിയാം മന്ത്രം നിന്നുടെ പട്ട പടയെല്ലാം
ജീവിപ്പിക്കും.

അനാദിവരമന്ത്രം മൂന്നും അയനസുരനോടിവണ്ണമരുളി
ച്ചെയ്താൻ
ദാനവനേ സന്തോഷിച്ചന്നു ബ്രഹ്മൻ തന്നുടയ ബ്രഹ്മദണ്ഡും
ബ്രഹ്മാസ്ത്രം ആദിയായ് ഊനമില്ലാത്തുള്ള ആയുധങ്ങളെല്ലാം
ഒന്നൊഴിയാതൊക്കയവൻ കൈക്കൊണ്ടുനിന്നു.

ത്തേനമരുംകമലയോനിയനുജ്ഞ പെറവു
ചെന്നസുരൻ വിഷ്ണുവോട്ട വരം വരിച്ചാൻ
വരിച്ചവനും ശ്രീശൃംഗം പള്ളിവില്ലും
നാരായണശസ്ത്രവും കൊടുത്തു വിഷ്ണുഭഗവാൻ.

പുരത്തെയെരിച്ചരനോട്ട വരത്തെക്കൊൾവാൻ
പോയവനും ചന്ദ്രഹാസം വാൾ കൊടുത്തു .
കരുത്തുടയ പാശുപതാസ്ത്രവും കൊടുത്തു
കാലകാലൻ ദാരികനോടരുളിചെയ്തു.

കരുത്തുയന്ന ഗോവുണ്ഡിവൃക്ഷമൊണ്ടു
കൊണ്ടുചെന്നു പെരുന്തെരുവിൽ നട്ടുകൊൾക
വരത്തോടടയലർകൾ പടയതിൻ കീഴ്ക്കൂട
വരികിൽ അവക്കൊരു കാലവും ജയമുണ്ടാകാ.

കാലകാലനീവണ്ണം കൊടുത്ത വരം
കരുത്തോട്ട കൊണ്ടസുരൻ പോകുന്നപ്പോൾ
പീലിമിഴി തിരുമേനി ഉമയാൾ ചൊന്നാൾ
പ്രതി പ്രതി നീ വരം കൊണ്ടായെല്ലാരോടും

നീലകണ്ഠൻപത്നിയെന്നു നിനയ്ക്കാതെന്നെ
നിന്ദിച്ചിട്ടെന്നോടൊരു വരം വേണ്ടായ്‌വാൻ
മൂലമെന്തന്നമ്മയുമയാൾ അരുളിച്ചെയ്തു
മുഖം ചെയ്യാതഹംകേടൊള്ളസുരൻ ചൊന്നാൻ.
അസുരവരൻ പെണ്ണിനോടും പേയോടും
പണ്ടതിധീരന്മാരൊണ്ടോ വരം കൊണ്ടിട്ട്
മതി മതിയെന്നതിനാൽ ഞാൻ പോയതെന്നാൻ.

മററത്തു കേട്ടമ്മയുമയാം കോപിച്ചു
കുസൃതിയിതു പറഞ്ഞ നിന്നെ ഒരുത്തി
വാളാൽ കുമച്ചുരുട്ടി ഉടൽ പുളന്ത

കുടരണിഞ്ഞു കൊതിയോടു
പേ പിശാച്ചുക്കൾ നിൻെറ ചോരി
കുടികുടിനെ കുടിയ്ക്കുമെന്നു ശാപം ചെയ്താൾ.

എന്നിപ്രകാരമേ, ശ്രീപരമേശ്വരനോട്ടു വരവും ശ്രീപരമേശ്വരിയോടു ശാപവും പെററുപോയ ദാരികൻ മാതാവിനെ കണ്ടു കൈകുപ്പുന്നനേരം മാതാവും സന്തോഷിച്ചു് മകനെ എടുത്തു ആശ്ലേഷിച്ചു ചോദിച്ചാൾ മാതാവും. "ആരൊടെല്ലാം നീ വരം കൊണ്ടു. അയനും വെളിയിൽ വന്നാനോ?. യമനും വെളിയിൽ വന്നാനോ.? നാരായണനും വന്നാനോ.? നാഗാഭരണൻ വന്നാനോ? നേരേ ചൊൽകെന്നു." അവളോട്ടു നിന്നു പറഞ്ഞാൻ ദാരികനും. ആശ(പ്പ?പൂ)രെയെന്നും ചൊല്ലി അവരെല്ലാരും വരം തന്നാർ. വരം കൊള്ളാത്തമയോടു വായും പറഞ്ഞു പോന്നതിന്ന് ഉരം കൊണ്ടവളും ശപിച്ചാൾ. "നീയൊരുത്തിയാലെ പടുകയെന്നും പുരം പണ്ടെരിചെയ്തോൻ തിരുമുന്നേ പൊന്നിൻമണിമാമുടിചേർ ശിരം കൊണ്ടടിയുറ വൈയ്ക്കുമെന്നും' ശിവൻ പൊൽപ്പാദം പണികയെന്നും.' എല്ലാം കേട്ട ദനുപതിയും 'ഇന്നി നീകൊണ്ട വരവിലങ്ങളെല്ലാം പഴതായിയെന്മകനേ എന്നെ കെട്ടത്തായ്നീ മുടിഞ്ഞായെല്ലോ. ഉലകം പെററവനെ ഇക്കണ്ടായിന്നതുമൂലം ഒല്ലാതെ ചുററായിരത്തിന്നു ഒരു കൊത്തെന്നപോലെ മുടിഞ്ഞായെല്ലോ. ഒരു കൊത്തല്ലല്ലോ ആയിരം കൊത്തൊക്കെക്കൊത്തിനാലും അറുമോ ഒരു ചുററൊള്ള ഇരുമ്പെന്നാൽ ഒരുത്തരാലും കുലപ്പെടാ ഞാൻ. പുരയിൽ ചാകാ പുറത്തു ചാകാ പുരുഷൻ കൊല്ലാ സ്ത്രീ കൊല്ലാ ഇരവിൽ ചാകാ പകൽ ചാകാ എന്നാലിനിക്കു കേട്ടണ്ടോ?.

എന്നു തൻമാതാവിനെ ഏററവും തേററി വീരൻ
കന്നിനും ഖേദിയ്യേണ്ടാ ഊഴിയുമുലകുമുള്ള
യന്നെല്ലാമിരിപ്പനെന്നു് അമ്മയോടവനും ചൊല്ലി
ഇന്നി നമുക്കിരിപ്പാൻ ഇയററുക ഭവനമെന്നാൻ.

എന്നിപ്രകാരമേ ദാരികനും ഒരു രാജധാനിയെ വേണമെന്നു ചൊല്ലി മയനെയും വിശ്വകർമ്മാവിനെയും വിളിപ്പിച്ചും അവരോടു പണിവിടകൾ കല്പിച്ചാൻ ദാരികനും. അവരും നല്ലതൊരു രാശിയും മുഹൂർത്തത്തോടേ അഴകിതൊരു രാജഭവനം നിർമ്മിക്കത്തുടങ്ങിനാർ.

വിസ്താരം മൂന്നു, മുന്നൂററിക്കോൽ വിയനാലെ ചേർച്ച മൂന്നു
മുന്നൂററിക്കോൽ ചെത്തി ഉരുൾ വൈരത്തൂൺ നിരുത്തി
മേലേ ശിംകാരം വൈഡൂര്യം ആരൂഢം, മുത്തു
മാണിക്കം, മരതകം മൽ, മുകന്തായം, കഴുക്കോൽ.

പലക പട്ടികയും പത്തരമാററിൽപൊൻപാളം കൊണ്ടു
പരിശാക മേഞ്ഞിറമ്പിൽ പവഴം ചേർത്തു
അസ്തകൗലങ്ങൾ ബുദ്ധിവിസ്താരത്താൽ
അടവടവേ മാടക്കൂട ഗോപുരങ്ങൾ

ചിത്രമെഴുത്തെത്രവക വിസ്താരങ്ങൾ
ശില്പമൊള്ള മതിൽകിടങ്ങോടെന്ത്രപ്പാലം
എത്തിനതോർ രാജപെരുംതെരുക്കൾ നല്ല
വിചിത്രമെഴും കരിപരിക്കു നില്പാൻ പന്തി

അത്തരങ്ങളത്ര വകപറയാവൊന്നല്ല—
ളപ്പെരിയ കുളപ്പുരകൾ നടയ്ക്കൽ കെട്ടും
നടമാട്ടം ചാല മണിമണ്ഡപങ്ങൾ നല്ല
നിലാമുററമൊട്ടു മേത്തളങ്ങൾ
കടിമണംചേരും ഉദ്യാനമുപവനങ്ങൾ

കമലതടാകാദി മണികൂപം നല്ല കടതെരുവും
പടവീട്ടം മയനും വിശ്വകർമ്മാവും ചമച്ചതിന്നു
അവൎക്ക വേണ്ടും പുടവ പണിച്ചേല പട്ടു ചട്ട തൊപ്പി
പെരുമയൊടു കൊടുത്താനന്നു അസുരകോമാൻ.

അസുരകോമാൻ ദാരികപ്പെരുമാളന്നു
അഭിഷേകംകൊണ്ടു സിംഹാസനസ്ഥനായേ
വിധിയാലേ വെൺകൊററക്കുട വീശിന
വെഞ്ചാമരയോടാലവട്ടം.

അതിശയമായിരുപ്പുറവും വിളങ്ങുംവണ്ണം
അററമില്ലാതുളം പെരിയ പടയുമുണ്ടു
അധികതരം വിരിഞ്ചനുടെ വരവിലത്താൽ
ആശ്ചര്യത്തോടിരുന്നാൻ അസുരകോമാൻ.

അക്കാലത്തു പണ്ടു ദേവാസുരയുദ്ധത്തുങ്കൽ വിഷ്ണുഭഗവാൻെറ തൃച്ചക്രത്തിൽ ചാകാതെ ജീവൻ പിഴച്ചിട്ടോടി പാതാളത്തുങ്കലും പൎവ്വതശിഖരങ്ങളിലും അടവിയന്തരങ്ങളിലും ഗുഹാന്തരങ്ങളിലു, പുക്കു് അടച്ചു തലയൊളിച്ചുകിടന്ന അസുരവീരന്മാരും പെരുമ്പടയും ദാരികൻ ബ്രഹ്മപ്രസാദാൽ പവൃഷി ഭാഗ്യംപെററു മന്ത്രിവരന്മാരാൽ അഭിഷിക്തനായി ദാരികരാജപ്പെരുമാളെന്നു പട്ടംകൊണ്ടു വാഴുന്ന വാഴ്കയും വലിമയുമറിഞ്ഞു, ദാരികനെ കാണ്മാൻ തിറയും കറികാഴ്ച്ചദ്രവ്യങ്ങളോടുംകൂടെ ചെന്നു ദാരികനെ കണ്ടു കൈവണങ്ങി യഥോചിതാചാരം ചെയ്തു നില്ക്കുന്ന കാലത്തു അതിൽ പ്രധാനികളായുള്ളോരസുരവീരന്മാരെ പടത്തലവരാക്കി പട്ടം കെട്ടി തണ്ടും കുടയും കൊടുത്താൻ ദാരികൻ. പണ്ടു് ദേവകളോടു് കൊട്ടുണ്ടു് ഓടി ഒളിച്ചു പോയവൎക്കെല്ലാം പട്ടു പണിച്ചേലയും കൊടുത്താൻ ദാരികൻ.

ഇനിയാരുള്ളു നമ്മുടെ അസുരകുലത്തുങ്കൽ നമ്മെ കാണ്മാൻ വരാത്തവരേതെന്നു നിരൂപിച്ചു. നീലകേശനല്ലാതെ കാലകേശൻ വന്നിതില്ല. അവനു പന്ത്രണ്ടു കോടി പടയുണ്ടുപോലും.

അവൻ നമ്മെ കാണ്മാനല്ലിരിക്കുന്നുപോലും. എങ്കിൽ നമ്മുടെ കണ്ണിപ്പോരു് അവനോടാകട്ടു്. ആ കാലകേശപുരം നോക്കി പടയെടുത്താൻ ദാരികനും.

എന്നിപ്രകാരമേ പടയെടുത്ത ദാരികനും കാലകേശപുരം നോക്കി ചെല്ലുന്ന കാലത്തു് കാലകേശനും പന്ത്രണ്ടുകോടിപ്പടയോടുംകൂടി ദാരികനോടെതിൎത്തുകിട്ടി മുട്ടിയുദ്ധം ചെയ്യുത്തുടങ്ങിനാൻ കാലകേശനും.

പടവിട്ടു പോയോർ കുടയിട്ടവന്റെ
തുടയററു വീണു അടപ്പച്ചെററുക്കൻ
അടപ്പു കളഞ്ഞു പടപ്പിന്റെ ഉള്ളിൽ
തിട്ടുക്കെന്നൊളിച്ചവൻ വെഞ്ചാമരം വീശി

അഞ്ചാമൽ നിന്നവൻ
വെഞ്ചാമരം കൊണ്ടോടത്തുടങ്ങി
ഊക്കേററതിൽ ചിലർ ഓടാമൽ നിന്നവർ
മൂക്കററു മൂളിക്കൊണ്ടോടത്തുടങ്ങി.

ആന പട്ടു കുതിര പട്ടു അടിയററു മുടിയററു
സേന പട്ടു തേർ മുറിഞ്ഞു ശരമററു കരമററു
താനമുററു വാനമുററു തലയററു ചിലയററു
ഹീനമുററ കാലകേശന്നേററുപെട്ടു വീറുകെട്ടു.

എന്നിപ്രകാരമേ പട കെട്ടു കാലകേശൻ ദാരികനോടു നേല്പാൻ വശമല്ലാഞ്ഞു പേടിച്ചോടി ഗൃഹംപുക്കു തന്നുടെ പുത്രിയാകുന്ന കന്നികരത്നത്തെയും മുന്നാളിൽ തേടിവച്ചിരുന്ന ധനരത്നങ്ങളെയും കൊണ്ടുചെന്നു ദാരികന്റെ മുമ്പിൽ വച്ചു നമസ്കരിച്ചാൻ കാലകേശൻ. ദാരികനുമവളെക്കണ്ടു സന്തോഷിച്ചു അവളവനോടു നിരന്നു അവളെ വിവാഹം ചെയ്തു ഒക്കത്തക്ക ദാരികപുരം പുകിന്നു ദേവി മനോദരിക്കു പെരുന്ദേവിപ്പട്ടം കെട്ടി വിരുന്നൊടു കല്യാണം കഴിച്ചു അവളൊടുക്രുടെ കളിച്ചും ചിരിച്ചും ആനന്ദിച്ചും അവളുടെ ബാലസൗന്ദൎയ്യവും ശീലഗുണാദിവൈഭവങ്ങളും ഓരോന്നോരോന്നേ വൎണ്ണിക്കത്തുടങ്ങിനാൻ ദാരികനും.

---

കാരാർകുഴൽമുഖി പോരുടയാളേ
കാണ്മേനൊരുവരെ ഉലകിതിലാളേ
നേരേ മന്നസിജനൊട്ട രതിയും
നീലാഞ്ജനമിഴിനേർമിഴിയാളേ.

താരാർമകളും ഉള്ളഴിഞ്ഞുരുകും
താനേ തളിരിണ തവ മുഖം കേൾക്കും(?)
ആരാരമൃതൊഴുകുംമൊഴിയാളേ
ആലാഹലമമർമിഴിയാളേ

എണ്ണായിരം ഗുണമുടയാളേ
എന്നാലുയിരിനു മിഴിയാളേ
പെണ്ണായവർകളിൽ മണിയാളേ
പോതേ അണികുയിൽമൊഴിയാളേ

ഉണ്ണാതുദരവും നിറയുമല്ലോ
ഓരോ കളികള്ള നിന്നൊട്ട പറയുന്നാൾ
കണ്ണായിരമില്ലെന്നകമഴിഞ്ഞേ
കാണ്മാൻ നിന്നെയിതെന്നസുരേശൻ.

## (ചൊൽവു)

അസുരവരൻ നാട്ട പാതി അവൾക്കു നൽകി. അകത്തിരുന്ന മണികനകഭൂഷണാദി, മതി മതിയെന്നു അവൾ വിലക്കുമളവും നല്കി. മന്മഥനും രതിയും പോലെ മനം മകിഴ്ന്തു മദമൊഴുകുമാനയും ആ പിടിയും പോലെ മകിഴ്ന്തു് ഇരുന്ന കാലം മനോദരിയും ചൊന്നാൾ. വിധിയിനാലെ എന്നെത്തന്നെ വിശ്വസിച്ചങ്ങനെ

ഞാൻ അറിവേനെന്നാം. അയനൊട്ട പഠിച്ച മന്ത്രമത്തും മൂന്നം എനിക്ക കേഠംപ്പാൻ വിനയമൊട്ട ചൊൽകയെന്നേ. വേണ്ടവതൊ ണ്ടന്നാകിൽ ജയമത്തുപോലും അവന്ന ചെയ്യിഴയൊട്ട വീരൻ നയ മൊട്ട അടക്കമില്ല നാരികഠക്കിതെടോയെന്നാൻ.

എന്നവന്നരത്ത നേരം എരിതീയിൽ വീണെരിഞവൻ ഞാൻ
നീയിത്തു ചൊല്ലാതാകിൽ എന്നവള്ളുള്ളറല്ലാം
അന്നത്തു കേട്ട പേടിച്ചവളൊട്ട മന്ത്രം ചൊന്നാൻ
എന്നുമെ മരുത്തരോട്ടം ചൊല്ലൊല്ലായെന്ന ചൊല്ലി.

എന്നിപ്രകാരമേ ദാരികനും മനോദരിയോട്ടം ക്രടി ചിരിച്ചു കളിച്ചരശാണ്ട ഇരുന്ന കാലത്തു നിരുവിച്ചാൻ ദാരികനും. ഇനി യാരുള്ള നമ്മുടെ അസുരകുലത്തിൽ നമ്മെ കാണ്മാൻ വരാതവരെന്ന വിചാരിച്ചു. പൂർവ്വദിക്കിൽ ധൂമ്രാക്ഷനെന്നൊണ്ടൊരസുരൻ. അവൻ വലിയ പ്രചണ്ഡൻ പോലും. അവൻ നമ്മെ കണ്ടത്തും ബഹുമാനി ച്ചത്തുമില്ല. എന്നാൽ അവന്ന ഇരുപത്തിനാലു കോടി പടപ്പെരുപ്പ ഒണ്ട പോലും. അവൻെറ പടപെരുപ്പവും ത്തടപെരുപ്പവും കാണുന്നി തൊണ്ട. അതിന്നാമ്മാറ പടയട്ടക്കയെന്നാൻ ദാരികനും. എന്ന മുന്നേ പടയട്ടത്തും ഉന്നംമുന്നേ പടയുടക്കി. അടിപെട്ടലറി മകരികം പൊടിപെട്ടിത്തു. തേർ കുതിര കാലാഠ ഒരു ദിക്കടെയ വെട്ടുമുടിഞ്ഞു കുരുതിക്കടെലനളത്തിലൊണ്ടായി. എന്നിപ്രകാരം കെട്ടിപ്പൊരുത്തു ദാരികനും വെട്ടിപ്പറിച്ചാൻ ധൂമ്രാക്ഷൻെറ ധവളക്കടയും പല്ലക്കം കവന്നേ. കരിയും കുതിരകളും എല്ലാം കളഞ്ഞു ധൂമ്രാക്ഷൻ നില്ലാ തൊട്ടന്നത്തു കണ്ട. ഒല്ലാപ്പടയിലൊട്ട(?ന്നെത്തു)നില്ലായി ധൂമ്രാക്ഷാ എന്നു ചൊല്ലി ദാരികനും. അവനെ ജയിച്ച തിറവേങ്ങി ഭുവനത്രയ നായകനെന്ന വിരുത്തും പിടിപ്പിച്ച അസുരേശൻ പുരിയിൽ വാണി രുന്നാൻ പടയോടേ.

എന്നിങ്ങനെ മുമ്പടയ്ക്കു നല്ല മഹാവീരന്മാരുടെ വമ്പട ക്കുന്ന മണിമുടിദാരികരാജപ്പെരുമാൾ അന്നു മന്ത്രശാല പുക്ക

മന്ത്രിവരന്മാരോടും കൂടി നിരുവിച്ചു. പണ്ടു ദേവാസുരയുദ്ധമുണ്ടായ കാലത്തു നമ്മുടെ മുന്നോർകളായ അസുരകളെ പൊരുത്തു വിഷ്ണുചക്രത്താൽ മുടിച്ച ദേവകളെ പൊരുത്തു വെന്നു ദേവലോകത്തിരുന്നു ദേവത്തുരവും അധികാരവും നടത്തണം. അതരുതെന്നു ചൊല്ലുന്നവരുടെ മാറുകാലും മാറുകയ്യും വാങ്ങിക്കളയണമെന്നു ചൊല്ലി ദേവപദവികളെല്ലാം എടുക്കയും ദേവകൾക്കു അനൎത്ഥം പിണയ്ക്കയും ചെയ്യുത്തുടങ്ങിനാൻ ദാരികൻ. അക്കാലത്തു ദേവകളും ദാരികനാലേ വധിതരായി പീഡ മുഴുത്തു പുലൻകൊൾവാൻ വലിയൊരസാധ്യമെന്നും നിരുവിച്ചു ദാരികവീരനെക്കണ്ടു് അവസ്ഥ പറവാനൊരു ദൂതനെ കല്പിച്ചാൻ. ദേവകളും ദൂതനും വേഗത്തിൽ ചെന്നു ദാരികപുരം പുകിന്നു ദാരികനെ കണ്ടു കാരിയങ്ങൾ പറയത്തുടങ്ങിനാൻ.

ഞാനിതു ദേവദൂതൻ നല്ലതു നിനക്കു ചൊൽവാൻ
വാനവർനിയോഗത്താലേ വന്നിതൊരവസ്ഥ കേൾ നീ;
ദാനവരോടു തട്ടത്തമർ ചെയ്തമൂലം
ആനവർ കെട്ടതെല്ലാം വാനവർമൂലമല്ലോ?

അല്ലലുമനൎത്ഥംചെയ്തങ്ങമരരെ തരം കെട്ടത്തു
നല്ല മാമുനികൾതന്നെ നശിപ്പിച്ചമൂലം വിഷ്ണു
– – –ല്ലസുരകളെയതന്നു ക്രുറി തൻചക്രം വിട്ടാൻ
അല്ലൽ പെട്ടസുരരെല്ലാം മുടിഞ്ഞതുമതിനാലെന്നാൻ

അസുരകൾ മുടിഞ്ഞതെല്ലാം അമരകൾദോഷമല്ലേ
വിധിയുടെ താതനായ വിഷ്ണുവിൻ ദോഷമല്ലേ
അതിനിനി അമരനാശം ചെയ്കല്ലാ അസുരകോനേ
അസുരകൾ ചെയ്ത ദോഷം അസുരകൾ കെട്ടതെന്നാൻ.

എന്നാൽ നീയനേകം കാലം ഇടരൊട്ടമാൽമേൽ തൂങ്ങി
നന്നായേ തപസ്സു ചെയ്തു നാന്മുഖൻ വെളിപ്പെട്ടാഞ്ഞു
ഒന്നായേ നിന്നുടലരിഞ്ഞു ഹോമിച്ചഗ്നിതന്നിൽ
അന്നാറം വന്നവിടെത്തോന്നും അയനൊട്ടു വരം പെററായ് നീ.

വരം പെററ ചെൽവവും നിൻവലിമയും വാണാലും
അരം പെട്ട പൊൻപോൽ തേയും അമരരെ പീഡചെയ്താൽ
ഉരം പെറാ ദശാസ്യൻ കൊള്ളാതൊരു വരമില്ലാ രാമ-
ശരം പെട്ടപോതു പട്ടാൻ തക്കതു കേട്ടമൂലം.

കെട്ടുപോകാതെ വാഴ്വാൻ കരുതുകയസുരകോനേ
മുട്ടിയാൽ കനിപ്പതയെക്കാറം മുട്ടംമുൻ കനികേ നല്ലു
പട്ടുവീഴുന്ന നേരം വിചാരിച്ചാൽ ഫലമുണ്ടാമോ
ഒട്ടുമേ വൈകാതാപത്തുണ്ടാംമുന്ന വിചാരിക്കണം.

ഇന്നി നീ കൊടുമ ചെയ്യാതിരിക്കവേണമെല്ലാരോടും
കന്നി കായ്ക്കും മുന്നേ പൂക്കൊയ്തു കളകയല്ലാ
അന്യായം നിഢന്നാടതറിയിപ്പാൻ വന്നേനെന്നു
ചൊന്ന ദൂതൻതന്നോടു ചുടുചിനത്തസുരൻ ചൊന്നാൻ.

ചൊന്നതാരു നിന്നോടു സുരപതി വിരസനോ ചൊൽ
മന്നവനാമെന്നോടു മറുത്തിതു പറഞ്ഞമൂലം
നിന്നെ ഞാൻ വെട്ടി വാളാൽ നിണമണിന്തമരർ വാഴും
പൊന്നകർ പൊടിപെടുപ്പാൻ പോകുന്നേൻ പടയോടെന്നാൻ.

എന്നിപ്രകാരമേ ദാരികനും അരിശം മുഴുത്തു ചില ദുർവാക്കു പറയത്തുടങ്ങിനാൻ.

## വേറ പാട്ടു്.

ഇന്തിരനെന്നൊരു വിന്തിയവൻ പുരം
വെന്തിട്ടുമാറൊരു കൊള്ള കൊള്ളത്തുവൻ
അന്തരമേവിയ ചന്തിരചൂരിയർ
ചുന്തരമാർ ചുണ കെട്ടിട്ടുമെന്നറി.

ചിണ്ടു പറഞ്ഞിട്ടുമഗ്നിതന്നിയ്യൊരു
മുണ്ടു കൈയന്നതറിഞ്ഞില്ലയോ അവൻ
അന്തകനേറെ ഞെളിഞ്ഞു നടപ്പുള്ളു
ചന്തമതൊന്നു കുലഞ്ഞിട്ടുമെന്നറി.

ചുട്ടനതാകിയ നിരൃതി അവനൊരു
കൊട്ടു കൊള്ളുന്നതു നിർണ്ണയമെന്നറി
വരുണനതെന്നൊരു കരുണയില്ലാതവൻ
വലുതു പറഞ്ഞു നടപ്പതൊഴിപ്പൻ.

വായുവതെന്നൊരു ഞായമില്ലാത്തവൻ
വാ പറയുന്നതു നല്ലതിനല്ലറി.
ഏട്ടയിറച്ചു കുമാരനെ രാവണൻ
കോട്ടയിറച്ചതറിഞ്ഞില്ലയോയവൻ.

ഈശനതെന്നൊരു മീശതിരുത്തിയെ
ഏള്ളുകിൽ വാശിയൊഴിപ്പതിനെന്നറി
കാരണം മൂവുലകത്തിനും ഞാനെന്നു
നാരായണനൊ(ണ്ടൊ)രു നിനവു കിടപ്പുള്ളു.

നാഗമുഖനെന്നൊരു ഗവവി അഭ്വനൊരു
മരമുഖമില്ല കുറത്തിയല്ലാതെ.
അതിസ്സണയൻ പുനരവരുടെ മൂത്തവൻ
കൊതിനാണയൻ കുടവയറ പെരുത്തവൻ.

മുപ്പുരമൊക്കെയെരിച്ചു കളഞ്ഞവ-
നപ്പനുമില്ലയൊരമ്മയുമില്ലറി.
മതിയറിയാതൊരു വിധിയനവന്നൊരു
ചതി പറഞ്ഞല്ലയൊ തൻ തല പോയതു്?.

എന്നു പറഞ്ഞസുരേശനതന്നൊരു
കുന്നു വളൎന്നു പോലെഴുനിന്നിതു.
വെട്ടുക ദൂതനെയെന്നു ചിനത്തൊടു
തൊട്ടിതു വാളതു കണ്ടൊരു മന്തിരി.

മാതരെ വെട്ടുകിലും മരമന്നവർ-
ദൂതരെ വെട്ടുക നന്നല്ല മന്നവാ.
കൊററവരാകിയ ദൂതർ നമുക്കൊരു
കുററവുമില്ലവരെന്തു പിഴച്ചിതു?

മൂരി പറഞ്ഞിടമിന്ദ്രനെ വെൽവതു
കാരിയമിന്നിയിതിന്നു പുറപ്പെടും
എന്നുരചെയ്തതു കേട്ടു ചിനത്തൊടു
വന്നൊരു കോപവുമൊട്ടു ശമിച്ചില.

കട്ടു ശമിച്ചിതുകൊണ്ടസുരശനാ-
മൊട്ടു ശമിച്ചില്ല ദുഷ്ടരുടെ ചിനം.

വിട്ട പുളന്ന കരിങ്കല്ലും തങ്ങളിൽ
ഒട്ടിയെന്നാകിലും പോകയില്ലത്തുമേ.

### വേറ ചൊൽവു

എന്നിപ്രകാരമേ ദാരികനും കോപിച്ചു പിന്നെയും പുറമേ നിന്ന വിരമ്പാളി ചേകവനെ പാത്ത് എങ്കിൽ പിടിയ്ക്കൂ ദൂതനെ പിൻകെട്ടായി കെട്ടിയ(?ടിക്ക)കൾകൊണ്ടന്നേ കാലത്തു. അതു കേട്ട ഭയപ്പെട്ടു ഓടി ശീഘ്ര്യംഗാമിയായി ദേവലോകം പുക്ക ദേവേന്ദ്രന്റെ കാക്കൽ നമസ്കരിച്ചു വൃത്താന്തമറിയിയ്ക്കത്തുടങ്ങിനാൻ ദേവദൂതൻ. ഇന്ദ്രാദിദേവകൾ വാഴുന്ന ദേവലോകമടിച്ചുപൊടിച്ചു അലകടലിൽ കലക്കുവാനായി മുന്തിയെഴും പെരുമ്പടയും അസുരകോനും മുറമിതാ വരുന്നിതെങ്കിൽ കരുതിക്കൊൾവിൻ. എന്തു പറയാവതവൻ പറഞ്ഞതെല്ലാം എനിക്കിവിടെ പറവാനൊട്ടരുമയൊണ്ട. വന്ത പെരുംകോപമോടെന്നെ കൊൽവാൻ വാളെടുത്താർ. ഞാൻ പേടിച്ചോടി പോരുന്നൻ.

എന്നിപ്രകാരമേ ദൂതൻ ദേവേന്ദ്രനോടവസ്ഥ അറിയിച്ചു നില്ക്കുന്ന കാലത്തു നിരുവിച്ചാൻ ദാരികൻ. ഒരു ദൂതനെ വിട്ട സങ്ങസ്കാരം (?സല്ക്കാരം) പറയാതെ ധിക്കാരം പറയിച്ചു ദേവകളെ മുടിച്ചു ദേവലോകം മുടിച്ചെടുത്തു വാഴണമെന്നു ചൊല്ലി നിരുവിച്ചു. എടുക്ക പടനടക്ക ദേവലോകം നോക്കിയെന്നു ദാരികന്റെ നാവുങ്കൽ നിന്നു പുറപ്പെട്ട ശബ്ദങ്ങൾ അടങ്ങും മുമ്പേ പടന്നിതു പട നടന്നിതു ദേവലോകം നോക്കി. അക്കാലത്തു ദേവകളും കടലിളകി വരുന്നതു പോലെ ദാരികന്റെ പടയിളകി വരുന്നതു കണ്ടു ഇന്ദ്രാദിദേവകളും പടയെടുക്കത്തുടങ്ങീതേ.

ദേവരാജാ വിറഞ്ഞു തിരുമെയ്യിൽ ചട്ടയിട്ട മാവ്ലയങ്ങളം പൂണ്ട മണിമുറുക്കി മറവും പൂവരിത്തണ്ട പൊന്നടിത്താരിൽ പൂണ്ടു് ചേർവടമൊട്ടു ഞാണാൽ തിരുവരത്തന മുറുക്കി തിരുവഴമാകാശത്തിൽ ചെറുമഴ ഇടയിൽ തോന്നും പരിശില വാങ്ങി മെല്ലേ വലമ്പുതു തലച്ചു ചിത്രം.

പെരുകിന കൈത്തോൽ പൂണ്ടു
പെരുവിരൽ ചരടും കെട്ടി
പൊരുവതിനമരർകോമാൻ
പുരന്ദരൻ പൊലിഞ്ഞു നിന്നാൻ.

നിന്നയിരാവതത്തിൻെറ നെറ്റിമണിത്തുടരണിഞ്ഞു
കൊന്നിട്ടും കൊമ്പു നാലിൽ കുരുകുമണി പൂണുകെട്ടി
ഒന്നിച്ചേരാദിത്യന്മാർ വന്നുദയമാം പറുവതത്തിൽ
വന്നുദിച്ചെന്നപോലെ നെററിപ്പട്ടവുമണിഞ്ഞാൻ.

അണിഞ്ഞയിരാവതത്തെ അലങ്കരിച്ചമരകോമാൻ
വണങ്ങിനാൻ വ്യാഴമായ ബൃഹസ്പതിഭഗവാൻപാദം
ഗണങ്ങളം വാനോർ ചൂഴ ഗജവരരത്നമേറി
അണഞ്ഞിതസുരനോട്ട അമരർകോൻ പോർകിടച്ചാൻ.

കിടച്ചിതു പോരന്നേരം കിളർശംഖിൻധ്വനികളാലെ
അടച്ചിതു ചെവികളെല്ലാം അസുരകം ചോരികൊണ്ടു
തുടച്ചിതു പൊടികളെല്ലാം തുറ്റുടത്തലയരിഞ്ഞു
പടച്ചിതു ഭുവനിതന്നിൽ പറുവതം പത്തു കോടി.

എന്നിപ്രകാരം ദേവാസുരയുദ്ധം അതികോലാഹലം ഘോഷസങ്കുലപൂൎണ്ണമായി ഉണ്ടായനേരത്തു ദാരികനാംവീരൻതാനും പോരിന്നു ചെന്നടുത്താനന്നു.

ചെന്നു പട തിരണ്ടു നിന്ന പട വെരണ്ടു
ഒന്നുപെടയുരുണ്ടു അന്നു ദെശ ഇരുണ്ടു
മുട്ടു പട വെട്ടി ഒട്ടു തലയററു
എട്ടു ദിശി മുട്ടി തട്ടുപറ കൊട്ടി.

തേരുകൾ മുറിഞ്ഞു വാർകൊടി പൊടിഞ്ഞു
താൾ പുരവി കാലാൾ പോരിട മുറിഞ്ഞു
ആന പട വീണു പോന പട കേണു
ദാനവർകൾ വാണു വാനവർകൾ കേണു.

ഇന്തിരനലഞ്ഞു മന്തിരി വലഞ്ഞു
വന്തവർ മെലിഞ്ഞു ചന്തിരനലഞ്ഞു
കൊററമുടിയററു മററു മുടിയററു
ചുററുവരവുററു ഉററവർകളിററു.

മല്ലുകൾ പിടിച്ചും വില്ലുകൊടടിച്ചും
പല്ലുകൾ പൊഴിച്ചും.

**വേറു്**

ഇട്ടു കെട്ടി വെട്ടവും വെട്ടു തട്ടി മുട്ടവും
മുട്ടു പെട്ടു ഘോഷമോടു പട്ടു പട്ടു വീഴവും

ഓടി ഓടി അമ്പിനാൽ മൂടി മൂടി വീഴവും
വാടി വാടിയേ പിണം കോടി കോടി ആടവും

കലയുരുണ്ടപോലെഴും ചിലയുരുണ്ടയമ്പിനാൽ
മലയുരുണ്ടുവീണപോൽ തലയുരുണ്ടു(പോക)വും.

**വേറ ഇനി ചൊല്ല്**

എന്നിപ്രകാരം യുദ്ധം ചെയ്യുന്നകാലത്തു ദാരികനും ദേവേന്ദ്ര നോട്ട എതിൎത്തു കിട്ടി യുദ്ധം തുടങ്ങീതേ.

**വേറ് ഇനി പാട്ട്**

മുട്ടി പൊരുതൊരുനേരത്തസുരകം
എട്ട ദിശിയിലുമോടി ഒളിച്ചും,
ചുററിക്കടലുപോലെ അസുരപ്പട
മുററും സുരപതി ചുററും പററി.

പിന്നെ സുരപതി അയിരാവതകരി
മുന്നേ ചെല്ലാത്തേററിശത്തൊട്ട
പൊന്നിൻതുററ്റിയതിട്ട പിടിച്ചു
മുന്നേ പാഞ്ഞിച്ചടലിടിപോലെ.

കതറീ കരിയൊന്നലറിവരുമ്പടി
ചിതറിപ്പോമാറോടിച്ചങ്ങനെ.
പായും വാലാലേ ചിലർ പട്ടിട
വീഴും തുമ്പിക്കൈകൊടടിയ്ക്കും പിന്നെ.

ക്രൂട്ടരെ ചെന്നു ചവിട്ടും ചിലരുടെ
കുടരെപ്പിച്ചും കുത്തിക്കൊല്ലും.
സുരപതിവളറാലേയടികൊണ്ട-
ക്കരിവരനിടിമുഴവുംപോലലറീട്ടും.

ചുററും വന്നസുരപ്പടയതിനാൽ
ചിററിച്ചിതറിപ്പോം ദിക്കെങ്ങും
മുട്ടിപ്പൊരുതക്കരിവരനാലേ
പട്ട പടയെല്ലൊരു സീമയുമുണ്ടോ?

അക്കാലത്തദ്ദാരികവീരൻ
പുക്കാൻ സുരപതിയോടെ പൊരുവാൻ
ബ്രഹ്മൻ നല്കിയ മന്ത്രവരത്താൽ
മായായുദ്ധം ചെയ്താനസുരൻ.

ഇരുളായിത്തു ദേവേന്ദ്രനു ചിത്തം
അരുളായിത്തു പോരറിയരുതായേ.
ബ്രഹ്മൻ നല്കിയ ദണ്ഡുമെടുത്തു
നിർമ്മരിയാദം ചെയ്താനസുരൻ.

വൈരാവികളെപ്പോലരിശത്തോടു
ഐരാവതകരിതന്നെയടിച്ചാൻ,
തെററിപ്പട്ടം കരിവരനവനുടെ
നെററിപ്പട്ടം കൊണ്ടാനസുരൻ.

കൺകുററം വാരാതമരേശൻ
വെൺകററക്കുട കൊണ്ടാനസുരൻ;
ഓടിപ്പോയീ വാനവരെല്ലാം
കൂടിപ്പോയാൻ വാനവർകോനും.

സുരഭികൾ ചിന്താമണി നവരത്നം
പരപര വാരിക്കൊണ്ടാനസുരൻ,
അത്ഭുതമീടിയ കല്പകവൃക്ഷം
സങ്കല്പനത്തും കൈക്കൊണ്ടാനസുരൻ.

കശ്രാവിശ്രാ പൊരുതമരേശൻ
വജ്രായുധവും ചെന്നു പറിച്ചാൻ.
കൊട്ടുംപൊൻ നകരി നമുക്കുള്ളെന്നും
കുടുംബം കൊട്ടിച്ചാനസുരേശൻ.

അയരഥകാലാളോട്ടം കൂടി-
ജ്ജയവിരുതന്നു പിടിച്ചസുരശൻ
സ്വൎഗ്ഗത്തിന്നു തകൎത്താൻ ഞാനെ-
ന്നൊക്കെപ്പോയ് തൻ നകരി പുകിന്നു.

## ഇനി ചൊല്വു്.

എന്നിപ്രകാരമെ ദേവേന്ദ്രനെ ജയിച്ച ദേവലോകത്തെ അടക്കി ദേവപദവിയെല്ലാം നടത്തത്തുടങ്ങിനാൻ ദാതികൻ. ഇനി യമനെ ജയിച്ച യമപുരി നമ്മക്കാക്കിക്കൊള്ളേണമെന്നു ചൊല്ലി യമലോകം നോക്കി പടയടുത്താൻ അസുരൻ.

എടുത്തിതു പടയരക്കൻ ഇടിയൊട്ട കടൽ കണക്കെ
തടുത്തിതു ധൎമ്മരാജൻ സൈന്യം കെട്ടോടിപ്പോയി,
അടുത്തിതു തമ്മിൽ ദണ്ഡാൽ അടിച്ചതുകാലം ദണ്ഡു
പിടിച്ചതു പറിച്ചുകൊണ്ടാൻ പെരുബലിയസുരകോമാൻ.

കാലനെ ജയിച്ചരക്കൻ കടുമയിൽ നഗർ പുകിന്നു
നാലലയ്ക്കൂധിവാനായ്യെ നടത്തിന വരുണൻ തന്നെ
വേലെടുത്തത്ര ചെന്നെത്തി വിരവൊടു പൊരുതു വെന്നു
ആലമൊത്തസുരൻ വരുണാസ്ത്രത്തെ പറിച്ചുകൊണ്ടാൻ.

കൊണ്ടേടന്നേ കുബേരനോടു കൊടുമയിൽ പൊരുതു വെന്നു
പണ്ടെവാള്ള നിധി പറിച്ചാൻ പരമപുഷ്പകവിമാനം
കൊണ്ടേടനൻ അളകയ്ക്കീശൻ താനന്നു കുടുംബം ചൊട്ടി-
ച്ചുണ്ടരെ വെന്ന വീരൻ ആൎത്തു തന്നകം പുകിന്താൻ.

എന്നിപ്രകാരമെ ദിക്പാലകന്മാരെ നാൽവരെയും ജയിച്ചവൻ നിരുവിച്ചാൻ. നാലു ദിക്കല്ലോ എനിക്കടക്കം വന്നു. എട്ടു ദിക്കുമടക്കണമെന്നും ചൊല്ലി.

അഗ്നിയോടെതിർത്തു കിട്ടി അഗ്നിയസ്ത്രം പറിച്ചാൻ
ചക്രവാളം നിരൃതിയോടു ശക്രവും പറിച്ചുകൊണ്ടാൻ
പുക്കവൻ വായുവോടു പൊരുതവൻ വായവ്യാസ്ത്രം
ചൊൽക്കൊട്ടു പറിച്ചീശന്തൻ ശൂലവും പറിച്ചുകൊണ്ടാൻ.

'അമ്മരമടക്കിനേൻ ഞാൻ അഷ്ടലോകാധിപന്മാർ
വമ്പുകളടക്കിക്കൊണ്ടേൻ വലിയ നാഗങ്ങൾ വാഴും
നമ്പുരി പാതാളത്തെ നശിപ്പിയ്ക്കും നല്ലയെന്നു'
വമ്പെഴുമസുരകോമാൻ വളവിലമുഖം പുകിന്താൻ.

പുക്കവൻ സൈന്യത്തോടും പൊരുതു വാസുകിയെപ്പോരി-
ലക്ഷണം ജയിച്ചകാലത്തരിയ വാസുകി നാഗേന്ദ്രൻ
നൽക്കരം നാലു കോടി നാഗരത്നം കൊടുത്താൻ
ഒക്കെ വല്ലസുരൻ വാങ്ങിയുടനേ തൻനകരി പുകിന്താൻ.

പുക്കാരാഞ്ഞശേഷലോകം പൊരുതുവെന്നടക്കും ഞാനി-
പ്പക്കാരമുള്ള ഭൂമിയെ ചുമന്നു നില്ക്കും
മുഷ്ക്കേറും ഗജങ്ങളോടേ മുട്ടവനെന്നു മുട്ടി
അക്കാലം പൊരുതവിററിൻകൊമ്പൊടിച്ചടത്താൻ വീരൻ.

കൊമ്പൊടിഞ്ഞളവിൽ വമ്പു കുറഞ്ഞിതു കരികൾക്കന്നു
തൻപടയോടു പോയാൻ ദാരികൻ ദാനവേന്ദ്രൻ.
മുമ്പട വെട്ടി വെൽവാൻ മുമ്മൂർത്തികൾ മാത്രമുണ്ടു
എമ്പതു കിടക്കട്ടിന്നും എടുത്തുകൊള്ളാമിതെന്നാൻ.

എന്നവനോടു വിഘ്നവിനായകനിടർ കിടച്ചാൻ
കുന്നനേരതിഗജങ്ങൾ കൊമ്പടത്തതിനു കോപി-
ച്ചന്നു ദാരികനോ നഞ്ചിതമോടടുത്തു വീശി
കൊന്നുപോമെന്നെയെന്നു കോഴപ്പെട്ടോടിനാനേ.

ഓടിനാരനോടി ഓടി ഒളിപ്പതിനിടമില്ലാഞ്ഞു
ചാടിനാൻ വേൽശ്ശൂലാദിസകലദിവ്യാസ്ത്രമെയ്താൻ
മാട്ടിയെ പോയിതെല്ലാം മററിനി പോയ് പിഴപ്പാൻ
ഇനിയൊരുപായമെന്തന്നസുരകോൻ നിനയ്ക്കുലുററാൻ.

ഉറെറാരു മോദകാസ്ത്രം ഉടക്കിയന്നസുരൻ വിട്ടാൻ,
മററതിലട നെയ്യപ്പം മലർ പൊരി വരിയ്ക്കച്ചക്ക
പററിയ കനികൾ വാഴപ്പഴമവൽ കൊട്ടത്തേങ്ങാ
മററിയ കരുമ്പു വെല്ലം മുറ മുറ ചൊരിഞ്ഞിതന്നേ.

അന്നതു കണ്ടു വിഘ്നവിനായകനതിസന്തോഷി-
ച്ചങ്ങൊഴിയാതെ വാരിത്തൂക്കം ഒട്ടോടിച്ചെന്നു
നിന്നതു പിറക്കിക്കൂട്ടം നിലയതു കണ്ടരക്കൻ
അന്നു പോയ്പിഴച്ചുകൊണ്ടാൻ അപ്പത്താൽ മോഹിപ്പിച്ചേൻ.

അപ്പം കണ്ടതിസന്തോഷിച്ചസുരനെ ഓടിയ്ക്കാതെ
അപ്പൊഴുതവിടെ നിന്നാൻ ഗണപതിയസുരദ്രകാമാന്,
അപ്പംകൊണ്ടൊപ്പം നിന്നു പൊരുതു ഞാനവർ ജയിച്ചേ-
നപ്പം ഞാൻ നല്ലവെന്നോരതിശയംകൊണ്ടുപോയേൻ.

എന്നിപ്രകാരമേ പത്തു ദിക്കും ജയിച്ചു ദാരികനും വമ്പക്കു വമ്പനായും ഉമ്പക്കു തുമ്പം പിടിപ്പിച്ചു ചെല്ലായിനിന്ന കാലത്തു ഇന്ദ്രാദിദേവകളും മന്ത്രാരംഭം തുടങ്ങീടുന്നു.

ഇന്നി നാം ബ്രഹ്മനെ കണ്ടിടരെല്ലാം ഉണത്തിക്കേന്നു
ചൊന്നു ദേവന്മാർ ചെന്നു തൊഴുതുവീണാർ.
ഇന്നിനിയസുരൻ ചെയ്യും ഇടരെല്ലാം കേട്ടക്കയെന്നൊ-
രന്യായം ചൊൽവാനായേ അടിയങ്ങൾ വിടകൊണ്ടോമേ.

എന്നതു കേട്ടു ബ്രഹ്മാവിന്ദ്രാദിദേവന്മാരോ-
ടന്നു പാൽക്കടൽ പുകിന്നു അസുരവൃത്താന്തമെല്ലാം
ഒന്നൊഴിയാതെ ബ്രഹ്മാവുണർത്തിനാൻ മുകുന്ദനോട്ട്
അന്നതു കേട്ടു വിഷ്ണുവവരോടരുളിച്ചെയ്തു.

ദാനവൻ തപസ്സു ചെയ്തു സാരമാം വരത്തെക്കൊണ്ടാൻ
ആനവൻ തന്നെ കൊൽവാൻ എന്നാലുമസാദ്ധ്യമെന്നാൻ.
വാനവരോടു നാം പോയ്ക്കളർകൈലാസം പുക്ക്
ഊനം വരാതെ കാര്യം ഒക്കവേ നിരുവിയ്ക്കണം.

എന്നരചെയ്തോരമ്പാൽ ഇനിയ പാമ്പണയ നീങ്ങി
അന്നു നാരായണൻ ബ്രഹ്മാദികളോടും കൂടി
ചെന്നു ശ്രീമഹാദേവൻ വാഴും ശ്രീകൈലാസം പുക്കു
നിന്നു കൈവണങ്ങിയെല്ലാം നീലകണ്ഠനു ചൊന്നാർ.

ചൊല്ലിനാർ ശിവനോടന്നു ശൂരനാം ദാരികന്നാൽ
അല്ലലുമനത്തവുമ്മേലതിദുഃഖം വന്നവാറും
മെല്ലവേയെല്ലാം കേട്ടു വിശ്വൈകനാഥൻ താനും
നല്ലതു വരുത്തുവാനായ് നമ്മാലുമസാദ്ധ്യമെന്നാർ.

ആണിനാലസുരൻ ചാകാ ആയുധമവന്മേൽ തട്ടാ
ചേണിലും ഭൂമിമേലും തീയിലും ചാകാതീയോൻ
വാണിവല്ലഭൻ കൊടുത്ത വരബലം പഴുതായ് പോമോ
കാണുകിലവനെക്കൊൽവാൻ ഞാനൊരുപായം കാണേൻ.

എന്നിപ്രകാരമേ ശ്രീമഹാദേവന്തിരുവടിയരുളിച്ചെയ്ത കാലത്തു ദാരികനെക്കൊന്നു ദേവദുഃഖം കെടുപ്പാനുപായം മുമ്മൂർത്തികൾക്ക് ഉണ്ടാകാതൊഴിഞ്ഞു ബുദ്ധിമുട്ടിയ കാലത്തു ചെന്നു പുറപ്പെട്ടാൻ ഋഷിമുഖ്യൻ ദേവമുനി നാരദനും.

അയ്യോ! സ്വാമി അടിയത്തിനുടെ നൽബുദ്ധീലൊണ്ടൊരു ദുർബ്ബുദ്ധി തോന്നുന്നിതു. ആണാൽ കൊല്ലരുതാത്തവനെ പെണ്ണാൽ കൊല്ലരുതോ സ്വാമി? അമ്മ ഉമയാളിട്ട ശാപം അയ്യരറിന്തില്ലയോ? അവൻ ചെയ്തു നിന്നയ്യൊരു പെൺ കൊന്നു കുമിക്ക കുരടണികൾ യെന്നും.

കൊടിയതൊരു ചാപമിട്ടാൾ അമ്മയുമയാൾ
കൊടുത്ത ശാപം ഇനിയാരു തടുപ്പാൻ

ആരാഞ്ഞ ബുദ്ധിയിതൊരതിശയം കാൺ
ദേവയിരിഷി! നാരായണനും അയനും

ഞാനും ഇതു നിനവൊരു കാലവും വരാതെ
അറുപേരെ നാം പടയ്ക്കയെന്നാൻ പരമശിവൻ.

ഗുരുപ്രസാദം. ഇതു അസുര ഉത്ഭവം. *

---

* ഇതിനുശേഷം 'അയ്യപ്പൻ പണിക്കർ, ശുഭം. തെരുവിൽഭഗവതി സഹായം ഉണ്ടല്ലോ' എന്നുകൂടി ഗ്രന്ഥത്തിൽ കാണുന്നു.

## മാതൃക്കളം യുദ്ധം

അടലിടിയും കടലൊലിയുമെഴുന്ന പോലെ
അട്ടഹാസമിട്ടു കോപവേഗത്തോടും
കൊടിയ ദണ്ഡും കുണ്ഡികയും കൈയുള്ളേന്തി
ഘോരരൂപി ബ്രഹ്മാണിനാമത്തോടും,

അടകരി നൂറായിരത്തിൻ വിലങ്ങളം പൂണ്ടൊ-
രരക്കർകോമാനായ ദാരികൻതൻ
തടമകുടം ശിരം തുണിപ്പാൻ വിരിഞ്ചൻ-
തങ്കൽനിന്നു ബ്രഹ്മാണി പെണ്ണുരൂപം തോന്നിനാളേ.

ആടരവം കൊന്ന മത്തമത്തം ചൂടും
ആനന്ദത്താണ്ഡവമതാടും ദേവൻ
തേടുമടിയാക്കു തുയർ വരാസ്സൂണ്ണം
ശിവലോകം കൊടുക്കുമവരിടത്തുനിന്നു,

ചാടിയെരികനൽ ചൊരിയും കണ്ണിനോടും
ചന്തമെഴും മഴുകു ശൂലം കൈയുള്ളേന്തി
നീടിയ കോപാഗ്നിയെഴും ആപ്പിനോടും
നിരുപമയാം മഹേശ്വരിയും തോന്നിനാളേ.

ഇമ്പമെഴും ചെമ്പഴവായും പൊന്നിന്നലിങ്കു-
മിളം തടമുലയുമുടയോളായി
വമ്പിനൊടു ചാപശരം കൈയുള്ളേന്തി
വല്ലിടി നേരട്ടഹാസമിട്ടു കോപാൽ,

കമ്പമെഴും പൊരുതരക്കൻകുലം മുടിച്ചു-
കളഞ്ഞു ലോകം കാത്തുകൊൾവാൻ ഒത്തു നന്നായ്
കിമ്പുരുഷാദികൾ പോററും കുമാരൻ തോററം
കൗമാരിയും തോന്നിനാളേ.

ഈരിരണ്ടു ബാഹുബലമുടയോളായി
ഇമ്പമെഴും നീലമേഘനിറത്തിനോടും
ചാരുതരം ശംഖു ചക്രം കൈയുള്ളേന്തി
ശശിതരബിംബാനനയായ് രമ്യയായേ,

വീര്യമെഴും വിക്രമിയായിരവു ഭ്രയായേ
വിചിത്രമെഴും പീതവസ്ത്രമുടയോളാകി
പാരഖിലം ഉണ്ടുമരേ അടക്കും ദേവൻ
പടയ്ക്കപ്പെട്ട വൈഷ്ണവിയും തോന്നിനാളേ.

ഉരുതരമാം കോപവഹ്നി ഉടയോളാകി
ഉരത്ത ദണ്ഡും കാലപാശവും കരത്തിലേന്തി
അരിയ കാളമേഘമ്പോലലറും
കോലാഹലത്തിനൊടും വിലത്തിനൊടും.

പെരുത്തു ഘോരം തിരുകുചിനത്ത-
സുരകോമാൻശിരം തുണിപ്പാൻ
കരുതിയെഴുംപടി ഞമനാൽ പടയ്ക്കപ്പെട്ട
കനംകുഴലാം വാരാഹിയും തോന്നിനാളേ.

ഊററമെഴും വജ്രഹസ്തമുടയോളായി
ഉഗ്രവിഗ്രഹമൊടു ചുവന്നു ചെങ്കി
ഏററമെരിഞ്ഞനൽ ചൊരിയും നേത്രയായേ
എട്ടു ദിക്കും നടുങ്ങിയെഴും അട്ടഹാസകുരലിനോടും

ആററലഴും പൊരുതരണഭൂമിയെങ്ങും
അടലസുരനടലറുത്തു കീറുവതിന്നായ്
മത്തമൊടു ദേവരാജൻ പടയ്ക്കപ്പെട്ട
തിറമുടയാൾ ഇന്ദ്രാണി തോന്നിനാളേ.

എന്നിപ്രകാരമേ തോന്നിയ മാതൃക്കൾ ആറുപേരും നിജനിജ താതന്മാരായ ദേവന്മാരെ കണ്ടു നമസ്കരിച്ച് ഉണർത്തിത്തുടങ്ങീതേ.

ഏതൊരു പണി വിടയ്ക്കായ് ഞങ്ങളെ തേററി നിങ്ങൾ
ഭൂതലമെടുപ്പതിന്നോ പൊരികടൽ കുടിപ്പതിന്നോ
മതിരാഗിരിയോ മററും മലയെടുത്തു മറിപ്പതിന്നോ
കാതലാൽ ഞങ്ങൾ വേണ്ടും കാരിയം അരുൾചെയ്യെന്നാർ.

കാരിയമരുൾചെയ്യെന്നു കനലെരികണ്ണിനോടും
നാരിമാർ കേട്ട നേരം നാരണൻ പരശുപാണി
ധാരണി പടത്തോന്നിന്ദ്രൻ ശങ്കരൻ കുമാരവീരൻ
ധീരനാം യമനും കൂടെ തിരുവമരോടു ചൊന്നാർ.

ചൊന്നതു നന്നു നിങ്ങൾ ചുരികുഴൽ മടന്തമാരേ
തന്നൊടു സമമില്ലാത ദാരികനഖിലലോകം
ഉന്നതഭുജബലത്താൽ ഒക്കെയടിപെടുത്തു നിങ്ങൾ
ചെന്നവൻതന്നെ കൊന്നു ജഗത്തിനെ രക്ഷിക്കെന്നോർ.

ജഗത്തിനെ രക്ഷിക്കെന്നു ദേവന്മാർ ചൊന്ന നേരം
നകത്തെഴുന്തവർ കൈകൊട്ടി ഞങ്ങളെ നിങ്ങളേററം
മികത്തെഴും സാമർത്ഥ്യത്താൽ വീര്യഗാംഭീര്യത്തോടും
പകട്ടെഴുമസാരത്തിന്നോ പടത്തിതു നമ്മെയെന്നാർ.

ആറു ചൂടുന്ന ദേവൻ ആതിയാം ദേവന്മാരെ
തേറി നിന്നടികൾ കുപ്പി ദിവ്യമാതൃക്കൾ ചൊന്നാർ
ഏറുവാഹനമെങ്ങൾക്ക് ഏതു രാക്ഷസരെ കൊൽവാൻ
വീറൊടു പോർ കിടപ്പാൻ വീര്യമതു തരികയെന്നാർ.

എന്നതു കേട്ട നേരത്തീശനും ഋഷഭം നല്കി
വെന്നി ചേർ വിഷ്ണുവവൻ വിഹംഗമപതിയെ നല്കി

നന്നിയോടയനുമന്നം നൽകിനാൻ യമനും പോത്തു
കുന്നുരുകവേലറിന്ത കൊററവൻ മയൂരം നല്കി.

നല്കിനാനിന്ദ്രൻ മറേറ നാലു കൊമ്പുള്ള മത്ത-
ത്തോൽക്കരിതന്നെ കൊടുത്തു ചൊല്ലെഴുമമരരെല്ലാം
മല്ലണിഭുജവെലത്താൽ മാറില്ലാ പടകൾ തോററി
വല്ലസുരേശനെപ്പോയ് വധിക്കയെന്നരുൾ കൊടുത്താർ.

കൊടുത്തളവാർത്തു സേന കുതൂഹലമോടു പൊങ്ങി
പടിത്തലം കുലുങ്ങുംവണ്ണം പാവന്മാർ തന്നെ ചൂഴ്ന്നു
ഇടിത്തിതു വാദ്യനാദം എത്രയും തിങ്ങി വിണ്ണിൽ
പൊടിത്തിതു കണ്ണിൽ ചെന്തീ പുരികുഴൽ മടന്തമാക്കും.

മടവയർ ഗവുരീ പങ്കൻ മാലയനമരകോമാൻ
വടിവെഴും കുമാരവീരൻ മഹിഷവാഹനനെന്നിവർ-
കൾപാദം
മുടിയുറ വണങ്ങിയമ്പാൽ മുററിയ സേനയോടും
കൊടിയ പോർ ചെയ്യാനായി ഘോരമായാർത്തെഴുന്താർ.

ആർത്തെഴുന്നളവിലമ്പാൽ ആടരമണിയും പിറേറൻ
കീർത്തി ചേർ നാരദാ നീ ഗുരുവെഴും മടന്തമാക്കു
ആർത്തിയൊന്നണയാതുണ്ണം അരിയ ദാരികവൃത്താന്തം
വാർത്തയായുണർത്തിയെങ്കെ വഴികളുമറിയിക്കെന്നു".

എന്നതു കേട്ട നേരത്തിനിയ ദേവഋഷിയും ചൊന്നാൻ
ചെന്നിതു വയസ്സു സ്വല്പം ചിക്കനെത്തളരും ദേഹം
ഒന്നു കേൾ വഴി നടപ്പാനൊട്ടുമേ വശമല്ലല്ലോ
ഒണ്ണുതൽ പെങ്കൾ കൂടെ കൂടവേ കൂട്ടപ്പോമ്പാൽ.

കഷ്ടമേ കൂട്ടു പോയാൽ കഴിവുകൾ കെടുക്കമാറേ
മുട്ടുകൾ പറവർ പിന്നെ മുത്തുനരത്താടി കണ്ടാൽ

പൊട്ടന ചിരിപ്പരേത്തും പൊറുതി യില്ലിനിക്കിവെല്ലാം
നഷ്ടരാം നാരിമാർകൾ നടെപ്പത്തും പൊറുക്കവെല്ലോ.

പൊറുതിയൊന്നില്ലയാതാ പുരികുഴൽ മടന്തമാൎക്കു
ഗുരുവുകളേറെ ഒണ്ടാം കേട്ട വന്തണെയും കാലം
അറിവുകളേത്തുമില്ലാ അവിവേഗമെന്നതല്ലാൽ
മറെറാന്നും കണ്ടതില്ലോ കണ്ടതിൻപേർകളെല്ലാം

കാട്ടിൽ നിന്നുരയ്ക്കുവേണം ... ... ... ... ... ...
ഒണ്ടൊരു കുടിൽകളെങ്കിൽ ഒക്കവേ തിരിയവേണം
ചുണ്ടിനും കീഴെ ഒള്ള ദൂഷണം പറവോർ പിന്നെ
ചണ്ടികളിവരെയെന്നാൽ പടയ്ക്കു ഞാൻ കൂട്ടപോയാൽ

കൂട്ടെന്നും കുടകളെന്നും കൊള്ളിക്കോ ഇത്തു ചൊല്ലുന്നു.
പോട്ട വല്ലെടെക്കൂട പോയിനാൽ ദാരികൻതൻ
നാട്ടിലേ ചെന്നിറങ്ങും ഞാനൊരു വൃദ്ധനിങ്ങ
വീട്ടിലേ കിടന്നു പോട്ടേ വേദനപ്പെട്ടതല്ലായേ.

ഏവമോരോന്നേ ചൊല്ലി ഏന്തിഴമാർകൾ കൂട
പോവതിനരുതാഞ്ഞിട്ടു ബുദ്ധികൾ പറഞ്ഞു നില്ക്കും
ദേവനാരദനെ പാൎത്തു ശിവനമൊന്നരുളിച്ചെയ്തു
ഏകിന കാര്യമിന്നു് ഇളയ്ക്കരുതെനിക്കു വേണ്ടി.

ഇവ ശിവനരുളിച്ചെയ്ത വാൎത്തയന്നിനിതു കേട്ടു
നാവമണി വീണദണ്ഡും കുണ്ഡികയും വാങ്ങി
ശിവ ശിവ ശരണമെന്നു ദികമ്മരപാദം കൂപ്പി
കുവവിയ മടന്തമാൎക്കു കൂടവേ കൂട്ടപോയാൻ.

### ഇനി പാട്ടു്

പോയ മടന്തയർ പൊറകു ചുനക്കരി
ഭൂതലമെങ്ങുമെരിഞ്ഞു വരുന്നിതു

കായമതീവ വിറച്ചതിവാളും
കരത്തിലിടിക്കനൽ പോൽ വിലസുന്നിതു

തുയ്യ വരാഭരണങ്ങൾ വിളങ്ങിന
ശോഭകളെത്ര മനോഹരവിസ്മയം
ഏശിന വാഹനമേറിന ഭംഗികൾ
യാതൊരു ഭൂതരെത്തുപ്പത്തു ഭൂമൗ.

ഭൂപൊടികമ്പമെഴും പടയോടു
പുനപ്പുനലാത്തെഴും ഘോരനിനാദവും
നൂപുരചപ്പമതീവ പുലമ്പിന
നുരവിധം പലർ കൂറിന ഓൽകൾ

ദീപിതവാദ്യപരാപരഘോഷം
ജഗത്തിലിടിക്കനൽ പോൽ വിലസുന്നിതു
സ്ഥാവരയൊക്കെയടിപ്പെട്ടമാത്തിതു
ദാരിക ലോകവുമററ പെരുമ്പട.

ഉററ പെരുമ്പടയോടണിപാവയർ
ഒക്കെത്തുവിസ്മയമോടസുരാധിപൻ
അററമിലാത്ത പെരുമ്പടയോട്ടട-
നത്ഭുതമന്നഗരം ദരിശിച്ചിതു.

മുററിയ പൊൻമതിലും കിടങ്ങുകൾ
മുററുമിണങ്ങിന യന്ത്രപാലങ്ങൾ
കൊററമില്ലാതന മാമണിമാളിക
കൊററമെഴും കൊടി തോരണമെന്നിവ

തോരണമേറിയ വാരണപന്തികൾ
തുയ്യ തുരങ്ങമമുന്നന പന്തികൾ
തേരണിവീഥികൾ പോരണിയും പടി
ധീരതമേവുമരക്കർ കുലത്തിനു

കാരണന്നാകിയ ദാരികനററമർ
കാതൽമികം പവനം പടവീടുകൾ
സാരസമം പൂതടം കിരിമന്തികൾ
സ്ഥാവമണം കലരും വളർപൂമരം.

## ഇനീ ചൊല്ല്

എന്നിവയെല്ലാം കണ്ടവരപേർ മാതർ
എരിഞ്ഞു പരന്നെഴും കോപത്തോടെ
കുന്നുകളുമിടിഞ്ഞു മഹി കുലുങ്ങുംവണ്ണം
കുടിലമണിക്കടലേഴും നടുങ്ങുംവണ്ണം

ഒന്നു ഭയം വരുമാറുമാത്തനാദം
ഉററിതന്നു ദാരികൻെറ ചെവിത്തലത്തിൽ
തല തരിപ്പൊടാരേ ഇതു ചെയ്തതെന്നു
ഝടുതിയുടനറിഞ്ഞിഹ നീ വരികയെന്നു

ഉലകനത്തും അടിപെടുത്ത ദാനവേന്ദ്രൻ
ഒരു ദൂതൻതന്നെ വിട്ടാനവനും ചെന്നു
മല കണക്കെ ഉയർന്നതൊരു ഗോപുരത്തിൻ-
മഹാവാതൽ കടന്നു പുറത്തു ചെല്ലുന്നപ്പോൾ
അലകടൽക്കു സമമിയന്ന പടകളോടും
അവരപേർ മാതൃ നിന്നതിനെക്കണ്ടു കേട്ടാൻ.

കണ്ടവനും മാതൃക്കളോടു കേട്ടാൻ
കലിയുഗമോ നിങ്ങൾ വന്നു കാട്ടുന്നിതു
പണ്ടൊരുത്തർ ദാരികനോടെതിർത്തൊരൊണ്ടോ
പാവമാരാം നിങ്ങൾക്കിതാവതോ താൻ.

എണ്ടിശയും രാജേന്ദ്രനോടെതൃപ്പതിന്നു
നിങ്ങളെ ആർ വിട്ടതെന്നാൻ മണ്ടി
നിങ്ങൾ പൊയ്ക്കൊളുവിൻ ദാരികനും
മതിൽപുറത്തു വരും മുന്നേയെന്നാൻ ദൂതൻ.

എന്നവനെ പിടിച്ചു കെട്ടി അറുപേർ മാതൃ
എത്തിനയുമടിച്ചു തല പൊളിച്ചു പിന്നെ
നിന്നു നിലകേടുകൾ പറഞ്ഞതിന്നു
നിനക്കിതൊരു സമ്മാനമെന്നറിക.

എന്നു ചൊല്ലി ദാരികനു കൊടുപ്പാനായി
എന്തിഴമാരാറുപേരുമായിക്കൂടി
പിന്നെ ഒരു പടവിളിയോല എഴുതിക്കെട്ടി
ഉടനതിനെ ദൂതുവൻതൻ കൈയ്യ്ക്കൊടുത്താൻ.

കൊടുത്തതിനെക്കൊണ്ടു ദൂതനകത്തു പുക്കു
എഴുതി വന്ന വിളിയോല കൊടുത്ത കാലം
അടുത്തു നിന്ന കണക്കരതിലൊരുവൻതന്നെ
അമ്പിനൊടുമണയവിളിച്ചരുളിച്ചെയ്തു.

എഴുത്തിതിൻെറ വാചകങ്ങൾ ഇശമ്പുകന്നു
എഴുതി വന്ന വിളിയോല കൊടുത്ത കാലം
അടിത്തലവും തൊഴുതു മെല്ലെ വാങ്ങിയൊട്ടും
അറയാതെ വിളിയോല വായിച്ചാനേ

അറുപേരായ മാതൃക്കളോല ഇതു
അസുരകുലമണിമവ്വലിദാരികൻ കാൺക
അറിവുകേടും കറനെറിയും കെടുത്തു ലോകം
ഗരുവിനൊടുമെനിയ്ക്കു സമമില്ലയെന്നു

ഗംഭീരം പറഞ്ഞു സിംഹാസനവുമേറി
അറ ഞെളിവോൻ തന്നെയരുത്തടർക്കളത്തിൽ
അടുക്കുവതിന്നിതാ ഞാങ്ങൾ വന്നു നിന്നേൻ.

നിന്ന ഞാങ്ങളോടു വന്നു യുദ്ധം ചെയ്കിൽ
നിമിഷത്തിൽ കൊന്നു കുടിക്കറയാം നിന്റെ
കുന്നു കണക്കെ വളർന്ന ദേഹമെല്ലാം ക്രൂരചെയ്യു
ക്രൂച്ചി നരി നാകളോടു വന്നു കഴകുണ്ണുമാരു
ചമക്കുന്നൊരണ്ടേവാ പറകല്ലാണാകിൽ പോന്നു പോരേ
എന്നു നിജ ചെവി പൊറാത്ത വാചകങ്ങൾ

എടുത്തുരത്തപടി കേട്ടാൻ ദാനവേന്ദ്രൻ.
കേട്ടവന്നു ചിരി കിളർന്നു പിന്നെയൊട്ടേ

കിളർന്ന കോപത്തീയെരിഞ്ഞു ഒട്ടേ പിന്നെ
നാട്ടിലൊരു മുടിവിത്തു പോൽ നാരിമാർകൾ
നമ്മെയിന്നു അമർ പൊരുവാൻ വിളിച്ചുവാറോ
കൂടിയുടനവരുപേരെയും പിടിച്ചുകെട്ടി
കൊണ്ടരികയെന്നു പടയുള്ളാട്ടരക്കൻ എന്നു
കോട്ടെക്കിറൻ തന്നോടുരത്താൻ ദാനവേന്ദ്രൻ

കൊട്ടമയിനാലവനമഥ പിറപ്പെട്ടാനേ.
പിറപ്പെട്ട പടയുള്ളാട്ടരക്കൻ പെരികയെഴ-

മക്ഷോഹണിപടകളോടും തിറത്തിനൊടും
ഉരത്ത ഗോപുരം കടന്നു ജഗം നടുങ്ങുമാറലറി
അടുക്കുന്നേപ്പോൾ ഉരുക്കിയുടൻ പടയടക്കം കൊ-
ന്നുടനവനയുമെന്നു കൊട്ടുത്താത്തു ഘോരതരം
പടയുള്ളാട്ടരക്കനും കൊട്ടുമ്പടയും പട്ടിതന്നു

ദാരികൻതന്നഗ്രജൻതന്നെ വിട്ടാൻ പിന്നെ
പരസിച്ചിട്ടവനുമഥ കോപത്തോടേ പാർകുലുങ്ങെ
ഇരുപത്തിനാലക്ഷോഹണി പടകളോടും പു-
ക്കാറുപേർമാതരോടു പോർ കിടച്ച കാലം
ഉരുക്കിയുടെൻ പൊരുത്തു പടയോടവനെ സംഹരിച്ചാർ.

സംഹരിച്ചവാറു കേട്ടു ദാരികനും
ചണ്ഡികളെ മടന്തയരെയെന്നാൽ
ഞാനിങ്ങിരിയ്ക്കുയല്ല ഇനിക്കാര്യം
യുദ്ധമെനിക്കൊരിക്കൽ കാണണമെന്നു ചൊല്ലി
ദാരികനും പൊങ്ങിയെഴുന്ന
സിംഹം ഗുഹയിൽനിന്നു പുറപ്പെട്ടപോലെ
പടയ്ക്കു ഭംഗം തങ്ങിയ ഗോപുരദ്വാരം കടന്നു ചെന്നു
സാഗരംപോൽ സേനാപരിവൃതനായാനന്നേ.

അന്നസുരൻ ദാരികനെ കണ്ടവാറേ
അറുപേരായ മാതൃക്കളൊത്തു രണേ
കൊന്നു നിൻെറ കുലമറവെ നശിപ്പാനായേ
കുറുകിയുടൽക്കാമാറുവന്നു നിന്നെ
ഇന്നിവി നീ പോയ്യിഴപ്പതാകിൽ നന്നെ-
ന്നീടിയലറും പോലലറിപ്പറഞ്ഞു ചെമ്മേ
ഒന്നി വന്ന മടയരെക്കണ്ടരക്കൻ
ഉരം ചെയ്‌വാൻ നിങ്ങളെ ആരു വിട്ടിതെന്നേ

വിട്ടവർകൾ നാമമെന്തു വിരുവിനൊടു ചൊൽക
എന്നതിനെക്കേട്ടു മട്ടമെഴും മലരയനാർ
പടയ്ക്കുപ്പെട്ട മങ്കയഹം ബ്രഹ്മാണിയെന്നിനിക്കു നാമം
ഒട്ടുമിനി വൈകാ ദുരാത്മാ നിന്നെ ഉടനടലിൽ

കൊന്നു യമപുരത്തിനായേ വിട്ടഖിലലോകമെല്ലാം
പടയ്ക്കപ്പെട്ട വിരിഞ്ചനടി കുരുകുന്നേനെന്നാർ മുന്നം.

വിരിഞ്ചനെ ഞാൻ അറിവേൻ പണ്ടു പൊളി പറഞ്ഞാൻ
വെട്ടിപ്പോയതിനാലെ തലയുമൊന്നു
നിരന്തരവും ജപിച്ചിരിക്കുമത്രേ പോലും
നിയതവുമങ്ങൊരുത്തി നാക്കിലിരിപ്പൂ പോലും
തരം പറവാനെത്രയും സമൎത്ഥൻ പോലും

താനൊരുവൻ പൊക്കിളിൽ നിന്നുണ്ടായി പണ്ടു
ഉരം പെറും മലരയനാർ പടത്ത പെണ്ണോ
ഉരം ചെയ്യാൻ വിളിച്ചതെന്നാൻ ദാനവേന്ദ്രൻ.

ദാനവനേ! ഈശ്വരനാൽ പടയ്ക്കപ്പെട്ട
തരുണിയഹം മഹേശ്വരിയെന്നെനിക്കു നാമം
വാനവൎക്കു പീഡ ചെയ്യും നീചാ നിന്മേൽ
വടിവെഴുമ്മൽശ്ശൂലമുന തിരുകിക്കൊന്നു
കാനനത്തിൽ വാഴും പേ പിശാശ്ശുക്കൂടി
കവന്നുണ്ണുമാറു വിരുന്നൂട്ടി
ദീനത വരാതെ പൊന്നിൻ ശ്രീകൈലാസത്തു മേവും
ദേവദേവൻ ശ്രീപാദം അണയുന്നേനേ.

അണയ വന്നു ചൊന്നകേട്ടു പറയവേണ്ടാ
അറിവൻ ഞാൻ നിന്നപ്പൻ ഒട്ടു സ്വല്പൻ
തുണിയുടുപ്പാനില്ലാഞ്ഞു പുലിത്തോൽ പൂണ്ടു
ചുടലയിലെ ചാമ്പലുമൊട്ടേററം പൂശി
കണമൊടു പേ പട ചൂഴ നടംകു നിൽക്കും
കാട്ടിൽ വാഴും വീട്ടിലെങ്ങും കണ്ടു കിട്ടാ
ഗണികയായ നിന്നെ വിട്ടതഴകിതെന്നാൻ
ഗൎവതിനാം ദാരികനാം ദാനവേന്ദ്രൻ.

താനൊരുവൻ വിശ്വരൂപമായ ദേവൻ
സകലഗുണഗണനിലയൻ സത്യസന്ധൻ
വാനവരും മുനിവർകളും വണങ്ങി വാഴ്ത്തും
വാരിധിയിൽ പള്ളികൊൾവോൻ പടത്ത പാവ

ഞാനൊരുവീ വൈഷ്ണവിയെന്നെനിക്കു നാമം
നന്മ കളഞ്ഞനാചാരം ചെയ്യും നിൻെറ
പ്രാണഹാനി വരുത്തി ഹരികേശവൻെറ
അടിത്തലങ്ങളമ്പിൽ നാട്ടുമണയുന്നേനേ.

അണയുന്നൊണ്ടെങ്ങ നോക്കിയങ്ങു വന്നാൽ
അടിച്ചു തല പൊളിച്ചു മൂക്കുമറുക്കുന്നൊണ്ടു
തുണയും കൊണ്ടിങ്ങു നോക്കിയെന്നാൽ
തൂക്കിയെടുത്തെറിവേനില്ല ഈഞ്ചക്കാട്ടിൽ
ക്ഷണം നേരം ഇരുന്നുകൊൾവാൻ വശമല്ലാഞ്ഞു
കിടക്കുന്നു നിന്നല്ലൂൻ ഞാഞ്ഞൂള്ളിമേൽ
നണ പറയാതവായല്ലറിവൻ എന്നു
നണയിലൊളം കരുണയില്ലാതരക്കർകോമാൻ.

മാനിതനാം മൈലേറുമ്മുരുകനാലെ
മഹിമയൊട്ടു പടത്ത പാവ ഞാൻ
ഊനമില്ല വേലിടിത്തീയെന്നും വണ്ണം
ഉരമിളക്കി അട്ടഹാസമിട്ടു പിന്നെ
സേനയൊട്ടു പൊരുതു പടയടക്കം കൊന്നു
ശിരം തുണിപ്പാനാകിലതുമൊഴിച്ചുകൊൾ നീ.

ശംകയിന്നിയെന്നൊട്ടമമർ കിടച്ചു
സമരഭൂമിതന്നിൽ നിന്നു വായും പേശി

ഭംഗിയൊട്ട കുണ്ടാട്ടം പറകിൽ നിൻെറ
പല്ലിടിച്ചു പൊഴിപ്പെന്നേത്തും വൈകീടാതെ
ചെങ്കയിൽ വേലേന്തും നിന്നപ്പൻ
തിന്ന കാക്കം കുറത്തി കൂടെ ഉറങ്ങും പോലും
ഭംഗികേട്ട പെരികെയുണ്ട നിനച്ചു കണ്ടാൽ
പാത്തുവേണം എന്നോട്ട പട്ടയടുപ്പാൻ.

എടുത്ത പടയ്ക്കസുരകളെ ജയിച്ചു ലോകം
ഏററമൊട്ട പുകഴ് നിറുത്തുമിന്ദ്രനാലെ
പടത്തതൊരു പാവ ഞാൻ പേരിന്ദ്രാണി
പാപിയതാം നിന്നെയിന്നു പടകളോട്ടം
മുടിപ്പനെന്നസുരാപതക്കളും വാച്ചീ
മുദിതയായി ഇന്ദ്രാണി ആത്തു പുക്കാൻ.
ഇന്ദ്രനോയവൻ നല്ല ഗവ്വീ എന്നോടെതിത്തു
തോറേറാടിയതിൻ കണക്കർ ചൊൽവോർ
പന്തിരുമാറൊണ്ടവനു കുടരു പണ്ട

പുരമുനി ഗൗതമൻെറ ശാപത്താലെ വന്തതൊരു
ചരിത്തു കേട്ട വെളിയിൽ ചൊൽവാൻ പണിയരുതേ
നിന്നെയിന്നു പാത്താലതോക്കംതോറും
നിന്നെയിന്നമവനേത്തുമിളയ്ക്കുന്നില്ലേ
നിന്നെ വിട്ടതഴകിതെന്നാൻ ദാനവേന്ദ്രൻ.

താനൊരുവൻ വിശപത്രുപമായ ദേവൻ
സലകജഗത്സംഹാരം ചെയ്യാൻ പോലെ
വടനളവും നീണ്ടിളു ഷൺമാതുമേനി

മഹാമേരുമല കണക്കേ ദീപിക്കുന്ന
ആനയൊടു തേർ കുതിര ദാതിവിയൊടും
ആൎത്തു രണമിയങ്ങുമാക്കും വണ്ണം
മാനിതനാമരക്കനൊടു പോർ കിടച്ചാർ
മാതൃക്കൾ മഹാകോപവേഗത്തോടേ.

## ഇനി പാട്ട്

വേൽ പെട്ടു പട്ടും ചില രാക്ഷസന്മാർ
വിനതാതനയൻ ചിറകൊടു നേട്ടം
കാൽ പട്ടു പട്ടും ചില രാക്ഷസന്മാർ
കരവേഗമൊടേ മടവാർകൾ വിട്ടും.

കോൽ പട്ടു പട്ടും ചില രാക്ഷസന്മാർ
കുടർ ചിന്തിട ഇന്ദ്രനുടെ കരിതൻ
വാൽ പട്ടു പട്ടും ചില രാക്ഷസന്മാർ
വരപോലുരുളുന്നിതു യുദ്ധക്കളം.

യുദ്ധത്തിൽ മരിച്ചസുരൗഘപർത്തൻ
ഉടൽനിന്നൊഴുകും കുരുതിപ്പുനലിൽ
തത്തിത്തലകൊത്തിയടുത്തുയര-
ത്താകുന്നിതു വൻകഴുകന്നിതരം

ചിത്തത്തിലൊരിമ്പമിയന്നുടനെ
ചില പേകൾ കുടിച്ചു മതിച്ചു തുലോം
എത്തി കുതികൊണ്ടു നടന്നുടനെ
ഇടനിന്നുടനാടിക്കുറത്തലയും

തലയററരയററരയററ ഭുജം
മലയററ മരാമരമററതുപോൽ
നലമുററ ശശിക്കലയൊത്തകിറും
നല്ല മുട്ടു മുഴംകഴലററ വിഴും

നിലയുററലയുംപടി കണ്ടുടനെ
നിനവുററാനെ എന്നതിദാരികനും.

കനമൊട്ട പോർ കിടച്ചു പടയൊട്ടക്കം മാതൃതൻെറ
കരുത്തുകളെ ഞാനൊരിക്കലെറി്ഃവനെന്നു
മനസ്സിൽ നിനവൊട്ട നിന്ന ദാനവേന്ദ്രൻ
മഹിമയില്ലാതതിവേഗമുടയതൊരു
വനതയരൊടായുധങ്ങളെടുത്തു യുദ്ധം
മഹാവീരന്മാൎക്കു ചെയ്യ യോഗ്യമല്ല
ഇനിയതു ഞാനിളപ്പിതെന്നു മരാമരത്തിൻ
ഇലയുതിരപ്പിഴതെറിഞ്ഞൊന്നിടിപോലാൎത്താൻ.

ആൎത്തു മരാമരങ്ങുഴററിയസുരരാജൻ
അറുപേർ മാതൃപടയടക്കം പൊടിയായ് ചെയ്തു

ചീൎത്ത മരാമരമരിഞ്ഞു വീഴ്ത്തിപ്പിന്നെ ദിനകരയെപ്പോൽ
നിറന്നു വാണം ഞാണിൽ കോൎത്തു വിട്ടാം കൗമാരി.

കൊണ്ടിതന്നു ദാരികൻെറ മാൎവ്വത്തു
വേലിടിത്തീ വീഴുംവണ്ണം വെലമെഴന്നു
നിന്നതൊരു മുഹൂൎത്തത്താലെ വേറായു
മോഹമതും വരപെലത്താൽ ചലിയാതെ
നിജമാർഗ്ഗിലൂന്നി നില്ക്കും ശരം പിഴതാൻ
അതിൻവഴിയേ പൊടിച്ച ചോരി
നിലമതിൽ വീണ്ണെരിഞ്ഞപോതു
പിറന്നിതത്ര ശതസഹസ്രകോടി ഉപദാരികന്മാർ.

മാരിയന്നും മരാമരങ്ങളെടുത്തെറിഞ്ഞും
മററുമോരോ പൎവ്വതങ്ങളെടുത്തെറിഞ്ഞും

വീയ്യമെഴുമോരോരോ ദാരികന്മാർ
വിണ്ടളവും മുട്ടമാറുവരുന്നതെല്ലാം
നാരിമാർ കണ്ടിവർകളോടമർ കിടപ്പാൻ
നമക്കരുതു എന്നഭിമാനഭംഗത്തോടും
ഘോരതരം ആയുധങ്ങൾ കളയുന്നോരും
മററുമേറു വാഹനങ്ങൾ കളയുന്നോരും
കാതിലിട്ട പണി കളഞ്ഞോടുന്നോരും
കങ്കണങ്ങളിട്ടകളഞ്ഞോടുന്നോരും
മോതിരങ്ങൾ നൂപുരങ്ങൾ പാടവങ്ങൾ
മുററുമിളന്നോടുന്നേരത്തപ്പോൾ
ഭൂതലവും ചാഞ്ചാടുംവണ്ണം ചെന്നു
പിടിപ്പിനെടാ മാതരെയെന്നരക്കർകോമാൻ.

എന്നിപ്രകാരമേ ദാനവപതിസൂനു ദാരികനെ ഭയപ്പെട്ടു വൃക്ഷജാലങ്ങളാലും പക്ഷിജാലങ്ങളാലും പുഷ്പജാലങ്ങളാലും വാരണസിംഹവ്യാഘ്രാദികളാലും ശോഭിക്കപ്പെട്ട വിശ്രുംവിശ്രുന്മുമീപൂമി ആരണ്യം നോക്കി ഓടി ഒളിച്ചു പോയിനാർ മാതൃക്കളൊറുപേരുന്താനേ. ഓടിക്കൂടി ദാരികനും മാതൃക്കളെ കാണാതൊഴിഞ്ഞു മീണ്ടും പോന്നു മൂന്നു മുന്നൂററിക്കോൽ അംളവു വിയനാലെ ഉയച്ച്യുള്ള നാടകാണിമണ്ഡപത്തിൽ കരയേറി ഇരുന്നു ജയസ്തംഭം കൊടിയും നാട്ടി ജയസ്തംഭം ചെലുത്തുകയും വെററിച്ചിഹ്നം പിടിപ്പിയ്ക്കയും വെററിമുരശറിയിയ്ക്കയും ചെയ്യത്തുടങ്ങിനാൻ മണിമുടി ദാരികരാജപെരുമാൾ താനേ.

## വേറു പാട്ടു്

ഹരശംകരനംബികാവല്ലഭന്ദ
അറിവുള്ളിലെല്ലോളമില്ലായ്കയിനാൽ
ഒരു പെണ്ണിനെ എന്നൊടു നേർപൊരുവാൻ
ഉളവാക്കി അയച്ചതുമാശ്ചര്യം.

പരശ്ശും മൃഗവും വൃഷഭക്കൊടിയും
പരിശൊള്ളുന വീണയുമേന്തി
നിരന്തരമങ്ങവൻ വാഴ്ന്നകരം കുലയാ
തരമേററുക വെററികൊള്ളും പറയേ.

നീലാഞ്ജനമേനി നെടുന്തിരുമാൽ
നിജമായയിനാലൊരു പെണ്ണുരുവായി
മൂലാന്തവുമെന്നോടങ്ങൊന്നറിയാ
മുന മുട്ടി ഉടഞ്ഞൊരു പേടിയൊടും

ഏലാത പെരുവഴി കൊണ്ടുടനേ
ഇടർപെട്ടവൻ വാഴ്ന്നകരം കുലയാ
പാലാഴിയിലൊച്ച കൊള്ളുംപരിശേ
പറ കൊട്ടുകയെന്നാനെ വല്ലസ്വരൻ.

പലതായ ചരാചരഭൂതങ്ങളെ
പരിശൊട്ട പടത്തവനന്നെതിരേ
ഉലയാതമർചെയ്തു ജയം പെറുവാൻ
ഒരു പെണ്ണിനെ വിട്ടതും പൊട്ടല്ലയോ

തിലവേദവുമോതി ഞെളിഞ്ഞു വാഴും
തെളിവേറും സരസ്വതി ദേവിയൊടും
അലിവൊടമരുന്ന മഹാനകരി-
ക്കഴിവേകി അടിക്ക പെരുമ്പറയേ.

ഉലകത്തിനിലൊക്കെ നടന്നു നട-
ന്നൊരു നാളൊഴിയാതെ നടന്നിരന്നു
ബ്രഹ്മന്തല വെട്ടിയ ഹേതുവിനാൽ
പിഴയന്നു കൊണ്ടാണ്ടിയ തായമരും

അരനാർമകനന്നു നിന്നിച്ചവനങ്ങാരും
നല്ല പെണ്ണു കൊടായ്കയിനാൽ
പരിശൊട്ട കുറത്തിയെ കൈപിടിച്ചോൻ
ഭവനത്തിനടിയ്ക്കു പെരുമ്പറയേ.

ഉലകത്തനിന്നുള്ള ജന്തുക്കളുടെ
ഉയിർകൊണ്ടു ഞെളിഞ്ഞു നടപ്പതെല്ലാം
വിലസ്സില്ലിതിനെന്നു വരുത്തുവൻ ഞാൻ
വഴികേട്ടകളെന്നൊട ചെയ്കതിനാൽ
വിലമീടിന ദണ്ഡൊട്ട പാശങ്ങളും
വില വെയ്കിയടിയ്ക്കു പെരുമ്പറയോ.

മുനിതന്നുടെ അസ്ഥിയും വാഴ്ത്തന്നിൽ
മുറുക്കീട്ട പടയ്ക്കുന്നോടെത്തുമെന്നാർ
കനമാന്നയിർവാളികറം കൊണ്ടുടനേ
കരഞ്ഞിട്ട പറണ്ടോടി ഒളിച്ചതെല്ലാം
നിനയാതവൻ പിന്നെയുമെന്നോടോരോ
നിലകേട്ടകറം ചെയ്കുടനേയമരും
ഇന്ദ്രതാമമരാപുരി പൊട്ടിടവേ
ഇടിപോലെയടിയ്ക്കു പെരുമ്പറയേ.

## ഇനി ചൊൽവു

എന്നിപ്രകാരമേ ദാരികൻെറ ജയസ്തംഭഘോഷവും സിംഹനാദഘോഷവും വെററിപ്പറയറയുന്ന ശബ്ദവും ഘോരതരം കൈലാസമലമേൽ കേട്ട ശ്രീ പരമശെപരൻ ഉമയോടൊന്നരുളിച്ചെയ്തു.

ദാരികനെ കൊൽവാൻ പോയവൎക്ക സംകടങ്ങളേതാന്നുമൊണ്ടായിട്ടോ ദാരികനെ മാതൃക്കറം വധ ചെയ്തിട്ടോ ശബ്ദമിതു ഭയങ്കരമായി കേട്ടതെന്നു്. എന്നാലിക്കേട്ട ഘോഷം അറിവാനായെ ഇനി യാരുമിവിടെനിന്നു പോവോരില്ലേ എന്നീശനരുളിച്ചെയ്യുന്ന കാലം

ഋഷിമുഖ്യൻ ദേവമുനി നാരദന്താൻ വന്നീശൻ തിരുവടിയെ വണങ്ങ ന്നേരം, വരികയെൻെറ ദേവയിരുഷി വിരയപ്പോയ് നീ ഒന്നായ ദാരികലോകത്താമാറുണ്ടായ ഘോഷമെന്തങ്ങറികയെന്നേ.

അറികറുഴപർ മാതൃക്കളാറുപേരെക്കൊ-
ന്നാപ്പട്ടത്ത ശബ്ദമോ മററവരെയവൻ
വെറുനിലത്തു വെന്ന ജയസ്തംഭമോടേ
വിസ്തരിച്ച ഘോഷമോ ഇക്കേട്ടതെന്തെ
ന്നങ്ങരനരുളിച്ചെയ്ത കാലം.
അങ്ങമിങ്ങും നടപ്പാനും ഞാനേ ഒള്ളു
പറപറായിപ്പാടുന്ന പാട്ടു കേളായീ
പരിയത്തു പഴുങ്ങവോക്ക ചെല്ലരുതോ
അരുതെനിയ്ക്കുന്നന്ന ദൂതനായി ചെന്നവര-
വരു പറയുന്ന ഭാഗം കേൾപ്പാൻ.
നര ജരയും സംഭവിച്ചിതെനിയ്ക്കോ സ്വാമി
നാലു കോടി വയസ്സു ചെന്നു കാലുമാകാ
ചിരതരവും സ്വാമി നിൻ ദേവാരത്തിൽ സേവിപ്പാൻ
വാരായ്കിലവയും കുററം കുററമെങ്ങൾക്കൊരു
തവനം ഒഴിയാതെ ഇവിടെ ഒള്ള കണ്ടപ്പണി
ചെയ്യാനുമടിയൻ വേണം.
അടിയനൊട്ടരുതു പോവാൻ മററാരാനെ
അന്വേഷിച്ചു കല്പിക്കേ വേണ്ടുയെന്നു മടിയാതെ ചൊല്ലിയ
നാരദനെപ്പാർത്തു മഹാദേവന്തിരുവടിയുമരുളിച്ചെയ്തു:-

കൊടിയോനാമസുരവീരപ്രഭുക്കൾ മുമ്പിൽ
കോഴ ക്രൂടാതൊരു വചനം എടുത്തുരപ്പാൻ

223380 MUL
UNIVERSITY LIBRARY JAN 1962 MADRAS

വടിവിനൊടു സാമത്ഥ്യമുള്ളവൻ നീ
വാക്കിൽ പതിച്ചു നിന്നെപ്പോൾ വശമിനിക്കാമോ?
ആമാറുംകൊണ്ടു ശിവനീവണ്ണമരുളിച്ചെയ്തവസ്ഥ കേട്ടു

നാരദന്താൻ

പോമാറദ്ധ്യവസിച്ചരൻതൻ പുത്തുംകളിയ്ക്കും വീണ
വലത്തേത്തോളിക്കൊണ്ടു ദണ്ഡും കുണ്ഡികയും
ധീമാനമുററട്ടത്തസുരപുരത്തിന്നായെ തിരിച്ചാൻ
മുപ്പുരത്തെ മുററുമെരിച്ചോൻഭക്തൻ.
ഭക്തികൊണ്ടു ശിവ ശിവയെന്നൊട്ടുമൊട്ടേ
പട പേടിച്ചുടവിത്തോറും പയ്യെപ്പയ്യെ
പിത്തരെപ്പോൾ എത്തിയെത്തി പാക്കും പിന്നെ
പിടിച്ചു വിട്ട ഈരച്ചു പോലെ വേഗം ചെല്ലും
ഇത്തരമായി നടന്നു നക്തഞ്ചരവര-
ന്തന്നിടവ പുക്ക ഇനിയ മുനി നാരദന്താൻ
ഉത്തമരാമരുപേർ മാത്രപടയെന്നോത്തു
ഉടനസുരപ്പെരുമ്പടതൻനടുവേ പുക്കാൻ.
പുക്കളെവിലസുരകോമാൻ
പടനിലത്തിപ്പൊരുതരുവർ മാതരെയും ആട്ടി ഓട്ടി
മിക്ക ജയസ്തംഭം വിരുത്യ കഴൽ മരശിനിട-
യിടയിൽ തോന്നാ നൽക്കനകസിംഹാസനവുമതിൽ
മേവും നായകനും നാരദൻെറ വരവു കണ്ടു
ഒക്കരുവർ മാത്രക്കും പിമ്പേ കൂടി
ഒററിവാൻ വന്നതിവനെന്നരത്താൻ.
വന്ന മുനി നാരദനെക്കണ്ടരക്കൻ
വാ വായൊട്ടിപ്പുറം നിൻ പാട്ടു കേൾക്ക-
ട്ടൊന്നിയത്തൊരിയന്ത്രം നിൻ തോളിക്കണ്ട-

തുററ കൊക്കു പിടിപ്പാനായുണ്ടായെന്നോ
എന്നസുരൻ ചൊന്നളവു കൊക്കിയററിയല്ലയിതു
ഘോഷവതി വീണ കൊക്കു തേടി
വന്നവനല്ല, അരനുടെ തിരുമുമ്പിൽ
വീണ വായിച്ചു പാടുവൊരു നാരദൻ ഞാൻ.
നാരദൻ നീയെങ്കിലെന്നെ സ്തുതിയ്ക്കു മററു
നടമാടുന്നവർ പിറകേ നടന്നാൽ എന്തു കാര്യ-
മെന്നു അസുരകോൻ ചൊന്നതു കേട്ടു
കശടരൊടു കൂട ഒരു കാലവും ചെന്നു ചേരരുതേ
ചേരുകിൽ മററവക്കു ചേന്നവണ്ണം
പറഞ്ഞു കളഞ്ഞവിടെ നിന്നു
പോരുവതേ നല്ലതെന്നു ദാരികനെ
പുകഴ്വാനായേ നാരദനും സമ്മതിച്ചാൻ.
സമ്മതിച്ചു തൻവീണയെടുത്തതിൻെറ
സപ്തതന്ത്രിയൊത്തവണ്ണം തട്ടിക്കൂട്ടി
നന്മയൊടു നന്ദിനാട്ടമേളന്തന്നിൽ
നാലിൽ മൂന്നാം സാമദാനഗീതം
ഒണ്മയിതെന്നെടുത്തു കാട്ടി അതിലടക്കി
ഒളിച്ചുവച്ചു ദാരികൻെറ വീരരസം
വന്മയൊടു ചേന്ന ഗീതം പുകണ്ണവൻെറ മനം
ശചാവിൻവാൽ കുഴലിലിട്ട പോലെ നേവ്ട്ടുത്താൻ.
ദാനവൻ വീരമ്പാടി ദാരികാ ദാരികാ നീ
താനൊരു നായുമല്ലാതക്കു
നരി കഴുതയല്ലാ കൃമിയല്ല
ഉടമ്പിലെങ്ങും കുരുടനുമല്ല നീയേ.

നിന്നൊട്ട നികരില്ലാരും നിരുർത്തെന്നെ നിന്നുരുവം
ഉന്നുവാനരുതെന്നിക്കു ഉരപ്പതിനുള്ളിൽ തോന്നാ
ഇന്നു ഞാൻ മതിയാക്കുന്നേനെന്നു നാരദവാക്യത്താൽ
പിന്നെയുമസുരകോമാൻ പ്രീതി കൊണ്ടൊന്നു ചൊന്നാൻ,
ചൊന്നാനെൻമനോഹരിക്കു ദുഃഖം പോമാറു നീയും
നന്നായിട്ടവളെപ്പാടി നാവിനാൽ ചവതഞ്ചെയ്യ
മുന്നെയെന്നസുരൻചൊല്ലാൽ മുനിവരൻ പാടിനാനെ
അന്നു വന്നവയവങ്ങൾ അറിഞ്ഞവണ്ണം ചൊല്ലുന്നേൻ.
ചൊല്ലിയത്തല ചെമ്പിച്ചു തല്ലിയ ചവരി പോലെ
നല്ല പുരുവം കണ്ടാൽ കല്ലിട കരിപ്പുല്ലു പോലെ
അമ്പഴകങ്ങൾ കണ്ടാൽ പൂമ്പഴകം പോലെ
അച്ചെവി പാള പോലെ അട്ട തൂങ്ങിയ പോലെ കാതും
കവൾത്തടം തുടിച്ചു കരിക്കലം കമത്തിയ പോലെ
മൂക്കു മാക്കാന്ത പോലെ മുടമ്പല്ലു കവടി പോലെ
അളവരയധരം കണ്ടാൽ കുളവരമ്പുയന്ന പോലെ
വായ്ക്കുരുമ്പു രസം കേട്ടാൽ നായ്ക്കുരുമ്പെന്ന പോലെ
കരുത്തുള്ള കൈകൾ രണ്ടും പരുത്തുള്ള പനന്തുണ്ടും പോലെ
അടക്കൊത്ത കൊങ്ക രണ്ടും തൊഴ്പ്പുറ ചക്ക പോലെ
ഉരവിയ വയററിനൊപ്പം മരവിയേ ചൊൽവാനുള്ളു.
ഇടയൊരു ചെക്കു പോലെ തുടയൊരു ചുള്ളി പോലെ
വളച്ചിട്ടും കണയ്ക്കാൽ പാദം കിളച്ചിട്ടും തുമ്പ പോലെ
വല്ലവളൊരുത്തി ഇത്ര നല്ലവളില്ല കണ്ടാൽ.
എന്നിങ്ങിനെ നാരദൻ പുകണ്ണതന്നു ദാരികനും
കേട്ടു കാട്ടപാട്ടെന്നോരാതെ നീട്ടു പാട്ടിതു നന്നെന്നാർ.
നാടതിൽ മൂഢൻമുമ്പു പാട്ടവാൻ സൊയിരമത്രേ

പകുതിയാൽ നന്നിതെന്നു കൃതികളറിയാരേത്തും
ഇന്നു പാപികളെ സ്തുതിച്ചോരു കന്നു പാപം
വൎദ്ധിച്ചു ഹര ഹര ദുരിതം പോവാൻ ശിവ ശിവ
ശരണമെന്നാർ

എന്നിങ്ങനെ ദേവ ഇരുഷി നാരദൻ സ്തുതിച്ചു പാടിയതെല്ലാം കേട്ടു ദാരികനും സന്തോഷിച്ചു അരിശം പോന്നത്ഭവിച്ചു ദേവയിരുഷിയോടു ചോദിച്ചാൻ ദാരികൻ.

അടുക്കത്തു നല്ല നല്ല വചനങ്ങളറിയിച്ചായീ നീ
ഒടുക്കത്തു ശിവനെന്നൊന്നുണൎത്തിയതെന്തെടാ നീ
കടിച്ചിട്ടു വന്ന പോലെ കുറികെട്ട വാക്കെൻമുമ്പിൽ
നടിച്ചിട്ടു ചൊന്ന നിൻെറ നാക്കറുക്കേണമെന്നാൻ.

നാക്കറുപ്പാദനായിന്നു ഞായമുണ്ടസുരകോനേ
വാക്കിനാൽ ശിവനെപ്പാടും നാവിനാൽ നീചാ നിൻെറ
ഏക്കറനാമം ചൊന്നേൻ എന്നാലെൻനാക്കറുത്തു
തൂക്കാകിൽ ദോഷമെന്നാർ? മുനീന്ദ്രൻ.

മുനിവരൻ ചൊന്നതിന്നു മുനിഞ്ഞു ദാരികനും ചൊന്നാൻ
ദിനമിനി എന്നെ വന്നു സേവിപ്പോർതമക്കു വേണ്ടും
കനകമാം മണിവസ്ത്രാദി കനിവൊടു കൊടുപ്പൻ ഞാൻ
നിൻപുനിതനാം കൎത്താവിന്നു പുലിത്തോലേ ഉടുപ്പാനുള്ളു

ഉടുപ്പാനും തോലേ ഒള്ളു ഉണ്മാനും ഓടേ ഒള്ളു
എടുപ്പാനുമെരുതേയൊള്ളു ഇരിപ്പാനും മലയേ ഒള്ളു
കൊടുപ്പാനുമിരന്നേ ഒള്ളു കോണകക്കുണ്ടനായയേ
നടപ്പോനെ വലുതാശ്ലിച്ചു നായെന്നായിയെന്നെ നീയും.

നീയൊന്നുമറിയുന്നില്ല നിന്നുടെ കത്താവിന്നു
തായില്ല തകപ്പനില്ല ചാമ്പലുമെല്ലുമ്പുമുണ്ടു
പേയൊടു ചുടലക്കാട്ടിൽ ഭ്രാന്തനായ്യ് നൃത്തമാടും
തീയവൻ തന്നെയിന്നു ശിവനെന്നു ചിന്തിച്ചായോ.

ആയവൻ വേടനായ്ചെന്നടികൊണ്ടേടൻ വിജയൻകയ്യാൽ
ഏതൊരു വേടൻ പച്ച ഇറച്ചിയും പുള്ളും തിന്നാൻ
കായമങ്ങൊരുത്തിക്കാക്കി കള്ളമെന്നവരം കാണാതെ
തോയമെന്നൊരുത്തി തന്നെ ജടയിൽ വച്ചു ചുമക്കും പോലും.

ജട ധരിച്ചിരിപ്പു പോലും തേപ്പതിനെണ്ണയില്ലാഞ്ഞു
തലയോട്ടിൽ പിച്ചയിരന്നുണ്ടു നടപ്പു പോലും
ഉടയവനവനൊണ്ടെങ്കിൽ ഉഴുതുണ്മാൻ ബുദ്ധിയൊണ്ടു
നടയൊരു കാളയുണ്ടു നന്നായിട്ടൊററമാറാം

മാറില്ല വെലഭദ്രന്റെ കലപ്പയും വാങ്ങിക്കൊള്ളാം
ക്രൂരകിൽ മഴവുകൊണ്ടു കൊഴവൊന്നു തട്ടിക്കൊള്ളാം
ആറൊണ്ടു ജഡയിൽ വെള്ളം ഇല്ലയാകിലതും തിരിയ്ക്കാം
ഏറെ ഒണ്ടു ഭൂതത്താന്മാരെല്ലാരും വളം ചുമക്കും

എല്ലാരെക്കൂട്ടി നല്ല വെള്ളാന്മ ചെയ്തുകൊള്ളാം
അല്ലാകിലിന്നും ചെന്നു അരശന്നു മൺ ചുമക്കാം
വല്ലാതെ കാത്താൻ പണ്ടു ബാണന്റെ ഗോപുരങ്ങൾ
എല്ലാം കൊണ്ടിങ്ങു വന്നു് എന്റെ ഗോപുരം കാക്കവേണം.

ഗോപുരം കാക്കിൽ മുഴക്കച്ചരി തരിന്നിതൊണ്ടു
താവമുണ്ടുടപ്പാനെന്റെ തലതോത്തിയും കൊടുക്കാം
ഈവണ്ണം ചെയ്യില്ലെങ്കിൽ ഇനിയവൻ കൈയിലേന്തും
തുയ്യ വെൺമഴവിനോടു ത്രിശ്ശൂലവും പറിച്ചുകൊൾവൻ.

പറിയ്ക്കയുമല്ലവൻെറ പടജടപ്പടപ്പുകൊണ്ടു
കുറുക്കൊരു വരമ്പിടിഞ്ഞു കുളവരമ്പെന്നപോലെ
ഉറക്കവും ഭാര്യ രണ്ടു ഉമയെന്നും ഗംഗയെന്നും
തിറത്തൊടുമവരെയിന്നു ചേടിയാസ്സുരുത്തവേണം

ഇരിക്കമകൈലാസക്കുന്നെടുത്തിങ്ങു കൊണ്ടുപോന്നു
നിരക്കെയൊരു നടയിടേണം നിന്നു കാൽ കഴവാനായേ
നിരക്കമാറെനിക്കുമെൻെറ നിലമതിൽ കിരുഷി ചെയ്യാൻ
കരിത്തോലുപൂണ്ടരൻെറ കാളയെക്കൊണ്ടരേണം

കാളയെത്തന്നില്ലെങ്കിൽ കണ്ടിരി നാരദാ നീ
നാളെ ഞാനവനോടെത്തി നന്മകേടിന്നു
കാളകണ്ഠനും ഞാനും കാളമൂലം പോർ ചെയ്തു
കാലൻ പോൽ ഞാൻ ചെല്ലുമ്പോൾ കറക്കണ്ഠൻ
വിറയ്ക്കുണ്ടായേ

കറക്കണ്ഠൻ ബ്രഹ്മദ്വേഷി ഗണപതി നുണയൻ
മററ കുറപ്പുലയാടി ഭ്രാതാ ക്രുഴകൈയുടെയോനൊഗ്നി
അറക്കേട്ട മകളെ ചെയ്തിട്ടറകുല കൊല്ലിക്കാലിൻ
മറിഭൃമെന്നുടെയോനിന്ദ്രൻ മാലയൻ മറെറല്ലാരും

എല്ലാം ചെന്നെല്ലാരോടും ചൊല്ലുക നാരദാ നീ
നല്ലാരിലെല്ലാം നല്ല നാരദമുനിവൻ ചൊന്നാൻ:—

എല്ലാം നീ പറഞ്ഞെന്നാലും ഈശനെ പറയല്ലായേ
ഈശനെ പറഞ്ഞ പാപി ഇനിയ നിൻകുലം മുടിഞ്ഞു
നാൽമുറെറാരു നാളുന്നി നരകിന്നു കര കാണാതെ
വാൽിയാൽ മഹേശ്വരൻതൻ മലരടിയാണെ നിന്നെ
നാശം ചെയ്തില്ലെങ്കിൽ നാരദമുനിയല്ലെന്നാൻ.

നാരദനായ നിൻെറ നരത്താടി പിടിച്ചിഴച്ചു
പാരിലേ കമൂത്തി ഇട്ടു പത്തു മുന്നൂറു കുത്തും കുത്തി
മൂരിവാർചടയരൻെറ മമ്പിലിട്ടിഴച്ചില്ലെങ്കിൽ
ദാരികനല്ല ഞാൻ എന്നസുരകോമാൻ ചപതം ചൊന്നാൻ.

ചൊല്ലിയത്താടി തന്നെ ചുററിയെ പിടിച്ചിഴച്ചു
തല്ലിയപ്പുലിക്കൂട്ടിങ്കൽ തള്ളിയങ്ങടച്ച കാലം
അല്ലമപ്പകലും പിന്നെ അതിൽ കിടന്നനത്ഥപ്പെട്ടു
നല്ല നാരദമുനീന്ദ്രന്നാവിനാല്ലരക്കലുററാൻ.

ഉററയിപ്പുലിക്കൂട്ടിങ്കൽ ഉള്ള നാറം കിടന്നു ഞാനും
അററമില്ലാതെ ദുഃഖിച്ചരഹര വിളിപ്പതല്ലാൽ
മററിനി എൻെറ സ്വാമി വന്നെന്നെ കൊണ്ടു പോമോ
ഉററതിനൊത്തു വാഴ്വതുത്തമശീലമെന്നാൻ.

എന്നു നാരദമുനീന്ദ്രനിതമെഴും രുദ്രവീണ
അന്നു വായിച്ചു മെല്ലെ അസുരകോൻ ദാരികൻെറ
വെന്നി വീര്യങ്ങളും പാടി വിസ്തരിച്ചാൻ വിശേഷാൽ
അന്നതു കേട്ടു നന്നിച്ചസുരകോനരക്കലുററാൻ.

ആരെടോ നമ്മെ പാടുന്നവരെയിപ്പുലിക്കൂട്ടിൽ
ചേരവേ അടച്ചുവച്ച ചേട്ടരെ അടിയ്ക്കയെന്നു
എന്നവനരത്ത നേരം ചപ്പിളിക്കയ്യരായ
പൂരിയരോടിച്ചെന്നു പുലിക്കൂടു തുറന്നാരന്നേ.

എന്നിപ്രകാരമേ പുലിക്കൂടു തുറന്നു നാരദനെ പുറത്തു കണ്ട കാലം നാരദനും തന്നുടെയ മുണ്ടും ദണ്ഡും കുണ്ഡികയും ഘോഷവതിയും പുലിക്കൂട്ടിനകത്തു വെച്ചേച്ചു പോന്നാൻ.

അയ്യോ! എൻെറ മുണ്ടും ദണ്ഡും കുണ്ഡികയും ഘോഷവതിയും എടുത്തു തരികിൽ നിങ്ങൾക്കു ദീഘായുസ്സുണ്ടാമെന്നു

ദേവയിരുഷി ചൊല്ല കേട്ട ചൊന്നാരസുരർകൾ. നീതാൻചെന്നു ഞ്ഞൂണു എടുത്തു കൊൾക വേണ്ടൂയെന്നേ.

അയ്യോ! എൻെറ ചങ്ങാതികളേ! ഒരുവണ്ണമിങ്ങോട്ടു പോന്ന, ഞാൻ അങ്ങോട്ടു ചെൽവതസാധ്യം. അതേയുമല്ല, എനിക്കെൻെറ മുതുക്കെല്ല നൊന്തിട്ടു കുനിവാനും നിവരുവാനും വശമല്ലയെന്നു ദേവയിരുഷി ചൊല്ല കേട്ട്, എങ്കിലോ വൃദ്ധൻെറ ദണ്ഡും മുണ്ടു മെടുത്തു പുറത്തു കൊട്ടത്തുകളകയെന്നതിനെക്കേട്ട് ഒരുവനപ്പോൾ ഒട്ടേടം ഞ്ഞൂണെടുപ്പാൻ തൊട്ടവർ കുനിഞ്ഞ നേരം പ്രേഷ്ഠന്നു ഭ്രേഷ്ഠം (പെട്ടെന്നു പൃഷ്ഠം) തള്ളി അഴി അടച്ചാണി വച്ചാൻ.

അഴിയടച്ചാണി വച്ചിട്ടമ്മുനിവരനും ചൊന്നാൻ
പഴതേറെ മുതലഴിച്ചു പണി ചെയ്ത പുലിക്കൂടിന്നു
പാഴിലേ കിടക്കയല്ലാ പാട്ട ഞാൻ പെട്ട പോലെ
ചുഴല നിങ്ങളുമിതിൻെറ ചുവയറിയേണമെന്നാൻ.

ആനമാമുനിയെക്കണ്ടിട്ടസുരകോൻ സമ്മാനിച്ചാൻ
ഊനം വരാത കഞ്ഞിക്കരിയരി കൊടുക്കയെന്നാൻ
പാനഞ്ചെയ്യുവ്വ നില്പാൻ പക്കത്തിൽ ചോറുമുണ്ടു
ഗാനഞ്ചെയ്യവിടെ നില്പാൻ കല്പിച്ചാനസുരകോമാൻ.

അസുരകോനൊട്ടു ചൊന്നാനമ്മുനി അരനെ ഞാനും
അതിശയമായിസ്സേവിച്ചിട്ടു അവനൊന്നും തന്നിതില്ലാ
ബത യോഗം നിൻെറ കൈകൊണ്ടു കിട്ടീതു സ്വല്പമൊന്നു
ബത ബത നിനക്കു നേരാം പ്രഭുക്കളാരൊള്ളിതെന്നാൻ.

എന്നിങ്ങനെ പുകണ്ണു ദേവയിരുഷി നാരദൻ പടകുത്തു ദാരികൻെറ അരികത്തു ചെന്നു നിന്നു തുടകുത്തു കാൽതലോടും തന്നെ ചെയ്യവസ്ഥ ഉന്നി പിന്നെ കൈമുഷ്ടികൊണ്ടു കൊട്ടമടൽ പ്പെരുന്നുടയ്യൊമ്മാരു ചില കേൾപ്പിയ്യുത്തുടങ്ങിനാൻ.

സന്തിഷ്ടമോടിരുന്ന ദാരികന്നുടകൾ രണ്ടും
നൊന്തിട്ടു മുനിയെയൊന്നു നോക്കിയൊന്നസുരകോമാൻ
എന്തിഷ്ടം നിനക്കു നിൻെറ ഈശനെ കാണണ്ടായോ
അന്ധതാപം കൂടാതെ ചെന്നറിയിയ്ക്കൂയവസ്ഥയെല്ലാം.

അറിയിയ്ക്കൂ ചെന്നു കൈലാസാചലവെള്ളിക്കുന്നു
ഗൎവ്വിച്ചിട്ടതിലിരുന്നാൽ കേട്ടൊണ്ടു തന്നിയ്ക്കുടങ്ങാ
ഉൎവ്വരഗനരാജാ ഉടയത്തു ഗിരിരത്നത്തെ
ഇറയവൻ എനിയ്ക്കല്ലാൽ മററിങ്ങിവനടക്കാമോയെന്നാൻ.

ആമോ പാൎവ്വതിയാം ദേവി ആദിയാം സ്ത്രീരത്നങ്ങൾ
പൂമാതും വാണിമാതും പുകഴ്പെറും സ്ത്രീരത്നങ്ങൾ
ശ്രീമാൻ ത്രിലോക്യം വാഴും ധീരന്മാർ കൊൾവതില്ലാൽ
ആമോ മററിവരെ കൊൽവാൻ അരനയൻ വിഷ്ണുവിന്നും.

ഇന്നും കേൾ രത്നം ഇയൽമണി കൗസ്തുഭം താൻ
പൊൻമണി മാൎവ്വിൽ വച്ചു പൊതിഞ്ഞു വാഴുന്നു വിഷ്ണു
അന്നവനതുമടങ്ങാ അരശനാമെനിക്കേ കൊള്ളൂ
പന്നകമെത്ത കുത്തി പുളപ്പൻ ഞാൻ അതു തരാകിൽ.

ഞാനിനി കേൾക്ക ഇന്ദ്രൻ ഞായമോ ചെയ്യുന്നിതേ
ആനയിൽ രത്നമായ അയിരാവതകരീന്ദ്രൻ
താനതു നിറുത്തിക്കൊണ്ടാൻ ചരിക്കയില്ലെന്നു ചൊൽക
ആനോക്കിട്ടായ്കിൽ ഞാനമവനമായി നിരക്കയില്ല.

നിരക്കവേ എനിക്കു മൂത്ത നിരുതകോൻ ബാണൻതൻെറ
കരത്തിനെ അരിഞ്ഞാൻ വിഷ്ണു കാണാം ഞാൻ പറയുന്നു
കരുത്തെല്ലാമറിയുന്നൊണ്ടു കരക്കണ്ടൻ തനിക്കു പണ്ടു
പുരത്തെ ഞാൻ ചുട്ടെരിച്ചു നന്നു പുളപ്പൊണ്ടു കിടക്കുന്നുള്ളിൽ.

ഉള്ളിൽ വാഴ മാരനായെ ഊരും പാററായെ പണ്ട
കൊള്ളിയാൽ ചുട്ടാമ്പോലും പോരായൊ കൊണ്ട ശൌര്യ്യം
കള്ളവെടുവനായി ചെന്ന കാട്ടിലെ വിരിയമെയ്യ
കള്ളുണ്ട പുള്ളുന്തിന്ന കല്ല പൂണ്ടിരിക്കും പോലും.

ഇരിക്കുമക്കൈലാസത്തെ എനിക്കിരിപ്പാൻ താരായ്കിൽ
കരിപ്പൻ ഞാനവിടമെന്ന കരക്കണ്ടനോട്ട ചൊൽക
ഭരിക്കും പാമ്പണയും പള്ളിപാൽക്കടലും തരായ്കിൽ
ഹരിയ്ക്കും ഞാനനത്തം ചെയ്യെൻ അതുമറിയിയ്ക്കയെന്നാൻ

എന്നെല്ലാം ചില ഗംഭീരാക്ഷേപങ്ങൾ പറഞ്ഞരക്കൻ
കുന്നെല്ലാം ഇടിഞ്ഞു വീഴ കൊട്ടഞ്ചിരി കൊണ്ടൊന്നാൻ
ചെന്നെല്ലാം ചൊല്ലുകെന്ന ദേവഋഷിതന്നോടന്ന
അന്ന മാമുനിവൻ പോവാൻ അരുതെനിയ്ക്കെന്ന ചൊന്നാൻ.

അരുതെനിയ്ക്കങ്ങ പോവാനരനെന്നെ കരുണ ഇല്ല
അരിയ പാടിവിടെപ്പെട്ടതറിവാനായ്കിന്നില്ലാരും
തരികിലും തരായ്കിലും നിന്തമ്പമേ ഇന്നി വേണ്ട.

ഇന്നി ഞാൻ പോകയില്ല എന്ന മാമുനിവൻ ചൊൽ കേട്ട
അന്ന ദാരികനും ചൊന്നാൻ അവസ്ഥ ഇതറിയിച്ചു വച്ചേച്ചി-
ട്ടിന്ന തന്നെ പോന്നേയ്ക്കാം ഇതമൊട്ട ക്രൂട്ട
ഒന്ന നൂറായിരമ്പേർ ഒണ്ടവർ പോരുമെന്നേ.

പോരുമിന്നക്ഷോഹണി പടയോടും പോയി മുനീന്ദ്രൻ
പാരിലേ ചെന്നി എന്ത്രപ്പാലത്തെ കടന്നാൻ മുമ്പേ
വാരുധിപോലകണ്ണ വളർ കിടങ്ങതിലേ വീണ
ദാരികമ്പട ചാമാറ തട്ടിനാനെന്ത്രപ്പാലം.

തട്ടിയെ പാലം തെററി തട്ടവിടാ കിടങ്ങിൽ വീണ
പട്ടിതു കടിച്ചു ചത്താർ പത്തു നൂറായിരം പേർ.

കൊട്ടിയാൻ കൈ മുനീന്ദ്രൻ കൂടവേ ചിരിച്ചോന്നാത്താൻ
ദുഷ്ടനാമസുരൻ കേട്ടു ചോദിപ്പാനവിടെച്ചെന്നാൻ

ചെന്നു നിന്നസുരരാജൻ ചെങ്കനൽകണ്ണു രണ്ടും
കുന്നിപോൽ ചുവക്കുമാറു കോപിച്ചു വാൾ മുറുക്കി
നിന്നതു കണ്ടു പണ്ടു മുറിക്കിയാർ ചുണ്ടു നേരെ
കാർ തിന്നു കോർ എന്നി മാത്തിരയന്നാൻ സുരമുനീന്ദ്രൻ.

സുരമുനി വിളിപ്പാൻ പിന്നെ ദുഷ്ടനെ പട്ടി കൈയ്യാ
അരമന നിനക്കിരിപ്പാൻ ആസനത്തുങ്കൽ പോരേ
പരമനെ പറഞ്ഞ പാവി പാത്തുകൊൾ നാളെ നിൻെറ
ശിരമറുത്തുയർ മാമേരുശിഖരത്തിൽ വെപ്പിപ്പേൻ ഞാൻ.

ഞാനെന്നു ചൊല്ലികൈയ്യേൻ നറുങ്ങാണി പറയുന്നെന്തേ
ആന നീ പോക്കിടങ്ങിൻ അക്കരെ നിന്നുകൊണ്ടു
ഞാനങ്ങു വരികിൽ നിൻെറ നരത്തല തെറിപ്പനെന്നു
ദാനവൻ വലത്തെ നോക്കും സഞ്ചരിച്ചിടത്തെ നോക്കും.

ഇടകയ്യാൽ മുറുക്കും മീശ ഇളക്കിട്ടുമവർ വലത്തെ
കടക്കൈയ്യാൽ മുറുക്കും പിന്നെ ചാട്ടുവാൻ കിടങ്ങിൽ മീതെ
ഇന്നുമൊട്ടോടിച്ചെല്ലും ആവതില്ലാഞ്ഞു നില്ക്കും
തടത്തമായിപ്പറയും പിന്നെ ശംഭു ശങ്കരനെ ഭംഗം.

എന്നിപ്രകാരമേ ദാരികൻെറ ഡംഭം ഗംഭീരിയമേവം കണ്ടു ദേവ ഇരുഷി നാരദനും അവിടെ നിന്നു അവിധായുമിട്ടു ശ്രീകയിലാസം നോക്കി പോകത്തുടങ്ങിനാൻ.

ആറണിന്തരൻതൻമുമ്പിൽ അന്ന്യായം ചൊൽവാനായ
ചോരണിഞ്ഞുടുത്ത കൂറ ഛിന്നഭിന്നപ്പെട്ടുത്തി
കീറിയങ്ങുടമ്പിലെങ്ങും കിഴിച്ചു ചോരികളും പാച്ചികൊ
ണ്ടേറെ മുറയുമിട്ടു ഇടരൊട്ടു കൂടെപ്പോയാൻ.

## ഇന്നി പാട്ട

അംബികരമണാ അവിധായോ
അരമണ്ടർ കളവരെയവിധായോ
തുംബുരുസുതി പദ കമലവരാ! പരാ
സുന്ദരഭവഹരനേയവിധായോ.

ചംബരരിപുദഹനംബരനോക്കിയ
ശങ്കരപുരഹരനേ അവിധായോ
അമ്പരിലമ്പത്ത്യം! ബക! നൗമി
ചിദംബര! ചിന്മയനേയവിധായോ.

അംബുജാക്ഷനയനപുരാന്തവ പാദതാർമടി തേടിയേ
അറിവതിനു പണിയിനിയന്നവർ തവ തിരുമൈ
ഇരുപിറമണിഞ്ഞുടൻ
തുമ്പ ചൂടിന നിൻപ്രഭാവഗുണങ്ങളും നിപുണതചവും
സ്തുതിചെയ്തിട്ടമലവചരിലതികൃപ ചൊരിഞ്ഞു ചൊരിഞ്ഞൊരു
വിഗ്രഹം

തുമ്പമുന്നിയിരുന്ന നിൻമുഖചന്ദ്രരശ്മിയിനാലല്ലോ
ശുചിയൊടജഹരിഹൃദയകൈരവമതു മലത്തിന വിമലനേ
വമ്പൊടന്തകനന്തകാ! ത്രിപുരാന്തകാ! മദനാന്തകാ!
വലിയ സിതതരവൃഷഭ (ക) കുത്സ്ഥിതവരദനേ! അവിധാവിധാ.

ശ്യാമമേനിയിൽ നീറു പൂജിന ശംഭുദേവയവിധാവിധാ
സകലമുനിസുരവൃന്ദവന്ദിതസുന്ദരായവിധാവിധാ
മാമുനീന്ദ്രനിവണ്ണമന്നവിധായുമിട്ടു നടന്നുപോയ്
വലിയമലകൈലാസമാമതിൽ മരുവുമരനടിമലരന്നേ

കോമളം കുളർപങ്കജങ്ങൾ നമസ്കരിച്ചു വണങ്ങിനാൻ
ഗുണമതെഴുഞ്ചില മണമതഴകൊടു കുമറും ഗീതപടങ്ങളാൽ
ആമളം സ്തുതിചെയ്തു കണ്ണിന്ന നീർ പൊഴിഞ്ഞര ശങ്കര
അടിയന്റെ ഉടൽ കീറി മേനിയിൽ ഊരുമോരികൾ കാണന്നല്ലോ.

ഊരുമോരികൾ കാണുമക്കടൽ ക്രൂരചെയ്തു പരാപരാ
ഒരുവരടിയനൊടിതു ചെയ്തുവരില്ലാറിക മനസിലുമാപാതേ
ചേറിലിട്ടു ചവുട്ടിയെന്നുടൽ ചെണ്ടകൊട്ടിനപോലുരം
തിട്ടപിടിന്ന ചിലയടികൾകൊണ്ടൊരു വടിവു കണ്ടിട ശങ്കരാ.

തേറി നീ തിരുനൃത്തമാടിനപോതു ഗീതങ്ങൾ പാടുവാൻ
തെളിവതിയൽ മമ മകര്വീണ പറിച്ചടിച്ചു മുറിച്ചവൻ
നൂറു ജാതി നിന്നെദ്ദൂഷിച്ചു പഴിച്ചവൻ പറഞ്ഞീടിനാൻ
നൊടിയിലതു മമ മനസിനൊത്തതു പറകിലെന്തൊരു മുടിവിതം

മാറിയോ മുന്നേ മുപ്പുരത്തെയ്യരിത്ത ശൗര്യപരാക്രമം
മദനനുടൽ പൊടിചിതറ നുതലത്തിൽമരുവും മിഴിയിലെഴും കനൽ

ആറി വീറതെഴുന്നിതോ കൈലാസമാമല പണ്ടെടുത്ത-
സുരവരന്റെ കരങ്ങളിരുപതും അടരളിഞ്ഞ പനലാറവേ
തേറിയ മല ചേർത്തമുക്കിയ തൃക്കഴൽകമലത്തിനും
ദനുപതിസുതനിടർചെയ്വതിന്നൊരു തിറമില്ലന്നതു വന്നിതോ?

ക്രൂരവേനൊരു വാക്കിതെന്റെ നാക്കറുത്തെറിത്തീടിലും
കുറുകിയസുരദാസനാക നിനക്കു നല്ലതു നിർമ്മല!
നിർമ്മല! പല ധർമ്മപാഠങ്ങൾ എന്നലാദിയകററിയേ
നിയതമഴകൊടു വർത്തനഞ്ചെയ്തു നൃത്തമാടി വരും വിധൗ

ധൎമ്മരാജന മൎമ്മമായൊരു കൎമ്മനൈപുണ്യൊരു കാലം ഞാൻ
സതതമാനസ സിതതരം മമ മൃദുതരം മമ വീണയിൽ
തിമ്മി തിന്തിമി തിത്തി തോന്തമെന്നൊത്തിയെ സ്തുതി ചെയ്തിട്ടും
തെളിവെഴും മമ നാവിനാൽ ഒരു നിശിചരൻ പുകഴ്പാടിനേൻ
ചിന്മയാ! പരമെണ്മഃയതിനാൽ വരും മമ പാതകം
ചിതറിയോടിട്ടമാറു ഞാനിത ശിവ ചിതംബര! ശരണമേ.

എന്നു നാരദമുനീന്ദ്രൻ ഈശൻപൊൽപാദപദ്മം
അന്നു കൈതൊഴുതിവണ്ണം അശ്രുക്കൾ ചിന്തി
നിന്നു സ്തോത്രങ്ങൾ ചെയ്തു നെട്ടനീള നമസ്കരിച്ചാൻ
ചെന്നെട്ടത്തവനെയമ്പാൽ ചിതംബരനരുളിച്ചെയ്താൻ.

അരുളിച്ചെയ്തസുരൻ ചെയ്തതടിയിൽ നിന്നറിയിയ്യെന്നെ
പൊരുവാൻ ചെന്നവർ മാത്രു പൊരുതു പട്ടാരോ ചൊൽക
വരുവാൻ നീ വൈകിയതെന്തേ വന്നതെന്തതിദുഃഖങ്ങൾ
തെരുതെരാ ചൊൽകയെന്നു ശ്രീപരമേശ്വരൻ ചൊൽ കേട്ടു

തെരുതെരാ ചൊല്ലാമേ തുച്ഛേവി കുളിരെക്കേൾക്ക
നിരൃതനെ പൊരുതു വെൽവാൻ നിമിഷത്തിൽ പോയ മാത്തു-
ചരമെട്ടുത്തുടക്കംമുമ്പേ തറ്റപിടായിക്കമർകൊണ്ടോടി
ഒരുവണ്ണം ജീവനെക്കൊണ്ടോളിച്ചു കാട്ടോടെ പോയാർ.

പോയവർ തമ്മെത്തേടി പുക്കറിവാനായി
ചെന്നോരടിയനെച്ചെയ്തു ഞായക്കേടതിലെന്തൊള്ളു.
മായവനയനിന്ദ്രാദിവാനവർ മററുള്ളോൎക്കും
നായകനായ നിന്നെ നകത്തു വെച്ചേറൊ പറഞ്ഞതോത്താൽ

പറഞ്ഞതു പറവാനെന്നാൽ പണ്ണിയൊണ്ടെന്തമ്പുരാനെ
പുറന്ന നാറംതൊട്ടു നിന്നെ പിരിയാതെയിരിക്കുന്നു ഞാൻ
അറിഞ്ഞില്ല നിൻവൃത്താന്തം അങ്ങിരുന്നസുരൻ നിന്നെ
അറിഞ്ഞപോൽ പറഞ്ഞതെല്ലാം അടിയനിങ്ങറിയിയ്ക്കാമോ

പറകയെന്നരുളിച്ചെയ്താൽ പറയാതെയിരുന്നുകൂടാ
ഈറയവചനായ നിന്നെ ഏതൊരു ജാതി ചൊല്ലി
പറകിലും നന്നു നിന്നെ ഭക്തിയുണ്ടാകിൽ പണ്ടു മാം
പാത(?റ)യെറിഞ്ഞവനും വന്നിതു മോക്ഷമെന്നാൻ.

എന്നാകിലസുരൻ ചൊന്നാനിരന്നുണ്ണിപോലും നീ പ-
ണ്ടൊന്നായപ്പുള്ളും കള്ളും ഉണ്ടൊരു വേടനായി
ചെന്നന്നായെ പന്നി ചൊല്ലി ചീറിയ വിജയൻകൈയ്യാൽ
നന്നായേ തല്ലുമേററു നാണം കെട്ടോടി പോലും.

നാണം കൂടാതെ ഗംഗാനാരിയെ ചുമക്കുന്നി-
താണല്ലാഞ്ഞിട്ടു തല്ലാത വളത്താൻ ചുമക്കുന്നിതോ
പൂണുന്നതെലുമ്പതെല്ലാം പൂച്ചക്കൂട്ടം പോൽ നാറും
ഉണ്ണുന്നതെത്ര കഷ്ടം ഒരു തലയോട്ടി പോലും

ഒരു തല കൈയിലേന്തി ഉടലെല്ലാഞ്ചാമ്പൽ പൂജി
കരിയുരിപോത്തും കണ്ടു കാട്ടുപാമ്പതും പിടിച്ചു
അരയിലും കെട്ടി അരവാട്ടും ചിത്തരെപ്പോൽ
ഒരുതെറും പെരുമാർ ഞാനെന്നെങ്ങും പോയ് ചെല്ലുമ്പോലും.

ചെല്ലുന്നതേയുമല്ല ശ്രീപരമേശ്വരാ! കേറം
നല്ലുമയാളാം രതം നിനക്കടങ്ങായെന്നാൻ.

ഇല്ലമതടിപ്പാങ്കൊള്ളാം എന്നതല്ലാകിലെന്റെ
വല്ലഭയ്ക്കൂടിയാളായേ വയ്ക്കാമീശ്വരിയേയുമെന്നാൻ.

ആമത്തുമല്ല പിന്നെ അംബുജത്തിങ്കൽ മേവും
ശ്രീമഹാലക്ഷ്മിക്കും ചെൽവാനായി ആൾ വരും കേൾ
നാമൊന്നും പറയുന്നില്ല നാട്ടകിലവൻ പറഞ്ഞ
തീമകൾ നിനച്ചുകണ്ടാൽ ശിവ ശിവയെന്നേ വേണ്ടു.

എന്നതുമല്ല സ്വാമി ഇനിയും കേൾ നിഷ്ഠുരങ്ങൾ
കൊന്നചൂടിന പൊന്നിൻകുളുർജട ചിരച്ചിറക്കി
കുന്നിയതതിനെക്കൊണ്ടു കുളമടയുറപ്പിക്കേണം
എന്നതു ചൊന്നാൻ പിന്നെ എന്തെനിയ്ക്കറിയിക്കാമോ

അറിയിപ്പാനേതുമൊന്നും അറിയിയ്ക്കേണ്ടയെന്നാണെ നീ
തിറമുറ ചൊൽകയെന്നു തീയെന്നാൽ നാക്കു വേമോ
അറിയിക്കയെനിക്കെന്നീശൻ അരുളിച്ചെയ്തവസ്ഥ കേട്ടു
അറിയിച്ചാൻ മുനിവൻ വാണനവനുടെ ജ്യേഷ്ഠൻ പോലും.

വാണന്റെ ഗോപുരം നീ വടിവൊട്ടു കാത്തായ് പോലും
കാണെന്റെ കാലത്തിങ്ങു കണ്ടില്ലയെന്നേ വന്നു
പേണിയെപ്പേണാതി നീ മെഴമെഴ ചിരച്ചിറക്കി
കോണകത്തോടു വന്നെൻ ഗോപുരം കാക്കയെന്നും,

ഗോപുരം കാക്കിൽ മൂഴക്കച്ചരിയും കൊട്ടക്കന്നൊണ്ടു
താപമുണ്ടുട്ടപ്പാനെന്റെ തലതോർത്തിയും കൊട്ടക്കാം
വാപിരിട്ടങ്ങളെല്ലാം വരുന്നെങ്കിൽ കൊട്ടക്കന്നൊണ്ടു
മൂവിരലിടത്തിൽ മുച്ചാൺ നീളത്തിൽ മുണ്ടു കൊണ്ടു
മൂവരിൽ മുതലോനേ മൂടുവാൻ കിട്ടും പോലും.

കിട്ടിയതേയുമല്ല കേവലം സ്വാമി നിന്നെ
കഷ്ടമീവണ്ണം ചൊല്ലി കട്ടപ്പുകൾ പറഞ്ഞതെല്ലാം
ഒട്ടുമേ സഹിയ്ക്കുവല്ലാഞ്ഞുഴലുന്ന അടിയനെത്താൻ
കൊട്ടിയേ ദംഭടിച്ചിഴച്ചു കൊല്ലാതെ കൊന്നുവിട്ടു.

കൊന്നില്ലയെന്നേയുള്ളു കലപ്പെട്ടോൾക്കിത്ര ദുഃഖം
വന്നില്ലയെന്നിവെല്ലാം വടമുനിയുരത്ത നേരം
വന്നില്ല കോപമെല്ലാം വന്നിതു മഹേശ്വരനും
ചൊന്നല്ലാം സംഹരിക്കും ശ്രീരുദ്രനെന്നപോലെ

എന്നപോലായുമീശൻ ഇതു ശിലതുരക്കലുററാൻ
അന്നു ഞാൻ ഭിക്ഷ ഏററണ്ടതിനെന്തിതവന്നിഴക്ക
ഒന്നുമേ ഉടപ്പാനില്ലാഞ്ഞുഴലുന്നോരെളിയൊരുത്തൻ
അന്നൊരു പുലിത്തോൽ കണ്ടാൽ അതുമുടക്കരുതോയെന്നാൻ

ഉടുക്കിലും ചിരിപ്പെരന്നു ഉടുക്കാതെ ഉലകത്തിങ്കൽ
നടക്കിലും ചിരിപ്പെരിന്നി എങ്ങനെ നടപ്പു നാമും
അടക്കമായിരിപ്പുവിലും അതും പിഴ അടങ്ങാതെ ചെ-
ന്നടക്കിലതും പിഴക്കും ഉലകിലെന്നാവതൊണ്ടോ.

ഒന്നിയ കിഴട്ടു കാള ഒണ്ടെനിക്കേറവാനും
എന്നതെന്തിവന്നു ചോദ്യം എനിയ്ക്കല്ലോ പൃഷ്ഠം നോവു
ഇന്നൊരു വിടക്കന്തോലുമെലുമ്പുഞ്ഞാനണിഞ്ഞതൊക്ക-
മെന്നുമണിയുമ്പൊന്നുമില്ലാഞ്ഞാലാവതുണ്ടോ?

ഉണ്ടോ ഒരു വേടൻ പച്ചയുരുമ്പും മാംസവും കള്ളു-
മുണ്ടതുമൊക്കമെന്നാൽ ഊട്ടേണ്ടോ ശ്രാദ്ധമാത്രം

വിണ്ടിടെ വിൽക്കാൽകൊണ്ടു വിജയൻ പൂജിച്ചതും ഞാൻ
ഉണ്ടതു പൊറുത്തേനന്നാൽ ഒരുത്തക്കെന്തിതിന്നു ചോദ്യം.

ഒരുത്തിക്കെന്നുടൽ കൊടുത്തേൻ ഒരുത്തിക്കെന്തല കൊടുത്തേൻ
കരുത്തൊള്ള വീരന്മാർക്ക് കണ്ടതു പൊറുത്തില്ലെങ്കിൽ
ഒരുത്തിയേ തങ്ങടം വേട്ടിട്ടുള്ളതു ദൂരെക്കൊണ്ടേ
ഇരുത്തിയ്ക്കും തീണ്ടാതെന്നാൻ അതിനൊണ്ടോ എനിക്കു ചോദ്യം.

എനിക്കില്ല ചോദ്യമെന്നും ഈശന്തിപ്പുരുവവില്ലേ
കുനിച്ചിട്ടം കണ്ണിച്ചീന്തി കൊട്ടംകനൽക്കട്ട പൊട്ടി
തീക്കനൽ ചിന്തിച്ചിതറി ദിക്കെങ്ങും പുകയെഴുന്നു
അനത്ഥസുരകം നാശത്തിന്നരനരിശത്തെക്കൊണ്ടാൻ.

## ഇരു മാതൃക്കളുടെ യുദ്ധം

തെരുവിൽ പള്ളിയറ ഭഗവതി സഹായത്താൽ മുഖിച്ചു. ശുഭം.
ഗുരുവു കൃപയാൽ ഹരിഃ

## ഭദ്രകാളിയുടെ അവതാരം

അരിയ പെരുമണിമൗലിയസുരകോമാൻ അധിക്ഷേപം പറഞ്ഞതിനെക്കേട്ടു കോപം പെരികെ വന്നു ശ്രീമഹാദേവൻ തനിക്കു തിരുമേനി വിയർത്തു ചുവന്നു തിരുമേനി തീ കണക്കെ കരതലങ്ങളായിരത്തെട്ടൊണ്ടായി. പിന്നെ കനിയരവം പുനഞ്ഞു ജടാമുടി വിറച്ചു ഘോരം ഗംഭീരാണ്ണവം കലങ്ങി മലങ്ങി വാനോർകളെ നോക്കുവതിന്നു സുരാദി മുനീശ്വരന്മാർക്കാർക്കും വശമല്ലാതെ ചമഞ്ഞു തുടങ്ങി പിന്നെ.

കങ്കനൽ ചിന്തിയെരിഞ്ഞു വരുന്നിതു
തിങ്കൾ ജടാമുടി തന്നിലൊളിച്ചും
ശങ്കണിയും കുഴ രണ്ടു പുറത്തും
ഭംഗിയൊടാടി അലഞ്ഞു വരുന്നിതു.

ചുട്ടു കഴിച്ചൊരു നൽപ്പൊൻ പോലെ
വിട്ടു വിളങ്ങിന മേനി വിറച്ചും
അങ്ങ്ഗജനെപ്പുണർന്നരി ചെയ്തുകണ്ടൻ
ചെങ്കനൽ പൊങ്ങിയിളക്കമെഴുന്നു.

നാനാപക്ഷിമൃഗാദികളഖിലം
ചൂട്ടു പൊറാഞ്ഞു കരഞ്ഞു തുടങ്ങി
ധാരണിയൊന്നു ഭ്രമിച്ചു വിറച്ചു
നാരണദേവനുമയനുമണഞ്ഞു

സിദ്ധാരിയക്ഷസുരോരഗജാതികൾ
ബുദ്ധി ഭ്രമിച്ചു വിറച്ചു തുടങ്ങി
പാടിയ തുംബുരുനാരദരാദികൾ
പേടിയൊടോടിയൊളിച്ചു തുടങ്ങി

പഞ്ചമഹാഭൂതാദികളഞ്ചിൽ
അഞ്ജനഖണ്ഡമിളക്കമെഴുന്നു
വഞ്ചനഹൃദയമഹാസുരരഞ്ചിൽ
പുഞ്ചിരി വഴി പൊഴിഞ്ഞു തുടങ്ങി.

കൊടുമുടിയുള്ളൊരു മേരുമഹാമല
കിടുകിട നിന്നു വിറച്ചുതുടങ്ങി.

പാടിയ തുംബുരുനാരദരാദികൾ
പേടിയൊടോടിയുഴന്നു തുടങ്ങി
നാരായണനയനിന്ദ്രാദികളും
ഓരോ സ്തോത്രങ്ങളിയററി മുററും
പുൎവ്വക്കൊടികൾ ഞൊറിഞ്ഞു
നെററിത്തടമതിലിളകി വരുന്നിതു.
നൂറായിരകോടിയിലും മേലേ
ഈരാറാദിത്യന്മാർ വന്നൊരുമിച്ചുദി-
ചെയ്യതിനൊത്തു മുരന്നു പരന്നു
മരീശി പൊഴിഞ്ഞു പൊഴിഞ്ഞുലകത്രയമൊക്കെ
നിറഞ്ഞു മറഞ്ഞു വരുമ്പടി
അന്നതി ദീപിതഘോരതരാകൃതി പൂണ്ടതു
കണ്ടിമയോർമുനിമാർകൾ നടുങ്ങി നടുങ്ങി
നിറഞ്ഞീടിയാകലവേദനകൊണ്ടു
ജഗത്രയകാരണനെന്നെമ്പെരുമാ-
ന്തിരുവുള്ളമൊരുത്തരുമൊന്നറിവാ-
നരുതാഞ്ഞു നമസ്കൃതിചെയ്തു പുകണ്ണു തുടങ്ങി.
ഹര! ഹര! ശങ്കര! ഗൗരീവല്ലഭ!
പുരഹര! പരമശിവായ നമോ നമഃ.
ആരണർ പോററുമനന്തുലകത്തിനു
കാരണ! പരമശിവായ നമോ നമഃ
ആണ്ടടിയാരെ ദീപപുരത്തു-
ന്താണ്ടവ പരമശിവായ നമോ നമഃ.
നീണ്ടജടാമുടിമീതൊരിളമ്പിറ

പൂണ്ടൊരു പരമശിവായ നമോ നമഃ.
പൊന്മയമേനിയിൽ നീറു പൂനന്തൊരു
ചിന്മയ! പരമശിവായ നമോ നമഃ.
ദുഷ്കൃതകമ്മമൊഴിച്ചു കളഞ്ഞും
നിഷ്കള! പരമശിവായ നമോ നമഃ.
ഒരുപെരുമറിയാതുലകിൽ നിറഞ്ഞൊരു
നിരുപമ! പരമശിവായ നമോ നമഃ.
കുറയുന്നാളില്ല അഴിവായ് വടിവായ്
ഉറയും പരമശിവായ നമോ നമഃ.
ഭസ്മവിഭൂഷിതദേഹ! പരാപര!
ഉത്തമതേജോരൂപ! നമോ നമഃ.
ഭംഗി കലൎന്ന ഫണമുടിനാഗാ-
ലംകൃത! പരമശിവായ നമോ നമഃ.
ഭക്തിയൊടെത്തുകിൽ മുക്തി കൊടുക്കും
ഉത്തമ! പരമശിവായ നമോ നമഃ.
അട്ടതളവേകിയുമയ്ക്കുടൽ പാതി
കൊടുത്തൊരു പരമശിവായ നമോ നമഃ.
അമ്പത്തൊന്നക്ഷരമതിൽനിന്നു
ഇമ്പംചെയ്തു ശിവായ നമോ നമഃ.
ശിവശങ്കരരുദ്രായ നമോ നമഃ.
ഭുവനത്രയനാഥായ നമോ നമഃ.
പരമോദാരഗുണാംബുധയേ നമഃ.
ഭവഭയനാഥ! പശുപതയേ! നമഃ
ഉരഗവിഭൂഷിത! ദേഹ പരാപര!

ഉത്തമതേജോരൂപ! നമോ നമഃ
അഖിലചരാചരഭൂതഹൃദിസ്ഥിത!
ഹരി ഹരി! ശിവ! ശിവ! ശങ്കര! ജയ ജയ.

എന്നിപ്രകാരമേ നമസ്കരിക്കയും സ്തുതിക്കയും ചെയ്യുന്ന ദേവകളെയും ഋഷികളെയും കണ്ടിട്ട് അതിശാന്തമൂൎത്തിയായി തൻതിരുവടിയുടെ തൃക്കടക്കൺവഴിയേ താകിവരും കൃതാമൃതങ്ങൾ ദേവകൾമേലേ കോരി വാരിച്ചൊരിഞ്ഞു മന്ദസ്മിതംചെയ്തു ഒന്നരുളിച്ചെയ്തു ശ്രീമഹാദേവൻതിരുവടിയും. എന്തു ദേവകളേ! നിങ്ങൾ ഭയം ഇളക്ക. ദേവനാശമല്ല ഞാൻ ചിന്തിക്കുന്നതു. തീവിന ചെയ്യും അസുരാദിനാശം ഞാൻ ചിന്തിച്ചേനെന്നു ചൊല്ലി വലത്തു ഭാഗേ താകിവരും ശ്വേതത്തിരുവിശപ്പ് മദംതന്നെ രുധിരതി വലത്തെ നഖത്താൽ വാങ്ങിയന്നു ദേവദേവൻ ആകാശേ തെറിച്ച കാലം ചിന്തീതു ശ്വേതബിന്ദുധൂളി പോലെ വിധൂളി അറുപത്തിനാലായ്പിരിഞ്ഞു വിരവിനൊട്ടമന്നതിൽനിന്നുത്ഭവിച്ചുവെന്നു തോന്നി അറുപത്തിനാലു യോഗിനിയോഗേശ്വരിമാരും വന്ദിതഭാഗേയന്നവരെയെല്ലാം കണ്ടവാറെ അന്തകാദാരികനെ കുലപ്പെടുത്താനാവതില്ല. ഇവർകളാലസാദ്ധ്യമെന്നു ചിന്ത ചെയ്തങ്ങിടത്തു ഭാഗേ പൊടിച്ചു നില്ക്കും ശ്വേതത്തിരുവിയപ്പമൃതം വാങ്ങി പിന്നെ.

വാങ്ങിയുടൻ തന്തിരുവടിയുടെ മൂന്നാം തിനേത്രത്തിങ്കൽ തൊട്ടു മൂലശക്തിസ്വരൂപത്തെ ധ്യാനിച്ചു നീലപൎവ്വതത്തിൽ നോക്കിയ കാലത്തു കത്തിക്കൽ ചൊരിഞ്ഞു തിരുനയനം എട്ടുദിക്കും നിറഞ്ഞ ശോഭ ശക്തിസ്വരൂപം ഭൈരവരൂപം ത്രിമൂലപ്രകൃതി നേത്രാഗ്നിജ്വാലയിൽ നിന്നു വടവാൎമുഖാഗ്നിമദ്ധ്യേ എഴുപത്തുരണ്ടു മഹാകാളമേഘം തിരണ്ടെഴുന്ന കണക്കെയും, കോടിനൂറായിരം

ആദിത്യപ്രഭ കണക്കെയും സപ്തതടഗിരി കണക്കെയും സമുദ്രം ഉയൎന്ന കണക്കെയും അൎദ്ധരാത്രി കണക്കെയും അന്തിമാനം കണക്കെയും നിരക്ക നീലാഞ്ജനഗിരിമേൽ മുരുക്ക മലൎന്ന കണക്കെയും കാലമുടിവിൽ സംഹരിക്കും കാലമാരി കണക്കെയും ഊഴി മുടിയുന്ന കാലത്തു വീഴുന്ന ഇടിത്തീ കണക്കെയും മലയും തീയും മാരുതവും മരുങ്ങി വരുന്ന കണക്കെയും ചാലനിറമേനിയാകും നീലമേഘനിറത്തിനൊടും ആയിരം തിരുമുഖങ്ങളോടും അതിനിരട്ടി കരങ്ങളോടും മൂവായിരം തൃക്കണ്ണോടും മൂവുലോകം നിറഞ്ഞു മേലേ തേവിവരും തേജസ്സത്തൊടും ഘോരതരം രൂപത്തൊടും നീണ്ട ജടാമകുടത്തൊടും പൂണ്ട മഹാകോപത്തൊടും എട്ടു ദിക്കും നടുങ്ങിയെഴുന്ന അട്ടഹാസക്കരഘിനോടും അററമില്ലാ വെലത്തിനൊടും കററമില്ലാ ഗുണത്തിനൊടും പൊരുപ്പിനു നേർവളൎന്നുയൎന്ന പെരുത്ത ഭുജാവലികളോടും ഭാഗ്യമുള്ള ഇളംപിറപോൽ തീക്ഷ്ണം ദംഷ്ട്രാദി വേലികളോടും ചാലമനോഹരമാം നീലമേഘനിറത്തിനൊടും ചലിയാതുറച്ച മനസ്സിനൊടും മെലിയാതുറച്ച തിറസ്സിനൊടും പെരുത്ത ശുഭലക്ഷണങ്ങളോടും തിരുത്തമെഴും പ്രഭാവത്തോടും എരിയുന്നരുണാക്ഷരങ്ങളോടും ചൊരിയും കൃതാമൃതങ്ങളോടും മുനിയെന്നരക്കർകുലം മുടിപ്പാൻ ചനിയും തിരുവാതിരയും കൃഷ്ണചതുർദ്ദശിയും അന്നും തിരുനാളാൽ കററജ്ജടയോൻ ശിവൻ പെരുമാൻെറ നെററിത്തൃക്കണ്ണിൽ പുറന്നു ഭൂമി പൊടിപ്പടെ പാഞ്ഞെന്നാൎത്താം ശ്രീഭദ്രകാളിതാനേ.

എന്നിപ്രകാരമേ തോന്നിയരുളിയ ശ്രീഭദ്രകാളിയും നഗ്നരൂപി(ണി)യായി നാണിച്ചു നീലപൎവ്വതത്തിൽ മറഞ്ഞു നില്ക്കുന്ന കാലത്തു ഭഗവാൻ പരമേശ്വരൻ പണ്ടൊരവസ്ഥയിങ്കൽ ഭൈരവവേഷം കൊണ്ടു പെരുമാറിയ കാലത്തു ചാൎത്തിയിരുന്നോരാനത്തൊലിയും

പുലിത്തോലിയും ഒണ്ടിരിപ്പു കൈലാസത്തു അതിനെ എടുത്തു കൊടുത്തരുളി ഭഗവാനും. ഭഗവതിയും അന്നതിനെ തൊഴുതേററു വാങ്ങി അന്നു തൻ തിരുവരയിൽ തിരുവുടയാടയാകച്ചാത്തിയെന്നരുളിനാരം ശ്രീഭദ്രകാളിതാനേ.

പത്തിരകാളി ശിവമ്പരമേശ്വരപാദസരോജമണിന്തു പണിന്തേ
കത്തുമനൽക്കണ്ണിലെന്നെ ഇയററിയ കാരണമെന്തിതു ചൊൽക
വിരന്തേ

ചിത്തിരമായതിലെററുവനന്നതിസിദ്ധസുരാസുരഗസവിതനാകിയ
ഉത്തമനൊന്നവളോടുരചെയ്തു ഉററൊരു കാര്യമിതൊണ്ടറി ഭദ്രേ!

ഒണ്ടൊരരക്കർകുലാധിപനെത്രയും
ഉഗ്രതവിക്രമമൊള്ളൊരധിക്രമി
പണ്ടവനോടു ജയിച്ചവരില്ല
പരാക്രമമൊള്ളൊരു ദേവകളാരും.

കണ്ടതിലാരുമിന്നവനൊടെതിർപ്പാൻ
കൈവെലമുള്ളവരില്ലറി ഭദ്രേ!
എണ്ടിശർ കാവലിറത്തറകൊണ്ടതി
ഏറിയ വീരനെനിക്കെതിരെന്നു.

എനിക്കെതിരാകിയ ദാരികലോകം
എയ്തിയവന്തലകൊയ്തു കളഞ്ഞു
തനിച്ചു ജയത്തൊടു മൂന്നുലകിന്നു
തണുപ്പുവരുത്തുക നീയിനിയെന്നു

പനിപ്പിറ ചൂടുമരൻ കനിവൊടു
പറഞ്ഞതു കേട്ടു ഭയാനകമായൊലി
ചിനത്തൊടു ദാരികനോടമർചെയ്തു
ജയിപ്പതിനെന്തൊരു വിസ്മയമെന്നാരം.

എന്നവളോട്ട മഹേശ്വരനും പുന-
രേറിയ വിസ്മയമുണ്ടിതു ചൊൽവാൻ
വെന്നി മികുത്ത പിതാമഹനോട്ട
വിരഞ്ഞു വരങ്ങൾ വരിച്ച നിമിത്തം

കൊന്നു മുടിപ്പതിന്നും വശമല്ല
കൊട്ടമ്പടയും പെരിയൊള്ള വനങ്ങ
എങ്ങളൊരുത്തരുമില്ല ജയിപ്പാൻ
ഏറിയ വീര്യപരാക്രമമൊള്ളോൻ.

വീര്യമൊണ്ട്ര വെലങ്ങളൊണ്ട്ര വേറെ വാണാൽ പെരികെ ഒണ്ട്ര
സാരമായ വരങ്ങളൊണ്ട്ര നട്ടാമുട്ടി പലതുമൊണ്ട്ര
ശോരമുണ്ട്ര ശൌര്യമൊണ്ട്ര ചൊല്ലിത്തൂലയാതെ മായയൊണ്ട്ര.
ഘോരമുണ്ടങ്ങായുധത്താൽ കൊലപ്പെടാത വരങ്ങളൊണ്ട്ര
വരങ്ങളിവ പറകിൽ താമസങ്ങൾ പെരിക ഒണ്ടാമെന്നരങ്ങിലാട്ട്
മരനരുളിച്ചെയ്യുളവിൽ ചൊന്നാൾ ഭഗവതിയും.

സത്യമേ തിരുനീലകണ്ഠൻ മറുത്തും ദാരികനോട്ട യുദ്ധംചെയ്തിട്ടവൻ
ഛിരമരിഞ്ഞു കൊണ്ടുപോന്നു സിദ്ധസുരാസുരമുനിമാർകൾ സേവിക്കും
തവ പാദം ഭക്തിയൊടും കൈതൊഴവൻ പരമശിവന്തന്നാണേ
തന്നാണ കേട്ടരന്നും സന്തോഷം പെരികയുണ്ടായി
ഒന്നാർകളയർകടിക്കുമൊരു ശൂലമെടുത്തു പുന-
രെന്നോളം മഹിമ നിനക്കൊണ്ടാക എന്നു
പൊന്നാരം തിരുക്കരത്താൽ പൊലിച്ചരുളി ഭഗവതിക്കും
ഭഗവതിക്കമരൻ കൊടുത്ത ഭയങ്കരമാം മുമ്മുന വേൽ ശൂലം

അകവലിവിനൊടസുരമൃത്യു ആകയെന്നു തൊഴുതേററു
വാങ്ങിക്കൊണ്ടാറ.

അഖിലസുരാസുരമുനിമാർകൾ അഷ്ടലോകപാലകന്മാർ
പുകഴ്പെരിയ ആയുധങ്ങൾ പൊലിച്ചാരന്നവരവരെ പരാപരയെ

വരമായ ശംഖ ചക്രം വടിവിനൊടു മാൽ കൊടുത്തു;
ഉരമായ വജ്രമെടുത്തു ഉമ്പർപുരാനുടെൻ കൊടുത്തു;
തരമായ കാലദണ്ഡു ധർമ്മരാജൻ കൊടുത്തു;
വരമായ ബ്രഹ്മദണ്ഡു പത്മപീഠത്തയൻ കൊടുത്തു.

കൊടുത്തളവിലായിരത്തെട്ടിരട്ടിയെഴും കരാവലികളിലും
ഇടിക്കനൽ പോൽ ഓരോരോ ആയുധങ്ങളെടുത്തിളക്കി
കടിയ്ക്കുമരവമണിയുമരങ്കഴലിണയും കൈക്കൂപ്പി
ഉടുത്തരയും മുറുക്കി അടർക്കായി ഒരുമ്പെടുന്നു ഭഗവതിയും.

ഭഗവതി ഭൈരവി മങ്ങലാന്തകി
പനിമതി പൊങ്കുരവങ്ങൾ തുമ്പകൾ
മകിഴ്വൊടു ഭംഗികലരന്നേഴും
ജടാമകുടമതിങ്കലണിഞ്ഞതങ്കുണ്ഡല-

യുഗമതുവും കരികൊണ്ടണിഞ്ഞു-
ടന്തരകവരംകൊടുകങ്കണങ്ങളും
മികവരികൊണ്ടന വന്പുലിത്തൊലി
വിലസിന തൊങ്ങൽ തുടന്നണിഞ്ഞുടൻ.

അഖിലവിധങ്ങളണിഞ്ഞവന്തല
അരവുകൊണ്ടങ്ങുടഞാണണിന്തിട്ടു

നിഖിലങ്ങളന്നങ്ങൾ നിറഞ്ഞ വാനിലും
നിമിരമിരിന്നെഴപൊന്തിലമ്പൊലി.

സുഖമൊടണിഞ്ഞു പണിഞ്ഞു ശങ്കര
സുകൃതവെലന്തവമെന്നു നിന്നഥ
നിന്നവൾതന്നുടെ ഭംഗിയും ഗുണം
നിർമലവും വെലവും പ്രഭാവവും

ഒന്നറിവാനരുതെങ്കിലും ചില
ഒന്മകളൊണ്ടതു ചൊൽവനമ്പൊടു:-

നന്ദികലന്നരുണങ്ങൾ കണ്ടതിൻ
കതിർകൊണ്ടു വിരിഞ്ഞ താമര-
വെന്ന പദം വിരലും നഖാവലി
വിണ്ണവർ പണ്ടമൃതം കടന്തൊരു
കുന്നു ചുമന്നീട്ടമാമപോലഴിൽ
കൊണ്ട പുറംകുഴലും ചിലമ്പൊലി
നിന്നു പുരണ്ടു തിരണ്ടൊരിണ്ടിരുമനർ
കുഴയും കണകാൽ തരന്തരം

അന്നു മയങ്ങടയുന്നചെപ്പുക-
ളഞ്ചി നിറന്ന മുഴംകഴൽ ദ്വയം
എന്നുമിത്തം കലരും ഗുണമികു-
മിന്ദ്രനുടെ ഗജപാണി കമ്പിടും.
ഒന്നിനൊടൊന്നു തിരണ്ട തുട
ഉല്ലാസമാം ജാലനങ്ങൾ ഭംഗിയോ

ഒന്നിയ മേഖലനാകജലങ്ങളു-
ന്നതപങ്കജചർമ വാത്തുകിൽ
എന്നിവകൊണ്ടണിയുന്ന മദ്ധ്യവും
ഇമ്പമെഴും ചുഴി ഉന്തി പൊക്കിൾ നേർ
എന്നത്തുപോലതിശോഭ ഈടിയ
ഏറ നിറന്നുദരം മനോഹരം
ഒന്നിവളൎന്നിരുൾ കൊണ്ടൊഴകീട്ടും
ഉല്ലാസമേറിയ രോമരാശികൾ
കുന്നോട്ടു തുല്യമതാസ്വുളന്നു
കുമിഞ്ഞ മുലക്കലശങ്ങൾ വിസ്മയം
എന്നു വളൎന്നിവാനരുപ്പമൊ-
ടേറെ വിഭ്രുതിയിത(ീയ)ന്ന വക്ഷസി
വെന്നി കലന്നു വളൎന്ന താലങ്ങൾ
വേറെ സഹസ്രമിരണ്ടു നിന്നഥ
ഒന്നിയ ബാഹുസമൂഹമങ്ങതി-
ലുഗ്രതരം പരമായുധാവലി
പന്നിയുമന്നവുമാസ്ത്രിരണ്ടൊരു
കണ്ടറിയാതവണ്ണം നിരന്നഥ
സന്നദ്ധം പിന നേർ വളന്നും
നിറന്ന ഗളന്തിരു വാ ചുമന്നിരുൾ
കുന്നിൽ വിരിഞ്ഞ മഹാഗ്ലുഹക്കതർ
കൊണ്ടൊരിളമ്പാ പോൽ വളഞ്ഞൊളി

ഒന്നിയ ചാരുദവിഷ്ഫാജാലങ്ങ—
ളൊത്തമൊഴിത്തിരുദന്തപന്തികൾ
നന്നി മികുത്ത കപോലെ ദർപ്പണം
നാകമണിഞ്ഞുലയുന്ന ത്തുക്കുഴ
നിന്നിത്തു ശോഭിതമാസ്സിളന്നൊരു
നീലമഹാഗിരി പോലെ നാസിക
ത്തുന്നിൽ (മഹി)മ നിറഞ്ഞനൽകാന്തി
വേറു ചമന്നു മറിഞ്ഞിളകുന്ന കണ്ണിണ
കൊണ്ടടയാരുയർ കൊള്ളവേയതി—
കോപമൊടെന്നു ഞൊറിഞ്ഞ ചില്ലികൾ
വന്നു നിറഞ്ഞു മരീശികൊണ്ടു
വളന്നു നെററി സുവർണ്ണ കാന്തികൾ
നിന്നതൊരായിരകോടിബാലദിവാകരർ
വന്നുദയം ജലത്തിനൊടൊന്നിൽ
നിറഞ്ഞു വിരിഞ്ഞ പോലൊളിവുററ
ജടാമുകുടം ഭയങ്കരമേ ഒളി.॥.
ഭയകര തട വട മലവുടെ വിലസിന
വളർ ശിഖരങ്ങൾ
ഉടൽ പൊടിപട വളന്നുയർകരതലമതിൽ
വളതടിയടയലരുടെലിടഞ്ഞിട്ടമത
ഇടി നികരറഞ്ഞിട്ട അയനരുളിയ
തടികണയമൊടെഴ മഴ അടലസി ധനുവകഴികഴമിത

വിലസിന വിനയ മൊടീടിയിഴഞ്ഞിഴകുരലൊട്ട നിന്നു
വിലസിന ഭഗവതി ശിവനൊട്ട പുകഴ്ന്നനാറം.

എന്നിപ്രകാരമേ ശ്രീഭദ്രകാളിയും ദാരികനെ കൊൽവാൻ പോകുന്ന അടിയനൊരേറു വാഹനം വേണ്ടായോസ്വാമീ!

ഒണ്ടാകുന്നൊണ്ട ഭദ്രേ! നാല്പെരുംകാട്ടിലോളം നന്ദീശ്വരൻ കഴുത്തിൽ കരയേറി ചെൽക. അവിടെ കിടന്നുറങ്ങുന്ന നാലു പിശാശുക്കരം, കാളിയും കാളാന്ത്രിയും വേതാളവും പശുന്തയും. എന്നതിൽ വേതാളത്തിൻ കഴുത്തേൽ കരയേറിയാൽ,

നാട്ടും മലയും നകരഗ്രാമങ്ങളും
കടന്നൊട്ടേടം ചെന്നാൽ പിന്നെ
നീട്ടം മതിലും കിടങ്ങുകളും
നെടിയ മേട മാളികയും
പാട്ടം കുയിലും വരിവണ്ടും
മയിലും കുളർ പോലൊത്തത്തിടാദികയും
ചാട്ടം നദിയുമടയലർകരം
ചാലെ ചെന്നണയായ്‌വണ്ണം
ഈട്ടം യന്ത്രപ്പാലാദി ഉയന്ന
ദാരികാലയവും കാണാം.

കണ്ടാലൊണ്ടൊരു കൗതുഹലം
കടൽപോൽ വലിയ കുഴിയൊരണ്ട
പണ്ടാരതിനെ കടന്നോർകരം
ഭയമാമതു കാണുന്നോർക്കും.
ചെമ്മേ ചെണ്ടാലർ ഗോവുണ്ഡി വൃക്ഷമൊരണ്ട
ജയമില്ലേ അതിങ്കീഴ് ചെന്നു നിന്നാൽ

പണ്ടെ കിഴക്കിൻവാതിൽ കാപ്പാൻ
പതിനായിരമസുരരൊണ്ടെ.
ഒണ്ടെ തെക്കിൻദ്വാരം കാപ്പാൻ
ഇരുനൂറു കോടിയസുരരൊണ്ടെ.
തിത്തോളുക്കർ ഒരു കോടി തിരിയുന്നു
പശ്ചിമഗോപുരത്തിൽ വീണ്ണീർ
വടക്കിൻഗോപുരം കാപ്പാൻ
വേറെ ന്തൂറായിരം കോടി ഒണ്ടെ
പെരിയ രാക്ഷസന്മാർ ഒന്നാർ മുഖത്തെക്കാണാം
നെടിയ തോരണവും കടൽപോൽ
ആനപ്പന്തികളും ചേർന്നാർ കൊടി നിന്നാട്ടുവതും
തേർവീഥികളും പടവീടും
പൂണാർദേവി മണ്ടോദരിയും പോയെ
പുരിയും ദാരികനും കൂടി ബാണാനുന്നം പ്രാപിക്കും
വടർമാളികയും മേൽത്തളവും
കളവാനഖയാലാടരങ്കശാലകളും കാണാം.
ശതകോടി ഇളകുംവണ്ണം പെരിയ ജലനിധി പോൽ
അളവും കണക്കുമില്ലാതശ്വം തേർ പരി കാലാളും
വിളയും മണിരത്നാദികളാൽ വിലസും
ദാരികാലയവും കാണാം.

വിലസും മുരളും വിരുതെടലിയും,
വിയനാൽ മുഴങ്ങും നവരസം

മല പോൽ ഉയൻന്ന ഗോപുരത്തിൻ മഹാവാതൽ
മുകിൽ പോൽ പലതുണ്ടവിടെ
പട വിസ്മയങ്ങൾ ചൊൽവതിനാരേ വല്ലോർകൾ
അലസാവെലമൊട്ടമവിടെ മേവി-
യസുരേന്ദ്രനെ കൊൽക ഭദ്രേ ഭദ്രേ!

അമരർ ഭയം കടക്കാ പടയോടസുരേന്ദ്രനെ കൊന്നത്രേ വേണ്ടു വെന്നിക്കെന്നു അരൻ അരുളിചെയ്യുളവിൽ ഭഗവതിയും ചിത്താനന്ദ മിയന്നു ശ്രീമഹാദേവൻ തിരുവടിയെ ഭക്തിയായ് നിന്നു കൈക്കൂപ്പ പടയോടവളും പുറപ്പെട്ടുന്നു.

പുറപ്പെട്ടുന്ന ഭഗവതിതൻ പേരു
ആരിങ്ങൊരുത്തർ ചൊൽവോർ
നിറത്ത ജടാമകുടമുടി
നീണ്ട മഹാമേരു പോലെ
വിറച്ചെഴുന്നു പിറങ്ങുഴവി
വിലസുന്നു മകുടതടേ
ഉറച്ചു പാമ്പുകൾ തന്നുടെലിൽ
മുഴുതും പിണഞ്ഞെഴുന്നു.
പിണഞ്ഞെഴുന്ന നാഗമണിപ്രഭയാലും
ജടാമുടിമേലണിഞ്ഞ മതിനിലാവാലും
ഇണങ്ങിയ വെള്ളകിററാലും
ഇയന്ന ശോഭ പലവിധമായി
അണഞ്ഞു നിറഞ്ഞതശേഷം
ലോകമധികതരമായി

മിന്നുന്ന ഇടിപോലെ വാം
വിലസുന്നു കൊടി മേലേ പോയ്
കന്നിന്നു വടിവാം ശൂലം
കാലുന്നു കനക്മഴനൃ
എന്നുന്നു പുരിയം തുള്ളി
എരിയുന്നു കണ്ണിൽ ചെന്തീ
പൊന്നിന്നാൽ ചിലമ്പുലമ്പാ
പുരളുന്നു പുറംകാൽ മീതേ.

പൊലിയുന്ന വളയമെല്ലാം, ഉരുളുന്നു കങ്കളെല്ലാം
ഓടുന്നു അന്ധകാരം, വെരളുന്നു മേനി കണ്ടാൽ
മേഘജാലങ്ങളെല്ലാം, മറിയുന്നു മലകളെല്ലാം.
ആടുന്നു കഴയിലാന, അലയുന്നു, മുടിമേൽ നാഗം,
പാടുന്നു നാര(ദ)ന്മാർ ഭഗവതി പാദപദ്മം,
ഓടുന്നു അന്ധകാരം, ഉളയുന്നു അസുരദുഃഖം,
ചൂടുന്നു മുനിമാരെല്ലാം, ചൊല്ലുന്നു അമരർ വേദം.

ദവദത്താൽ മറയോർ പൊററാർ
വിരതത്താൽ നാരദന്മാർ
നലമൊടു പോററിചെയ്തു
നാദത്താൽ നന്ദീശ്വരൻ
നലമൊടു പോററി ചെയ്തു
പാദത്താൽ പോററും നന്ദി
ഭഗവാന്തൻ കഴത്തോദലറി

ഭൂതത്താന്മാർകരം ചൂഴ
പോകുന്ന ശ്രീഭദ്രകാളിയും.

എന്നിപ്രകാരമേ എഴുന്നെള്ളുന്ന ശ്രീഭദ്രകാളി കൂടെ അഷ്ട ഭൈരവിമാരും നവ ഭൈരവിമാരും അഷ്ടമാതൃക്കളും സപ്ത മാതൃക്കളും എട്ടുട്ടരുപത്തുനാലു യോഗിനീയോഗേശ്വരിമാരും വൈരമൊട്ട പോർ കിടയ്ക്കും ഭൈരവിമാരും ഭൂതപ്പടെയും പിശാച്ചുപ്പടെയും ഗണപതിയും സുബ്രഹ്മണ്യനും വീര്യമേറുള്ള ആര്യമഹാശാസ്താവും മററുമനേകം ശക്തിമാർഗ്ഗങ്ങളോടും ഉത്തിര നാളിനോടും ഉടനഥ വിജയമേറും എത്തിന രാശിയോടും ഇനിയ മംഗല്യമേറും ഉത്തമ മുഹൂത്തത്തോടും 'ഓം നമോ നമശ്ശിവായ' എത്തുക ജയക്കമനിക്കെന്നു എഴുന്നള്ളത്തുടങ്ങിനാൾ ശ്രീഭദ്രകാളിതാനേ.

എന്നിപ്രകാരമേ ശ്രീഭദ്രകാളിയും കൈലാസത്തെ അപ്രദക്ഷിണം ചെയ്തു പോകത്തുടങ്ങീതു. അതുകണ്ടു അരുളിച്ചെയ്തു ശ്രീമഹാദേവന്തിരുവടിയും. എന്തു ഭദ്രേ കൈലാസത്തെ അപ്രദക്ഷിണം ചെയ്തു പോകുന്നു. സത്യമേ തിരുനീലകണ്ഠൻ മരുത്തും ദാരികനെ കൊന്നു വന്നൊഴിയാതെ കൈലാസപ്രദക്ഷിണം ചെയ്കയില്ലെന്നു പ്രതിജ്ഞചെയ്തു എഴുന്നള്ളത്തുടങ്ങിനാൾ ശ്രീഭദ്രകാളിതാനേ.

## യുദ്ധയാത്ര

കാളിതന്നൊടു നടന്ന പെരുമ്പട
കാരിടിനേർനിര സേന മഹാഗിരി
താളൊടെഴുന്നു നടന്നിതമൊത്തിതു
നഗരമൊക്കെ ഇളക്കമെഴുന്നിതു
വാളെകറൊള്ള പെരുമ്പട ഒണ്ടതി
ബാനിളമൊക്കെ മറിച്ചു വരുന്നിതു

ക്രൂളികൾ പേകൾ പിശാച്ചുകളന്നതി-
ഘോരതരങ്ങളില ക്രൂക്കി വിളിച്ചു.
വിളിച്ചു മദേന ഛിന്നത്തു കതിർത്തു
വിളങ്ങി വിധങ്ങൾ പറഞ്ഞു പറഞ്ഞു
പൊളിച്ചു പൊളിച്ചു നിശാചരർ മൈകൾ
പുനപ്പുനലാറൊഴുകിന്നന ചോരി
കുളിച്ചു കുളിച്ചു കുടിയ്ക്കു നിനച്ചു
കൊതിച്ചു കൊതിച്ചു വരുന്നിതു ക്രൂളി
കളിച്ചു വിളിച്ചു വരുന്നിതു പേകൾ
കടൽക്കെതിരാന്നന സേന നടന്നിതു.

നടന്നിതു ദണ്ഡീശനും പടയോടേ
നലമികുമഷ്ട ഭയങ്കരിമാർകൾ
പടന്ന പെരുമ്പടയോടു നടന്നു
ഭയാനകമായൊലി പൊങ്ങി വരുന്നി-
തിടിഞ്ഞിതു മാമലതൻ ചിഖരങ്ങ-
ളിടമ്പടുമാഴിയൊട്ടൂഴികലുങ്ങി ഉടൻ
പൊടിധൂളിയെഴുന്നതു കണ്ടുലകത്രയമൊക്കെ
മറച്ചു നിറച്ചിതു ഘോഷം ഘോഷമൊടന്നു മുദാ
ശന്ദ്രശേഖരി ഘോരതരം ചിലനാദമിളക്കി
വിഷാദഭയാകുലമൊക്കെയകററി
മുഴുത്ത മഹാഗിരിതൻ ചിഖരങ്ങളെ വെന്ന കരാവലി
രണ്ടു സഹസ്രമായ് വിരവുററതിൽ
വെററി മികത്ത ത്രിശൂലം കപാലം
വിരാചിതഭംഗികലന്ന കഠാരമിരിപ്പെഴും

വജ്രമുലക്ക വലക്കൈക്കലേന്തിന
നാന്ദകമൊട്ട ചിന്നത്തമർ
ഖണ്ഡിചിന്നത്തടയാരുടെയ്യൂട്ട നടന്നുയർ
തേട്ടമടൽചേല വേലുകൾ ദണ്ഡു ശരാസനം
ഉന്നതതാളം പ്രഭചെന്നിരിയുന്നന ചക്രം
അതീവ നിറന്നതിപൂർണ്ണശശാങ്ക-
സമം വിലസീടിന ശംഖു ഭയങ്കരമീടിയ മുട്ടടി
ചൊട്ടകൾ വട്ടയമിട്ടരു ഒട്ടലർ മുട്ടികൾ
മുട്ടിയെടുത്തവർ വട്ടുരുള ചില;വെട്ടകൾ
വെട്ടി നിറന്ന കടത്തല പാശവുമങ്കുശവും
വൃഷഭക്കൊടിയും ചില ഈട്ടികൾ
വങ്കിടി തീട്ടിയ കത്തി മുരാരികൊട്ടത്ത പെരുംഗത
പാശമിരിപ്പു മുള്ളിട്ടു നിറച്ചുതറെച്ചു
മഹാപരിഘംവളയും വളതട്ടു
വളഞ്ഞനവാള തെളിഞ്ഞിവയൊക്കെയെടുത്തു
മുറുക്കി ഇളക്കിന തൃക്കൈകളെത്രവിധങ്ങൾ
വിളങ്ങി വരുന്നിതു മേഘ നിറന്തടവും

തിരുമേനിയിൽനിന്നു വിനാഗ്ഗതമാകിയ രശ്മികൾ കൊണ്ടു
വളർപന്നഗമൊക്കെയണിഞ്ഞു വളന്ന
ജടാമുടിമേലൊരു പൊന്നിനൊടൊത്തൊരിളമ്പറ
പൂണ്ടിടിമിന്നിനൊടൊത്തു വിളങ്ങി
വളഞ്ഞ ദവൃഷ്ടമിണങ്ങിന തന്തിരുവായ്മൊഴി
ഭേദമിയന്ന വാദ്യപരാപരമൊക്കെ

അമത്തിയുലച്ചിടിനാദവുമൊത്തു മുഴങ്ങി വരുന്നിതു
പങ്കജമൊത്തു ചുവന്ന പാദങ്ങളിൽ
മംഗലഭംഗികലന്ന ചിലമ്പു ചെലിഞ്ചെലിനെന്നു മുഴങ്ങി
മഹാജലധിക്കഭിമാനവിരോധമിയററി

ഉരത്തു രസിച്ചിതു പുംഗവനായ പിതാമഹനും
പറവാനരുതാകിയ ഭംഗിയൊടൊന്നു
പടയ്ക്കെഴുന്നള്ളിന ഭദ്ര ഭയങ്കരി ഉത്തമ ശങ്കരി
ശണ്ഡിക കാരണി ഭണ്ഡിതമൗലിനി
തത്തിരുമേനി കുളിർത്തിട്ടുമാറതിസുന്ദരമാകിയ
കല്പകപുഷ്പമിവത്തു പൊഴിച്ചിമയോർക-
ളണഞ്ഞു കറുത്ത നിറം ദർശിച്ചു പുകണ്ണു
പുനപ്പുനരാശു മൊഴിന്തു മകിഴ്ന്തു തുടന്നിട്ടുമാറു
പടന്ന പെരുമ്പടയോടെഴുന്നള്ളി മഹേശ്വരി
വമ്പുലി സിംഹ വരാഹമൃഗാദികൾ
ഇമ്പമെഴുന്നന ഷഡ്പ്പദ കോകില കേകികൾ
നാനാപക്ഷികൾ വൃക്ഷ സമൂഹമതൊക്കെ
നിറഞ്ഞതിശോഭിതമാകിയ ശ്രുപ്പരും
മെച്ചമൊടൊത്തിരുളുററവരു നാല്പെരും
കാട്ടിലണഞ്ഞിതു കാലമേ.

## ഇനി പാട്ടു

നാല്പെരും കാട്ടകത്തു മലയെ തലയണയായി
ഭൂമിയെ ചയനമായി ആകാശം മേൽക്കട്ടിയായി
കുല ആന കോടിന്നുറായിരം കൊടുമ്പുലി പന്നി സിംഹം

പലം നൂറുകോടി തിന്നു പിന്നെയും പശി പൊറാഞ്ഞു
തിടിലറെ ചെന്നു പാഞ്ഞു ജലനിധിയൊക്കെ കോരി
കുടു കുടാ കുടിച്ചു ദാഹം കൂടൊഴിഞ്ഞു കുക്ഷി
വലിയൊരു വില്ലുപോലെ വളൎന്നു പോയി
മുല ഞാൺ പോലെ വിണ്ണെല്ലാം പുകഞ്ഞു നോക്കം
കണ്ണെല്ലാം കുഴിതാലമ്പോൽ താടിയും കൂത്തു നീണ്ടു
നാടിയുന്നരമ്പുമായി മൊറു മൊറാ പാറും വലിച്ചു
മൊത്തുമൊതാ കിടന്നുറങ്ങുന്ന പിശാശ്ശുക്കൾ നാൽപെരും
താനേ

അന്നു അമ്മതമ്പുരാട്ടിയുടെ തൃക്കാലിൻ ചിലമ്പിനൊശെയും വെററിപ്പറകൊട്ടിൻ മുഴക്കവും കേട്ടു ചുററിത്തെറിച്ചൊട്ടപ്പുറം പോയി വീണു കട്ടിച്ചെഴുന്നിന്നു കണ്ണു തിരുമി കൊട്ടിയടച്ച ചെവിയിൽ വിരലിട്ടുകിടുക്കി തുറന്നു കൊട്ടിന്മുഴക്കവും ഘോര നിനാദവുമൊട്ട ചെവിക്കൊണ്ടു കേട്ട നേരം ദുഷ്ടൻ ദാരികനെ കൊല്വാൻ എഴുന്നെള്ളുന്ന ശ്രീഭദ്രകാളിയുടെ വരവെത്രേയന്നറിഞ്ഞു നാം എതിരേല്പാൻ ചെല്ലുമപ്പോൾ ശങ്കയകന്നു ഭംഗിപടെ ചമഞ്ഞു ചെല്ലേണമെന്നു കല്പിച്ചു കടലിൽ പുക്കു കുളിപ്പാൻ നീർ പോരാഞ്ഞു സമിശ്രയിച്ചു നട്ടക്കടൽ പുക്കു തുകുവാൻ മുഴാഞ്ഞു മേലെല്ലാം തൊട്ടു നനച്ചു മിനുക്കി പഴയ തുകിൽ കളഞ്ഞു പുതിയ തുകിൽ ഉടുത്തു ആന പിടിച്ചൊട്ടായിരം തിന്നു അഞ്ചെട്ടാന ചെവിക്കുടയിൽ വച്ചു അണലിപാമ്പാലരമുറുക്കി പന്നത്താൽ ചില പെരുമ്പാമ്പു കൊണ്ടുത്തരീയമിട്ടു മരുങ്ങിനിക്കരുംകുറിഞ്ഞി മാനാകം തലയിൽ കെട്ടി രണ്ടാനപിടിച്ചു കാതിൽ കുണ്ഡലവും കുണുങ്ങ തൂക്കി ചെമ്മേ മൂന്നാനകൊണ്ടമ്മാനയാടി പാടിച്ചെന്നു ഞാളികെൾ നാദം പോലെ കൂളികൾ ഗീതം പാട പശ്ശുന്തയാൾ പറയും കൊട്ടി ഭംഗിയോടാടിപ്പാടിച്ചെന്നു പുറപ്പെട്ടാർ പിശാശ്ശുക്കൾ നാൽപെരും താനേ.

വേറുമത്തമൊട്ടു മലൻ കൊന്ന യെരുക്കണിന്തജടധരൻ
മനസിൽ പെരുകിന ചിനമൊടറനെറിയികഴമസുരനെ
വധചെയ്‌വാൻ

ശക്തിയൊട്ടു പടത്താമെത്തൊരു ചന്ദ്രശേഖരിയായ
വെൺശവരി കൊടികൂടതഴകിളിട്ടുപടയരഭമൊട്ടുചെന്നു
മുട്ടുകവേ

ഭേരിചേർഘണ്ടവാദി ഭേരി ഇടക്ക ദുന്ദുഭി മദ്ദളം
പരിശിലെഴുംധ്വനി വിരുതുകുഴൽമണി പെരിയ തുടി
പടഹാദികൾ

ഒത്തതീവമുഴങ്ങി അംബുധര വെലിധ്വനിയെന്നപോൽ
ഉലകു ചെകട്ടു പട്ടഴറി മുഴറിട്ട അമരർ മലർമഴ പൊഴിയവേ
പൊഴിയവേ മലരുഴിയവേ തുയർ മൊഴിയ വേദങ്ങൾ മുനിജനം
പുരമതെരിചെയ്ത പരമനടെ സുത പെരിയ ഭഗവതി വരവിതു
അഴകിനൊട്ടു പിശാശിനങ്ങളുട്ടത്തു വിസ്മയമൊട്ടു ക-
ണ്ടഖില ഗുണഗണ നിലയപദയുഗനളിനമതു തൊഴുതെഴ
നിന്നാർ

വഴിയിൽ നിന്നവരോടു ചണ്ഡിക തുണ്ഡമാമതി ചൂടിടും
വരഭഗിരിസുതരമണനുടെമകൾ മധുര വചനങ്ങൾ
പറഞ്ഞ നാൾ

ഉഴറി നിങ്ങളുടെയ നാമങ്ങളൊട്ടു താല്പരിയങ്ങളും ഉരചെയ്തീ
ട്ടുകന്നിട്ടളവിലടിമലർ തൊഴുതു സകലവും ഉരചെയ്താർ.

വെറ:– ഉരചെയ്യാം തമ്പുരാട്ടി ഉറക്കൊട്ടു പോർകിടക്കും
കരുതലർ കരൾപറിക്കും കാളിയെന്നെനിക്കു നാമം

കുരുതികൾ കുടിക്കും പേകൾ കൂടരെട്ടത്തുപജീവിക്കും
പെരിയ കാളാത്രിയെന്നു പേരൊള്ള പിശാശ്ശു ഞാനേ
പിശാശ്ശു ഞാൻ പശ്ശുന്തയെമ്പർ പടകെളി കൊന്നു തിന്മാൻ
പിശാകി ഞാനിരിപ്പുവെന്നർ മാററവർ ദുഷ്ടരായ
നിശാചരർചോരി കോരി നാക്കിനാൽ നക്കിയുണ്ണും
പിശാശ്ശു വേതാളം ഞാനേ ഭദ്രേ കേളുന്നു നിന്നാർ.
നിന്നവർവൃത്താന്തങ്ങൾ നിഖിലവും അകമേ കേട്ടു
കുന്നുപോലുയന്ന യാന കൊട്ടമ്പുലി പന്നി സിംഹം
കൊന്നുപജീവിച്ചിട്ടും ചെന്നു വൻകടലിൽ പുക്ക
ജലങ്ങളെ വാരിയുണ്ടു വന്നലുമ്പെഴുന്നു ദേഹം വറണ്ടതും

എന്തേ എന്നാർ

എന്നതും പിശാശിനം കേട്ടുമ്പെരുമാട്ടി
പണ്ടുതുന്നിയ വൈരംകൊണ്ടസുരസുരയുദ്ധത്തിങ്കൽ
വെന്നിചേരാഴിമായോൻ വിരവൊടു വിട്ടാൻ ചക്രം
അന്നതിനാൽ മുടിത്തിതും അശേഷവുമസുരക്കൂട്ടം
അസുരകളെ കുരുതിയുണ്മാൻ അവിടെ വന്നുണ്ടായി ഞാങ്ങൾ
പുതിയന കുരുതിയുണ്ടു പോയില്ലേ ദാഹമൊട്ടു
ഗതിയിതിനെന്തെന്നെണ്ണി കേവലം ദേവൻ ചൊന്നാൻ
നദിപതി കുടിച്ചു നിങ്ങൾ നാൽവരും കാട്ടിൽ വാഴ്ക
കാട്ടിലേ വാണാലൊട്ടുകാലങ്ങൾ ചെന്നാൽ പിന്നെ
കോട്ടുവെള്ള കിററുവീരൻ കൊടിയ ദാരികൻ പോരുണ്ടാം
തീട്ടിയ ശൂലം മററ തിണ്ടറ വീരന്മാവിൽ
ഓട്ടിയേ കൊന്നൊടുക്കും ഉഗ്രമാം ഭദ്രകാളി.

ഭദ്രയോടമർ കിടച്ചു പാപിയാമസുരൻ പട്ടാൽ
പട്ടവൻ മാംസാദി ഉധിരങ്ങളും ഉൺക നിങ്ങൾ
അത്തലും പശിയും തീരും ദ്വാദന്നോളം പൊറുക്കയെന്ന
സത്യവാചകങ്ങൾ കേട്ടു ചരസുമാടിവിടെ വാണാം.
ഇവിടെ നിന്തിരുവടിയുടെ എഴുന്നള്ളത്തു പാർത്തു
ദാരികൻെറ രക്തമാംസാദികൾ ഭക്ഷിപ്പാനായപേക്ഷിച്ചു
നരമ്പലുമെഴുന്നു നാൾ തോറും മെലിഞ്ഞു
കരം കാൽ തളൎന്നു തരം കെട്ടുന്നു തമ്പുരാട്ടി.

എന്നു പിശാചുവൎഗ്ഗം ചൊല്ലുകേട്ടു ശ്രീഭദ്രകാളിയും അകതാർ മകിഴ്ന്നു തിരുവായ്മലരന്നൊന്നരുളിച്ചെയ്താർ ശ്രീഭദ്രകാളിയും.

നന്നു നന്നു നിങ്ങളുടെ വി(ടി)ബു)ഭുക്ഷയെന്നാൾ
ഞെരുണ്ട കവചം ചുരുണ്ട തൊലി നികരുംവണ്ണം
കൊന്നസുരൻകുടൽമാല ചോരിമാംസങ്ങൾകൊണ്ടു
കളിച്ചുണ്ടു വിളിച്ചാൎത്തുകൊൾവാൻ ഇന്നു
നിങ്ങൾ പിറപ്പെട്ടുകെന്നരുളിച്ചെയ്താൾ തമ്പുരാട്ടി

തമ്പുരാട്ടിചൊൽ കേട്ടു പിശാചുവൎഗ്ഗം കടൽപോലവിടെ വന്നു നിറഞ്ഞു. പിന്നെ വമ്പറകൾ അറഞ്ഞ നാദം കേട്ടു നേരാക്ക വലിച്ചു മലരന്നോരോരോ കുന്നിലും ഗുഹകളിലും ഞൊളിമൂളി കിടക്കാക്രൂളി ക്രൂളിപ്പെരുമ്പടയും കാളിയും കാളാത്രിയും വേതാളവും പശുന്തയും മററു പല പല സഹസ്രമുററ പട ചൂഴ വെററിത്രിശൂലമുമാദിയായ അനേകം ആയുധങ്ങളെക്കൊണ്ടു ചുററിയും കളിച്ചും നന്ദിഭഗവാൻകഴത്തേൽ വിളയാടുന്ന ഭഗവതിയും താളഗീതവാദ്യത്തിന്നാതാളിയടക്കി മുററ വേതാളമെന്ന പിശാശിനെ വിളിച്ചുകൊണ്ടരുളിച്ചെയ്തു:

ഇത കാണാം വേതാളമേ ദ്രുതാളും വാഹനാവും നീയേ വേണ മെന്നു ചൊല്ലി നന്ദീശ്വരൻകഴുത്തേൽ നിന്നിറങ്ങി വേതാളത്തിൻ-കഴുത്തേൽക്കരേയറി ദാരികപുരം നോക്കിയെഴുന്നള്ളത്തുടങ്ങിനാം ശ്രീഭദ്രകാളിതാനേ.

**വേറു:**

പടകം ഞെരുക്കി മുഴക്കമെഴുന്നിതു
പല വിരുതൊക്കെ ഞെരുക്കിയൊലിത്തിതു
തുടിപടഹത്തൊടു മദ്ദളമൊത്തിതു
തിമിലപരപ്പെഴും പൊൽപ്പണവാദികൾ
മുട്ടകിയെട്ടുക്കമുട്ടുക്കയട്ടക്കൊട്ട
മുദിതതരത്തിലട്ടക്കമിടക്കകൾ
കടലൊലിയൊത്ത മുഴത്ത മുഴക്കൊട്ടു
കരിമുകിലൊത്തൊരു ഭദ്ര നടന്നിതു.
നടവഴി വെട്ടി മരത്തെയടത്തിതു
നന്ദനര വെട്ടി നിരത്തി വഴിക്കുഴി
കൊട്ടമല തട്ടി ഇടിച്ചു വഴിക്കൊള്ള
കുറകളറുത്തു തിരുത്തി ഇടത്തൊട്ടു
കുടകൾ പടക്കിടെയൊക്കെ നടന്നിതു
കൊടി കവരിത്തിരുളൊക്കെ നിരന്നിതു
പടയമരക്ക് രിപുക്കളിരിപ്പൊരു
ഭവനമടുത്തു രമിച്ചു വിളിച്ചിതു.
വിളിയൊടടുത്തു ശമക്കള മുററിതു
വിരുതു കരുത്തൊടെടുത്തു പിടിച്ചിതു
കളിയസുരക്ക് പതിക്കിടമാകിയ
കടൽനഗരിക്ക തിരുത്തമിരുത്തിയ
ഒളികിളരുത്തരദിക്കുയർഗോപുര-
മുടനെ തടുത്തു പടെക്ക വിളിച്ച നാം

ഉളമകിഴ്‌വുററ വെള്ളത്ത നിറത്തൊടു
ഉടുപതിയുററ മുടിത്തടമൊരള്ളൊരു
തടമുടി പൊററസുരക്ക തിടിക്കൊടു
തലെ കിലിയെക്കടല്ലൊക്ക നടിക്കിട
പടവരയൊക്കെ വിറക്കെ വിളിച്ചൊരു
വളർധ്വനി മററിടിയൊത്ത മുഴക്കൊടു
മുടുകിയടുത്തസുരർക്കരചെന്തല
മുനിവൊടിടിച്ചു പൊടിക്കമതത്തവ-
നടെ ചെവി പുക്കെതിരിട്ടു ഭയപ്പെട
ഒരു ഭയമുററു വിറച്ചിതരക്കരും.

**വേറു:**

അരക്കർകോമാൻ ദാരികനും അഴകാൽ ദേവിമനോദരിയും കൂടി പൊരുപ്പിനു നേർവളന്നുയന്ന പൊന്നിന്മാളികപ്പുറത്തേറി അരക്കർ നൂറായിരം പേർ അവിടെ അകമ്പടി സേവിച്ചുനില്ക്കും അളവിൽ ആർപ്പു കേട്ടു ഇയങ്ങിയൊരു ദൂതനെ വിളിച്ചു ചൊന്നാൻ:-

വിളിച്ചു ദൂതന്തന്നൊടു വിരവിൽ ചെന്നങ്ങിരണഭൂമൗ
ഒളിച്ചു നിന്നു ഗജ്ജിക്കുമൊരു പരാരെന്നറിക നീയും
നളിപ്പുടയ യമന്താനോ നാരായണനോ ശിവന്താനോ
ഒളിച്ചു പോയ ദേവകളോ ഓടിപ്പോയ വരുണ(ന്താ?)നോ
ദാനവരോ ഗന്ധർവ്വജാതികളോ മററവരോ
പൂന വിരന്താനയൊടു പോർ കിടപ്പാൻ ചെന്ന പോലെ
വാനവരിലിതു ചെയ്തു വമ്പരേതെന്നറികയെന്നു
ദാനവരിലധിപതിയായ ദാരികനുമുരചെയ്താൻ.
ഉരചെയ്തവാറു കേട്ടിട്ടോടിനാനൊരു ദൂതൻ
മുരശ്ശൂവിരുത നവരസം മുഴങ്ങുമുയർഗോപുരത്തിൻ-

പെരിയ വാതൽ കടന്നു പുറത്തു ചെല്ലുന്നേരം
വരവിയലും പെരിയ പെരുമ്പടയെ കണ്ടു ഭയപ്പെട്ടാൻ ദൂതൻ.
പടയിടയിൽ ജഡാമുടിയും പിറയെകുറം പാമ്പുകളും
കടകരികളണിഞ്ഞ കുഴലും കരതലമീരായിരവും
കടിയ കാളമുകിൽ നിറവും കനൽ മിഴിയും വീര്യശൗര്യ
മുടയവളെ
പടനടുവേ കണ്ടു ദൂതൻ ഉരുണ്ടുടനെ പുരണ്ടു വീണാൻ.
പുരണ്ടെഴുന്ന ദൂതുവനും പുനരവിടെയെഴുന്നുനിന്നു
മരുണ്ടു കുരുടായ ദൂതൻ മരുമരുത്തും മൊരുമൊരുത്തും
വെരിണ്ടയിടവകയമ്പാൽ നടന്നു
വെരുണ്ട വീരൻ കഴലിണകൾ വീണുടനെ തൊഴുതു നിന്നാൻ.
തൊഴുത ദൂതന്മുഖം നോക്കി ചൊന്നു കൊടിയ ദാരികനും
ഉഴറി പടക്കു വിളിച്ചുലവും ഒന്നലരുരെന്നുരചെയ്തു.
പിഴ ചെയ്തവരെ പിടിച്ചുകെട്ടി പേർത്തുമറഞ്ഞു തൊലികഴററി
എഴുമുച്ചുലറത്തിന്നി ഞാൻ രാജ്യമെല്ലാം നടത്തികിന്നേൻ.
ഞാനെങ്കിൽ ചൊല്ലുന്നുണ്ടെന്നാവുചന്നുരുതെന്നാലും
വാനിളന്നമിൻ നീണ്ട വളർജടമുടിയും പാമ്പും
താനൊരുപേക്കും കണ്ടാൽ സഹിക്കരുതാത്ത രൂപം
സേനയിൻനടുവേ കണ്ടേൻദുഷ്ടയാ പൊട്ടിപ്പോയി
കണ്ണാളോടും പേർക്കിടമില്ലാഞ്ഞു
തത്ര ഞാൻ പെട്ട പാടോ ഉരചെയ്യാൻ
എമ്പെരുമാനെയരുതെനിക്കോ ചുട്ടനീറണിയുന്നവൻ
ദുഷ്ടനെ നിഗ്രഹിപ്പാൻ വിട്ടൊരു ശക്തിയെന്നു
വിശേഷം ഞാനറിഞ്ഞു പോന്നു.
അറിവൊടു നീയുമ്മെന്നിട്ടവളുടെ പാദപദ്മം

നെറിവൊട്ട വണങ്ങിക്കൊണ്ടാൽ നിന്നുയിർക്കുറുതി ഉണ്ടോ
ഗരുവെഴമവരോടല്ലാ കേവലം പോർകിടക്കിൽ
അറുതിയും മുടിവുമൊണ്ടാമതിനില്ലേ സംശയങ്ങൾ.
ഇല്ലവൾ നികരൊരുത്തി എന്നു നീയറികയിന്നി.
ചൊല്ലിയ ദൂതനോട്ട ചൊല്ലിനാനസുരകോമാൻ
കൊല്ലുമോ നരികൾ ചെന്നാൽ കൊടിയൊരു സിംഹംതന്നെ
വെല്ലുമോ വാനോരെന്നെ വേറെനിയ്യെതിരാരൊള്ളു.

## ഇനി പാട്ട്

എന്നു ചൊല്ലിപ്പെരുംകോപമുററുററ വെററിക്കരത്താൽ
തറക്കിട്ടടിച്ചപ്പൊടിധൂളെളഴപ്പിപ്പിടിച്ചുക്കരംകൊണ്ടു
മുഷ്കരത്തോടട്ടത്തിട്ടിളക്കുത്തുടങ്ങീ കനം തീ
പിറപ്പെട്ട വാൾകൊണ്ടു വെട്ടിത്തുണച്ചു-
പ്പെരും ദൂതനെകണ്ടുമിട്ടപ്പെരുമ്പട്ടവും മറെറാരുത്തന്നു കെട്ടി
തിറക്കുന്ന കണ്ണിൽ കനൽക്കട്ടെ പൊട്ടി
തിമത്തിട്ട ഗംഭീരവാൾക്കൊക്കെട്ടത്തിട്ടിളക്കുത്തുടങ്ങീ
ശിവൻ മാലയൻ വന്നെതിക്കിൽ തുടന്നോട വെട്ടി
ജയം കൊള്ളുവൻ മേരുവെത്തള്ളുവൻ
കുള്ളി വെള്ളിപ്പെരുംകുന്നെടുത്തിട്ട
മേൽ പൊങ്ങുമാറമ്മാനയാടിയാടിക്കളിപ്പൻ
പൊളിപ്പൻ കുബേരൻപിറം വിക്രമത്തോടഹം
ചക്രനേത്രഗജത്തോട് വെൽവൻ, കുടിപ്പൻ സമുദ്രങ്ങളൊക്കെ,
പിടിപ്പൻ പെരുംകാററിനെ ക്രൂരററാട്ട കെട്ടിവെപ്പൻ
ഇടിപ്പൻ പൊടിപ്പൻ മലക്കല്ലിനെത്തള്ളി വെട്ടിക്കനം
ചതുസംഹാരവും ചെയ്തു ഞാനാത്തു ലോകത്രയം വാഴവേ-
നെന്നുരക്കുന്ന ചൂരൻ പെരുംദാരികൻ തന്നിദയാഗേന

വെററിപ്പറകൊട്ടു കേട്ടക്ഷണം വന്ന സേനയ്ക്കിടം
ഭൂമി പോരാഞ്ഞു തിർങ്ങുന്ന നേരത്തരക്കൻ
പോരുക്കെഴുന്നീനിരുപ്പുററാ കുപ്പായമിട്ടംഗമെല്ലാം
മണിഷഭൂഷണം കൊണ്ടു ഭൂഷിച്ചു
തൊങ്കൽത്തിരുഠംഭംഗികൊണ്ടീടഴും
പൊൻകിരീടം പുനഞ്ഞാടകപ്പട്ടവും കെട്ടി
നൽചെല്ലുഴം വീരതണ്ടടയം പൂണ്ട പോൽ
കോലവും കൊണ്ടു നെരഞ്ഞു വന്നു നിന്ന നേരത്തു
വന്നായിരം വാജി പൂണ്ടോട്ടമത്തേരോട്ട
വന്നു കുമ്പിട്ടു തൊപ്പാകനോട്ടം
വരന്തേർ കരേറന്ന വീരൻ പെരുന്ദാരികൻ
പക്കമുററീടെഴും കോടിന്തുറായിരം തേർവിട്ടം
പേരൊട്ടം വാജി കാലാഠം കരിക്കൂട്ടമൊക്കെ
പുറപ്പെട്ട നേരം സമുദ്രം കണക്കേ പരന്നോ–
രൊരോ തേരിടിപ്പോട്ട വാജിക്കലിപ്പും
ജഗത്തിൽ മുഴക്കത്തൊട്ടം വാദ്യനാദങ്ങളും പോർ–
മതംകൊണ്ടു ഗർജ്ജിക്കുമാവീരനാദങ്ങളും
ആയുധം തങ്ങളിൽ തട്ടിമുട്ടി ഛലായിക്കുമാ നാദവും
തങ്ങളിൽ തിർങ്ങിയെങ്ങും കനൽ പൊങ്ങി
ലോകത്രയം കമ്പമുററീടവേ ചന്ദ്രവട്ടക്കുടക്കീഴ്
നടക്കുന്ന വീരൻ ഇടത്തും വലത്തും മഹനിപ്പൊന്നി–
ലാകുന്ന തണ്ടിട്ട വെൺചാമരംകൊണ്ടു വീശീടവേ
ഉന്നതം തോഠം വടക്കിൻപെരുംഗോപുര–
ദ്വാരവും വിട്ടു വീരൻ ചെന്നു പോർ
സംഗ്രാമഭൂമിക്കട്ടെന്തങ്ങിനെ ചെന്നു നില്ക്കുന്ന നേരത്തു
ഈശരൻകനൽക്കണ്ണിൽ വന്നുത്ഭവിച്ചോരു മൂലസ്വരൂപം
പരാശക്തി വിസ്താരമേറും ജടാമണ്ഡലേ മണ്ഡിതേ

നാഗജാലങ്ങൾ പൊങ്ങി പിന്നെത്തൊരോരോ കൌതുകം
കണ്ടു നില്ക്കുന്നവർക്കുള്ളിലേറും പ്രകാരങ്ങളാലും
വിശാലങ്ങളാലും ചുരണ്ടും പുരണ്ടും പട പൊങ്ങിയും
പൊൽപ്രകാശങ്ങളാലും മണിക്കൽപ്രകാശങ്ങൾ
കൊണ്ടും മയിൽക്കാലനീലപ്രകാശങ്ങൾകൊണ്ടും
വരം വിസ്മയം കൊണ്ടു ദീപിക്കുമാറും പുനരത്തീ-
ടെഴും ബാലചന്ദ്രക്കല പൂവണിഞ്ഞായിരം ബാല-
സൂര്യോദയം പോൽ വിളങ്ങുന്നവണ്ണം കനൽക്കട്ട
പൊട്ടുന്ന നേത്രങ്ങളോടും മഹാബാഹു രണ്ടായിരം
കൊണ്ടതിൽ ഘോരമാമായുധം തങ്ങളിൽ
കൊണ്ടു ഭൂഷിച്ചുതോം കാന്തിചേർ
കാളമേഘം കണക്കേ നിറഞ്ഞീടെഴുമ്മേനി-
മേലുള്ള രശ്മിപ്രകാശങ്ങൾകൊണ്ടും
മഹാവേഷമെന്തന്നതാക്കും തിരിപ്പാനരുപ്പത്തിൽ
വേതാളമേറി കളിച്ചുപ്പടക്കോപ്പൊടും
കോടിനൂറായിരത്തിന്നു മേലേ പെരും കൂളി-
പ്പെരുമ്പട ചൂഴമാറന്നു നിൽക്കുന്ന നേരത്തു
ഗോവുണ്ഡി എന്നുന്നതോം കൊണ്ടു വൃക്ഷം കനൽ-
ക്കണ്ണിനാലക്ഷണം നീറു വെണ്ണീറുധൂളിച്ചു പോമാറു
കോപേന നോക്കുന്നതു കണ്ടു വാനോർ സുഖം
കണ്ടു ഹേതുവായി വീഴ്ചു ചാമുണ്ഡിനാമാദി
നാമങ്ങളെക്കൊണ്ടു സംകീർത്തനം ചെയ്തു
ഭൂതിന്ന പൂമാരിയും സൂര്യസങ്കാശമീട്ടും ജടാ-
മണ്ഡലേ വീഴമാറന്നു ശ്രീഭദ്രയും തത്ര നിന്നു-
ഗ്രവേഷത്തിനാൽ നിഗ്രഹം ചെയ്യനിദ്ദുഷ്ടക്കൂട്ടത്തെ
എന്നുള്ളിലേറുന്ന കോപേന ബാഹുക്കൾ
മേലേ കിളത്തിപ്പിടിച്ചട്ടഹാസം മുഴക്കി-
ച്ചിടിപ്പനാശം വരുത്തിച്ചുടുക്കുന്നതേ
കണ്ടരക്കൻശിനം കൊണ്ടു വാ പേച്ചുവാനായൊ-
രുമ്പെട്ടു നിന്നാൾ.

അരനാർമകളായത്തു നീയല്ലയോ
അറിവൻ തിറമൊടു നിന്നപ്പനെ ഞാൻ
പൊരുവാനെതിരെന്നൊടു നേർവരികിൽ
പുരിചെഞ്ചെടയെ പിടിപെട്ടിനി ഞാൻ
അരിശന്തണിയൊളമറഞ്ഞിടുവൻ.
അരിവഞ്ചെവിയും മുല നാസികയും
പുരവൈരിയൊടത്തിരുമാലയനും
പൊരുവാനെതിരെന്നൊടു പോരുമോടി
പോരും ദുരുവാകൾ പറഞ്ഞതെല്ലാം
പോ നീ മറയത്തു കുടിക്കറെയേ.

ഘോരം മമ താതനെ നീ പറകിൽ
കൊട്ടത്തായ പെരുന്തല വെട്ടിയെടു-
ത്തെരിൻമുത്തുകേറിയെഴുന്നരുളും
ഈശന്നടിവച്ചെത്തുകുമ്പിടുവൻ
പോരിന്നെത്തുവന്ന പെരുമ്പടയെ
പോയന്തകനൂർ പൂക വെട്ടുവൻ ഞാൻ
വെട്ടിത്തല രണ്ടു പുളപ്പിടുവൻ
വിടുവാകളിതെന്നൊടു നീ പറകിൽ.

പൊട്ടററ ദുപേക്കിളയോളിഹ നീ
പോരിന്നെത്തുവന്നതും ഞായമോടി
മുട്ടിപ്പൊരുതന്നടുവും മുതുവും
മുറിപെട്ടു വീഴുംപടി വെട്ടുവൻ ഞാൻ.
വെട്ടെന്നു നിനച്ചു കൈ നീട്ടുംമുമ്പേ
വെട്ടിത്തറമേലിടുവൻ വിരവിൽ.

പട്ടിക്കൊതിയാ പടവായൊഴി നീ
പടവെട്ടാമോട നെറികെട്ടവനേ
നട്ടപ്പുറ കൊട്ടിന കൂളികണം
നരിയും കഴുകന്നപ്പിശാശിനവും

പട്ടിക്കണവും പതറില്ല വരുമ്പടി
നിന്നുയർ വെട്ടി വിരുന്നിട്ടവൻ.

**വേറ**

നീയെന്നും കൊതിയനെന്നും നിനക്കെന്നൊ ചൊല്ലാമോടീ
പേയന്റെ മകളല്ലോ നീ പേച്ചീ പോ വെളിയിൽ നില്ല
ഞായന്താനറിയാത നാരികളറുപേർ മുന്നം
എന്നോട്ട വന്നെതൃകിടച്ചിട്ടെന്തെടി ചെയ്യുതെന്നു.

അന്നത്തെക്കാര്യമെല്ലാമശേഷവും വയ്യേണ്ടു
കുന്നത്തുവഴിയായുള്ള കുഴറ്റങ്ങൾ പറകവേണ്ട
ചെന്നെത്തും പോരിലുള്ള ജയാജയമറിയാമിപ്പോൾ
അന്നത്തെ അപരാധത്തെ അടക്കുവാൻ വന്നനെന്നാൾ.

വന്ന നീ പൊരുമൊടീ വാനവർതമ്മെയെല്ലാം
വെന്നീട്ടമെന്നെ വെൽവാൻ വേണ്ടാ പോ ൧ടുതി വീട്ടിൽ
അന്നന്നു നാരിമാരോടമർപൊരുതല്യത്തു ഞാനും
വന്നെന്റെ വെളിയിൽ നിന്നു വാപറയാതെ പൊയ്യോൾ.

പൊയ്യോളെള്ളന്നെന്നോടേവം പുരട്ടുകൾ പറകിൽ നിന്റെ
നാക്കൊട്ട ചെവിയരിഞ്ഞു നരിമുമ്പിലെറിയുന്നൊണ്ടു
വാക്കിനാൽ പടവെട്ടാതെ വരികയെന്നെതിരേ നിന്നു
പോക്കളും കുലുങ്ങുമാറു പൊട്ടുമാറട്ടഹാസം.

എന്നിപ്രകാരമേ ദാരികനും ശ്രീഭദ്രകാളിയും തമ്മിൽ കണ്ണോട്ട കണ്ണെതൃത്തു വാപേശി വിളിക്കത്തുടങ്ങീതു.

കുഴയൊട്ട കുടയെതൃത്തു കൊടികുടതഴ നിരന്നു
തുടിപടഹാദി നാദമിടിപട മുഴക്കമെററു
മല്ലിടി വീരൻ കൈയിൽ വില്ലിടി മുഴങ്ങി പിന്നെ
കാർമുഴക്കെഴുന്ന പോലെ തേർമുഴക്കെഴുന്നു പിന്നെ
കാളിയും പിശാച്ചുമാത്തു കൂളിയും കൂടെയാത്തു.

കടൽ കലങ്ങി മല കുലുങ്ങി
സമരഭൂമി പൊടിയെഴുന്നു
ദേവകൾക്കു ഭയമൊന്നുണ്ടായി

വില്ലോടു വിൽ കിടച്ചു തേരൊടു തേർ കിടച്ചു
എന്നൊടു പൊരുവാൻ വാ നീയെനിയ്ക്കെതിരല്ലെന്നു
വരികിൽ നിൻതലയെ വെട്ടി വാഠംക്കിരയാക്കുന്നൊണ്ടു
വെട്ടിന വാളും കൈയും തട്ടി ഞാനുമയ്ക്കും മുമ്പേ

നട്ടെളവാക വെട്ടി നരിക്കനെ പുളക്കുന്നൊണ്ടു
ഒണ്ണനിന്നനും മുന്നേ പത്തിരം കൊണ്ടു വായ്പൻ
തത്തി ഞാൻ വലക്കാൽ വച്ചു കുത്തുവൻ ഗുരുവിനാണെ
കുത്തു ഞാനറിഞ്ഞേതനെടീ കുണ്ടാട്ടം പേശ വേണ്ടാ.

ഇത്തരം വാത്തകൊണ്ടങ്ങത്തരം പറഞ്ഞുമെയ്യും
പിടിച്ചും വലിച്ചുമെട്ടുത്തുമെറിഞ്ഞും അട്ടുത്തും തട്ടുത്തും
കളിച്ചും പുളച്ചും ദ്വേഷിച്ചും ദൂഷിച്ചും ചെറുത്തും
മറുത്തും വെറുത്തും കരുത്തും കരം കാൽ മുറിഞ്ഞും മരം
പോലെ വീണും

മത്തക്കരിചോരി പേക്കൂളിയുണ്ടുണ്ടു
തിത്തിത്തിതോന്തമെന്നാടിയും പാടിയും
കങ്കങ്ങഠം കാകൻ പരുന്നും കളത്തുടൻ
പൊങ്കും കുടർമാല കൊത്തിപ്പറന്നും
കുന്നൊത്തുയന്നൊള്ള ഘോരപിണം കണ്ടു
വന്നെത്തി നാനരി പിച്ചും പിണങ്ങിയും
കൊററക്കുടയും കൊടിയും കവരിയു-
മററററനേകം മുറിഞ്ഞും പൊടിഞ്ഞും
വീരം കഴലുള്ളരക്കന്മുടിത്തല
പോരിത്തെറിച്ചും മുഴങ്കാൽ മുറിഞ്ഞും
പടയ്ക്കൊട്ടു കൊട്ടിച്ചുട്ടുത്തും തട്ടുത്തും
മുറിഞ്ഞും മറഞ്ഞും നിറഞ്ഞും കുറഞ്ഞും
നിണത്തെപ്പരപ്പി പിണത്തെക്കമിച്ചും
നരിയ്ക്കൊട്ടനേകം വിരുന്നും കൊടുത്താൻ.

എന്നിപ്രകാരമേ ഏവം കോലാഹലമായി യുദ്ധംചെയ്യുന്ന കാലത്തു ദാരികൻെറ പടയ്ക്കൊട്ടു കേട്ടപാടു വന്നു അപജയകര

UNIVERSITY LIBRARY
17 JAN 1952
MADRAS

മായി ഓടുന്നതു കണ്ടു. ദാരികൻെറ പടയെല്ലൊട്ടു കേടുപാടു വന്നതു കണ്ടു വൻദിച്ചെടുത്തു വൈരവിൽ പൂട്ടി ചന്തത്തിൽ ചട്ടയിട്ടു ചൊട്ടവട്ടയമ്മുറുക്കി വാളു തേയാതെ പൂണി തോളോടു മുറുകപ്പൂട്ടി ധാരണി പുരവി പൂണ്ടു തേരിലേ കേറി ആത്താൻ ധാരണി കുലുങ്ങുംവണ്ണം ദാരികൻ ദാനവേന്ദ്രൻ.

ദാനവൻ പോർ തുനിഞ്ഞ നേരം വിണ്ണോർകളഞ്ചി
ധാരണി കുലുങ്ങി ഭൂതജാതികൾ മലങ്ങി മററും
വാരുധി കലങ്ങി മേരുവളർഗിരി കുലുങ്ങീതപ്പോൾ
ദാരികൻ കൊററത്തേരൊന്നു ചമച്ചു ചമക്കളംമദ്ധ്യേ
വിട്ടാൻ.

വിട്ട തേരിടിപ്പുമാപ്പും വില്ലൊലി മുഴക്കത്തോടും
കൊട്ടിന വാദ്യനാദം ഘോഷവും തുങ്ങി വിണ്ണിൽ
മുട്ടിന മുഴക്കമെല്ലാം മുനികളോടമരർ കേട്ടു
വിട്ടിതൊരണ്ഡമെന്നു വികല്പങ്ങൾ പെരിയയുണ്ടായ്.
പെരിയയൊണ്ടായ ഘോഷം വിടാരിയുമറിഞ്ഞു പിന്നെ
എരികനൽചൊരിയുംബാണം ഇട്ടിപൊടി വെട്ടുമാറു-
മെയ്താൻ
ശരസമൊടിരുന്ന ബാണം ദാരികന്താനമെയ്താൻ.

എയ്തതു തടുത്തു ഘോരം എതുപ്പൊട്ടു ചാവ്വുമാക
ചെയ്തിതു യുദ്ധം പിന്നെ ദിക്കുകൾ ഭൂമി വാനം
ഇല്ല പോരിതിന്നു തുല്യം എന്നുമെല്ലിയെലൊരമ്പാൽ
ചൊല്ലുമെല്ലയിലൊരമ്പാൽ ശൂരൻ വിൽ മുറിഞ്ഞു വീഴ
മല്ലുഴം വിടാരിയെയ്താൻ മറെറാരു വില്ലെന്നീശൻ ചൊല്ലു
മെല്ലാ മലയിൽ കേകൊട്ടു ചുട്ടുകനൽ ചൊരികലുററാൻ.
ഉററൊരു കൊട്ടമതന്നാലുടനൊരു മായായുദ്ധം
മുററുമങ്ങിയററിയമ്മ മുക്കണ്ണിതടമാവ്ത്തു
കൊററമാറുള്ള വീരൻ കൊടിയ മോഹാസ്ത്രം വിട്ടാൻ
വിട്ടതിനാലേ മുക്കൺമഹേശ്വരി മോഹമുററാൾ.

ളൂററവൾ മുടി ചാച്ചൊട്ടേ യുദ്ധഭൂമിക്കു മദ്ധ്യേ
തെററണമുടയതായാർ തൃക്കണ്ണുമടച്ചുംകൊണ്ടു
വെററിച്ചേർ പൊന്നിൻപീഠം വേദനയോടിരുന്നാൾ പിന്നെ
ചുററമേറുള്ള ദുർഗ്ഗാ ശൂലിനി തോന്നിനാളേ.
തോന്നിയ ദുർഗ്ഗാദേവി ചൊല്ലിനാൾ കാളിയോടേ
മൂന്നു ലോകത്തെ വെന്നോൻ മുടിത്തല പൊരുതു- കൊൾവാൻ-
പോന്ന നീ പോർ മറന്നോ പോക്കളും തന്നിലെന്തേ
മാന്ദ്യതകൊണ്ടൊയെന്തേ മടിച്ചിരുന്നുറങ്ങുന്നു.
ഉറങ്ങുവതൊഴിക നീയും ഉണരുകവുണരുകെന്നു
പറഞ്ഞിതു പരമദുർഗ്ഗാ ഭദ്രമഹാകാളിയോടേ
നിറന്ന മുക്കണ്ണി മോഹം നീങ്ങിയെന്നരുളിച്ചെയ്തു
അറമറന്നവനെക്കൊൽവാൻ അസാദ്ധ്യമെന്നെനിക്കു തോററം.

തോററപോരായേ ഞാൻ സുന്ദരി അസുരകോനേ
ക്രൂരവന്തുണ്ണായ്ചെയ്വാൻ ക്രൂരകയെനിക്കുപായ-
മേററവുമെന്നു മുക്കണ്ണീശ്വരി അരുളക്കേട്ടു
ചാററിനാൽ ദേവി പിന്നെ ശാംഭവിതന്നോടന്നേ.
അന്നവനസുരകോമാൻ അയനൊട്ടുമറിഞ്ഞു കൊണ്ടാ
വെന്നിച്ചേർമന്ത്രം മൂന്നാ വിരവൊട്ടു പഠിച്ചില്ലെങ്കിൽ
കൊന്ന ചൂട്ടുന്നവർക്കും കൊല്ലരുതിവനെയെന്നേ
ഇന്നിതു പഠിച്ചില്ലെങ്കിലിനിയവൻ കൊലപ്പെടാ കേൾ.
കേളവൻ മണ്ഡോദരിക്കു കേളികൊണ്ടിമ്മന്ത്രത്തെ
നീളൊരുചെവി പകർന്നാൽ നിഷ്ഫലമായ്പോകും മന്ത്രം
കാളി നീയിതു പഠിക്കിൽ കനമ്പട പൊരുതു നിങ്കയ്-
വാളിൻ വായ്ക്കിരയിടാം കേൾ വല്ലസുരനെയെന്നാർ.
എന്നതു ദേവി ചൊന്നതിതമൊട്ടു കാളി കേട്ടു
ചെന്നതു പഠിച്ചെന്നോട്ടു ശീഘ്രം വന്നറിയിക്കെന്നാർ.

മന്ദരംകുഴലാൾദേവി മന്ദഹാസേന ചൊന്നാൾ.
ഒന്നുമേ പെരിയോർമുമ്പിൽനിന്നരയ്ക്കരുതു അറികിലെന്നും
അറിവൊട്ടുമപൂർവ്വതരമായ മരുന്നൊണ്ടന്നരശർചെവിക്കേൾക്ക
പറയരുതതു, പറഞ്ഞാൽ പറഞ്ഞവർപക്കൽ ചാരും
ഉറവൊട്ടുമെന്നു ചൊല്ലി ഉടനേ തൻവാഹനത്തെ
ഗൗവൊട്ടു നിറുത്തിവച്ചു കേവലം ദേവി പോന്നാൾ.

### വേറു

പോന ദേവി പദാംബുജേ മണിനൂപുരങ്ങൾ പുലമ്പവേ
ഭുവനിതന്നിൽനിന്നു പവനിവരുവതു നടന്ന നടവടിവോ ചൊല്ല
ഊനമേതുമില്ലാതെ കച്ഛപമൊത്തെഴുന്ന പുറം കഴൽ
ഒളികൾ തടവിന കദളിമുകുളങ്ങൾ തൊഴുത കണകഴലോ ചൊല്ല
ജാനുചെപ്പുകൾ ചിത്രമായ് വിലസുന്നതിന്നഴകോ ചൊല്ല
തന്മയൊട്ടു കരികരങ്ങൾ തൊഴുതു ചേൎന്നഭയമിട്ടും തുടയോ ചൊല്ല
കാനകത്തെഴുവല്ലിനേർകുഴയുന്ന മെല്ലിടയോ ചൊല്ല
കരുതു പരിതുകിലണിഞ്ഞ നല്ല കടിസൂത്രമിട്ടഴകോ ചൊല്ല
വാനിൽനിന്നൊഴുകുന്ന ഗംഗയിൽ നീർ കുഴിഞ്ഞുചുഴിഞ്ഞ പോൽ
വടിവൊള്ളണിതിരുവുന്തിയരചിലപൊരുന്നല്ലുദരമതോ ചൊല്ല.
ദീനമില്ലണി രോമരാശി മഴിക്കുഴമ്പിനൊ രേഖ പോൽ
ഇളകിയിറുകിന മുലകൾതടമതിലെഴുന്ന പോലഴകോ ചൊല്ല
മാനമോട്ടു വളൎന്ന പങ്കജമട്ടചേരണിമൊട്ടപോൽ
മരുവി നിരുപമമദനലഹരികൾ പൊഴിയുമണിമുലയോ ചൊല്ല.
ഭാനുവിന്നൊളി കണ്ടു ചെങ്കമലങ്ങളൊത്ത കരങ്ങളിൽ
പരിശൊടൊളിവെഴും കനകവള കലുപിലിന്നെ വിലസുമതോ ചൊല്ല.
കാനിളം കമുകൊത്തെഴും ഗളനാളമങ്ങതിലമ്പിനാൽ

ചവടിമണിവടമഴകൊടണിഞ്ഞൊരോ ചമയമിന്നഴകൊ ചൊല്ലു
തേനുറും കുമുദത്തെ വെന്നൊരു സിന്ദൂരപ്പവഴാധരം
തെളിമ പെരുകിന തിറമിയന്നൊരു നിറമിയന്നഴകൊ ചൊല്ലു
ക്കുന ചിപ്പികളെന്ന മുത്തിനുമാരുവ തിരുമുറുവലും
കുഴലിനിശയൊട്ടു കുയിലുമമർതൊഴും കുഴയും മൊഴിയഴകോ
ചൊല്ലു.

ഞാനമുററ മനസ്സു പോലൊളിവുററെഴും നല്ല ദൎപ്പണം
തനിമയൊട്ടു ചെന്നു തൊഴുതു വണങ്ങിന കവിളിനൊളി-
വഴകൊ ചൊല്ലു

നിറപ്പവഴം ചൊവ്വാക്കനിയന്നു കണ്ടതു കൊത്തുവാൻ
ഇതമൊടൊരു കിളി കുനിയുമതിനിയർ ഇയന്ന നാസികയോ
ചൊല്ലു

മാനിനെപ്പഴിചെയ്തു കണ്ണിണ മാന്മിഴിക്കഴകോ ചൊല്ലു
മരുവിയത്തു ചെവിയരുകിലിരുപിറം ഉറവുചെയ്തഴകോ ചൊല്ലു
ആനനത്തിനു രണ്ടു പാടുമണിഞ്ഞെഴും പൊന്നിനൂഞ്ഞാൽ പോൽ
അഴകിലന്നിമണിയണിഞ്ഞു കുഴ കുഴഞ്ഞചലയുമതിന്നഴകൊ
ചൊല്ലു.

പൂനിലത്തൊരു പോരെത്തിടർ മാരവീരനടക്കമോ
പുനിതപരിശില കുനിയെ വണങ്ങിന പുരിയമിന്നഴകോ ചൊല്ലു
പാൽനിറത്തൊടുദിത്ത പഞ്ചമിചന്ദ്രനഞ്ചിയ നെററിമേൽ
പരിശൊടൊളിവെഴുമരിയ പരിമളതിലസമണിഞ്ഞഴകൊ
ചൊല്ലു

നീർനിറക്കളി കണ്ടുകണ്ടലർ കണ്ടതിൽ മധുവുണ്ണുവാൻ
നിനവിനൊടു ചെന്നു നിറഞ്ഞതിനു നികർ നിറഞ്ഞ കുരുo-
നിരയോ ചൊല്ലു

വാനമൊക്കെയിരുട്ടി വന്ന മുകിൽക്കുലത്തെ മുനിന്തിടാ
വടിവൊള്ളുണിക്കുഴൽ തിരുകി നല്ല മലർമണമൊടണിഞ്ഞ-
ഴകോ ചൊല്ലു

താനതിൽ പരിചെപ്പെഴം ത്രിലോകമോഹിനിരൂപമായ്
സകലഗുണഗണമുടയ ഭഗവതി നടന്ന പരിശിമയവർ കണ്ടു
ദീനമൊക്കെയകന്ന മാമുനിമാർകളോടു പുകണ്ണിതാ
ഇനിയ പദമലർ തൊഴുന്നല്ലടിയവർ ഇടർ കളഞ്ഞിട്ടമീശ്വരി
ഈശ്വരി! വിമലേ! നമോ നമഃ ഇന്ദിരേ! വരദേ! നമോ നമഃ
ഇനിയ ശംഖൊടു തികിതി ചെങ്കയ്വേലുടയ ദേവി!
നമോസ്തുതേ.

ആശ്ചര്യമയേ! നമോ നമഃ അംബികേയമൃതേ! നമോ നമഃ
അഖിലഭൂതങ്ങൾ നിഖിലവേദങ്ങളുടയ ദേവി! നമോസ്തുതേ.
വാച്ചെഴം കടലിൽ തിരകൾ വിശേഷമായ് വിലസുന്ന പോൽ
വിലസൊടൊളിവെഴം പരമപൊരുളതിൽ വിലസും ദേവി!
നമോസ്തുതേ.
ചേർച്ചയേ! ശിവചിന്മയേ! രമണീരമേ! ജഗദീശ്വരി!
ജനനി! ശരണമെന്നമരരൊടു മുനിജനങ്ങൾ തൊഴുതതി-
സുഖമൊടേ.

എന്നിപ്രകാരമേ ശ്രീ മഹാദേവിയും ദാരികപുരം പുകിന്നു ഗോപുരം കടന്നു പൊന്മണിപൂങ്കോവിലിൽ ദേവി മനോദരി നിദ്ര കൊള്ളുന്ന മണിയറവാതൽ പുക്കു കൊഞ്ചുംകിളിമൊഴിയാൾ പഞ്ചസാരയും പാലും തേനും പാൽക്കുഴമ്പും ചൊരിയും കണക്കെ വിളിക്കത്തുടങ്ങിനാൾ.

## വേറെ

ആദരാലൊരിളംകുയിൽക്കുരൽ വീണനാദമടിയ്ക്കുരു-
മ്പാര വേണുനിനാദരാഗരസങ്ങളെന്നിവയും തൊഴാം
നീതിനാദമിയന്ന വായ്മൊഴികൊണ്ടു ദേവി വിളിച്ചതും
നീലവാർകുഴലി! കരുമ്പുരസം പരം മൊഴി മാനിനി!
കാതളം കയൽ നീള നീണ്ടുമുഴന്ന പോൽ നയനേ കനം
കാമദേവനുടെ രതിയ്ക്കെതിരായ ദേവി മനോദരി!
ഓതിമെയ്തുളരുന്ന മെല്ലിടയോ സരോജമുഖി! കനി-

ന്തോടിവന്നു മണ്ണിക്കവാടമിനിത്തുറക്ക മനോജ്ഞദേയ!
എന്നതിങ്ങു രസം പൊടിഞ്ഞിട്ടുമാറു ദേവി വിളിച്ചതും
ഈറടെഴുന്ന ചെവികള തേഞ്ചൊരിയുന്ന പോലവൾ കേട്ടുടൻ
വന്നതാരു വിളിച്ചതെന്നു നിനച്ചു ദാരികഭാൎയ്യയും
വന്നു ചെന്നു മണിക്കവാടമുകട്ടിനാണി തുറന്നുടൻ
വെന്നി ചേൎന്നുഴം വിശ്വമോഹിനി നിന്നവാറതു കണ്ടുടൻ
വിശ്വമോഹിനി ചൊല്ലിനാളതിനല്ല വന്നിതു ഞാനെന്നു
നല്ല നിന്നുടെ വല്ലഭൻ പടവെല്ലും മന്ത്രം മറന്നുപോയ്
വാശമുററരനാഴികയ്ക്കകമേ പൊരുമ്പട പട്ടു പോം.
അല്ലൽ വന്നസുരേശനെന്നെ വിളിച്ചു വേറു രഹസ്യമോ-
ടമ്പിനാൽ മമ ദേവിയോടിതു ചൊല്ലിയാൽ അവൾ ചൊല്ലുമേ
നല്ല മന്ത്രമതും പഠിച്ചു വരേണം നീ വിരവോടു പോയ്
നാടി ഞാനതിനോടിവന്നിതുനാൾ മഹേശ്വരി മായയാൽ.

മായയായ ദേവി ചൊന്ന വാക്കു കേട്ടു
വല്ലസുരൻവല്ലഭയും ചൊന്നാൾ പിന്നെ.
ഞായമില്ലേ ഒരുവരോടും ചൊൽകയില്ലാ
എന്നായകനും ഗുഹ്യമായുരത്ത തുയമന്ത്രം
ഇതു ഞാനും ഒരുവരോടും ചൊൽകയില്ലാ
ഞാനുമെൻ നായകൻെറ തുച്ചെവിയിലറിയുമാ-
റുണൎത്തുവനെന്നു അവളും പുറപ്പെട്ടാളേ.
പുറപ്പെട്ടന്നവാറു കേട്ടു ചൊന്നാൾ ദേവി
പേയൊണ്ടോ നിനക്കിതെന്തു നിനച്ചിതമ്മേ
പറിച്ചിട്ടു പേക്കണങ്ങൾ തമ്മിൽക്കൂടി
പച്ചിറച്ചി പറിച്ചുതിന്നുന്ന പടക്കളത്തിൽ
നേത്തിട്ടു നീയൊരുത്തി ചെല്ലുന്നേരം
നെട്ടമരം പോലെ നില്ക്കും ഓരോരോ പിശാശിനങ്ങൾ
കറുത്തിട്ടും ചെറുത്തു നിന്നെ പിടിച്ചു തിന്നു
കദളിയുടെ കനി കണക്കെ നുണച്ചു പോമേ
പോകിൽ നിന്നെ പിശാശിനങ്ങളൊത്തുകൂടി
പശുവേക്കണ്ട പുലിയേപ്പോൽ പിടിച്ചു ഭക്ഷിക്കുമെന്നു
കൊടിയ വെടി പറഞ്ഞതിനെക്കേട്ടു മണ്ഡോദരിയും ചൊന്നാൾ

കനിവിനൊടു തുച്ചെവിയിലറിയുമാറുണർത്തുവനെന്നു
സത്യം ചെയ്താൽ ശോകമില്ല മന്ത്രമതു ചൊല്ലാമെന്നു
ചൊല്ലാമെന്നമ്മസോദരിയും നീലിയൊടു നീലിയെന്നു
മഹാകാളി തുച്ചെവിക്കു മനസ്സിലൊരു നിനവിരുത്തി
നിന്നാണെ സത്യം കേൾ നീ കാലമൊട്ടും വൈകാതെ
കനിവിനൊടു തുച്ചെവിയിലറിയുമാറുണർത്തുവേനെന്നു
സത്യം ചെയ്താൾ.

കാലകേശൻ തന്മകളും അതിനെക്കേട്ടു
കടിയ നാഗമണിമന്ത്രമതും കൈവിട്ടപ്പോൾ
ആലമുണ്ടരനെയും വെല്ലിയ മന്ത്രം
അറിയിച്ചാളഖിലജഗന്മാതാവൊടും

അഖിലലോകം പൊടിപെടുത്തീട്ടധർമ്മം ചെയ്യു—
മവരിടത്തിൽനിന്നില്ലാതെ പോം നല്ലതൊന്നും
സകലഗുണധർമ്മമൊള്ളവൎക്കു അടങ്ങൂ
സരസമൊടുമപൂർവ്വമായ വസ്തു ഭഗവതിയും

പഠിച്ച മന്ത്രം പടനിലത്തിൽ ഇരിക്കുമമ്മ
ഭദ്രകാളിയായ സഖി ചെവിയിൽ കനിന്തു കനിന്തു—
രത്താൾ പിന്നെ

സമയഹാനി വാരാതെ ചരസമായേയമ്മ ഭദ്ര
തത്ര നിദ്രയുമകന്നു അരുവലർ നടുങ്ങുമാറു
മലചില പിടുങ്ങുമാറും തിരകടൽ കലങ്ങുമാറും
തുച്ചെവിയടയ്ക്കുമാറും ഇരുകരമെടുത്തുയർത്തി
ഇട്ടിതൊരട്ടഹാസം ഇമയവർ കേട്ടു നല്ല
മട്ടണിമലരും തൂകി മംഗലേ! ശരണമെന്നു
ഒട്ടുമേ വൈകാതങ്ങുണർന്നിതു കാളിസേന
പട്ട പട്ട പടക്കളത്തിൽ പല വിധമായ്ക്കിടക്കും സേന.
അന്നവിടെ പട്ട പട ഉണർന്നവാറും
അമ്മ ഭദ്രകാളി മോഹമകന്നവാറും
വെന്നിയൊടു കണ്ടു ദുർഗ്ഗ വീരഭൈരവിയോ—
ടന്നനുജ്ഞ വാങ്ങിക്കൊണ്ടു
അന്നു തങ്കലമൃതുകിലമന്ന ആകാശഗത—
യായാളരിയ മഹാനീലി താനേ.

നീലമ്പോൽ നിറമിയന്ന നിരുപമഭദ്രകാളിക്കു
മാലൊട്ടു മയക്കം പോയി മഹിമയും വിലവുമൊണ്ടായി
ചാലവും പ്രിയത്തോടേ തങ്കലമുതുകിലേറി
ശൂലിനിയകന്ന ശേഷം ശോഭിച്ചാൾ ഭദ്രകാളി.

വേലസുരേന്ദ്രൻതന്നെ വെൽവതിനില്ല സേന
ശൂലവുമെടുത്തു യുദ്ധം തുടങ്ങിനാൾ ഭദ്രകാളി

പത്തിരകാളിതന്റെ പരിശേഷ്യം സഹസ്രനാവാൽ
ഉത്തമമന്ത്രത്തെ ഉരുഃവറവുന്ന കാലം.

ചത്തടക്കളത്തിൽ മുമ്പേ തട്ടുവിടാ കിടക്കും സേന
എത്രയും ജവേന ജീവിച്ചിയററിനാൾ കലഹാ പിന്നെ.

കലഹവുമേറെ ഒണ്ടായി കാളിതൻവാളാലൊരേ
തലകളെയരിയുമൊട്ടേ ശക്രംകൊണ്ടരിയുമൊട്ടേ

മലകുലയട്ടഹാസം മഴയിടി മുഴങ്ങുംവണ്ണം
ശംഖെടുത്തൂതുമൊട്ടേ ശങ്കരിയട്ടഹാസം

പൊങ്കിന കോപത്തോടെ പോക്കളംതന്നിൽ നിന്നു
കിങ്കരനസുരവീരൻ കിടുകിടാ വിറച്ചു വീണു.

വങ്കാട്ടുംകാററാലൊരോ വൃക്ഷങ്ങൾ വീഴുമ്പോലെ
നിഷ്കണ്ടാ ചെയ്യുമോരോ നിശാചരവീരന്മാരെ

നൽക്കരിമുകിൽനിറത്താൽ നാന്തകം പള്ളിവാളാൽ
കയ്യാണ്ടു വെട്ടി വെട്ടി കണ്ടതുണ്ടങ്ങൾ ചെയ്യാൾ
കണ്ടതുണ്ടങ്ങൾ ചെയ്യുവാറു കണ്ടടൽക്കമൊറു
പണ്ടതിൽ പത്തിരട്ടി പടയൊടു കുതിര ആന
കൊണ്ടലത്തടവി നീണ്ട കൊടി കുട തഴകൾ ചൂഴ
ചണ്ഡികതന്നെച്ചെന്നു തടുത്തിതു ദാനവേന്ദ്രൻ.
തടുത്തവനെറിയും വേലും ശൂലവും വജ്രമാകി
കരുത്തവളായുധത്താൽ ഖണ്ഡിച്ചു തുണ്ടിച്ചൊക്കെ
തിറത്തൊടു ചെല്ലുംനേരം ദിക്കെട്ടും വെന്ന വീരൻ
അറപ്പൊടു മണ്ടിനാനെ അമക്കളംതന്നിൽനിന്നു.

മണ്ടിപ്പോയ് മാനഭംഗം വന്നവൻ നിനച്ചാൽ പിന്നെ
വെന്നിച്ചു തപസ്സുചെയ്തു ജഗത്ത്രയമടക്കുമെന്നെ
മണ്ടിച്ചാളിവളൊരുത്തി ഇവൾക്കെന്തീ വമ്പുണ്ടാവാൻ
വമ്പും ഗംഭീരിയാർണ്ണവും കണ്ടിട്ടുള്ളരക്കരെല്ലാം
കയ്യൊട്ടിച്ചിരിപ്പെരെല്ലോ ചിരിക്കും ദേവേന്ദ്രനുള്ളിൽ
ധിക്കാരമുണ്ടു പണ്ടേ ഹരിക്കും ശങ്കരനുമുണ്ടു
അകത്തിനി നിന്ദയെന്നേ തിരിക്കുന്നിതൊണ്ടു ഞാനും
തീരാതെ പഴി ചുമന്നിട്ടിരിക്കയിൽ മരിക്ക നല്ലൂ.
എന്നാനേയസുരകോമാൻ.
എന്നുമെന്നോടു മുന്നം എതിർത്തവർ ജയിച്ചില്ലാരും
ഇന്നു വന്നെത്തുകിടച്ചു ഇവൾക്കെന്തീ വമ്പുണ്ടാവാൻ
ഒന്നുകിലെൻ മന്ത്രത്തിനൊണ്ടൊരു പകച്ചു, അല്ലാൽ
അയനെനിക്കു ചൊന്നതെത്രയും വല്ലതമെന്നാൽ
ഇന്നാകിലറിവൻ ഞാനന്നീടിയ മായതന്നാൽ
തന്നൊടു നേർ തന്നെടപ്പാൽ കൊടുന്തൊഴിയസുരന്തന്നോ
നിന്നൊരുനെടുംകുടക്കീഴ് നിവർത്തിവച്ചവനും പോയാൻ.
പോയൊരു ദാനവേന്ദ്രൻ പൊന്മണിഭവനം പുക്കു
തേയും മെല്ലിടയാൾ ദേവി നിദ്രകൊള്ളുന്ന
മണിയറവാതൽ പുക്കു വന്നവൻ കീർത്തിയുന്നി
വാ തുറന്നവൾപേർ ചൊല്ലി വടിവൊടു വിളിക്കലുററാൻ.
വടിവെഴുന്ന ചന്ദ്രോദയം പോൽ വിളങ്ങും
മദനമാനിനി വല്ലഭേ! അല്ലൽ വെല്ലും
കുടിലകുന്തളേ! കോമളകോകിലേമ്പാൽ
ഗുണമിയന്ന വാണി! വരാരോഹവല്ല്!
കുടിയ കാലകേശാത്മജേ! കാമരൂപി!
കളഭഗാമിനി! കഞ്ജപത്രായതാക്ഷീ!
ഝടിതി വന്നു നീ മുത്തുലങ്കും കവാടം
ചരസമൊടു മാനേ! തിറന്നീടുകെന്നാർ.

വേദ

എന്നതു കേട്ട ദേവി എഴുനിന്നു പട ജയിച്ചു
വന്നിതെൻഭത്താവെന്നു വക വകയെ കൈവിളക്കും
വന്ന മങ്കയർകളേന്തി വളരെ വായ്ക്കുരവയോട്ടും
ചെന്നെതിരേററ നേരം ചീറിനാനസുരകോമാൻ.

പട ജയിച്ച വീറുകൊണ്ടല്ലേ വന്നിതു മഹാപാപി! കേൾ
വേദ ഞാൻ പോയതിൽപ്പിന്നെ വിരവൊടു നിന്നെക്കാണ്മാൻ
വിശേഷിച്ചിങ്ങാർ വന്നു ക്രൂരകയെന്നോടെന്നു കൊടുന്തൊഴി-
യസുരൻ ചൊന്നാൻ.

ചൊന്നതു കേട്ടു നിന്നു ചുരികുഴലാളും ചൊന്നാൾ,
മന്നവാ! നീ മറന്ന മന്തിരം പഠിപ്പതിന്നായ്
നിന്നുടെ ദൂതാളായ് വന്ന നിരുപമകന്നിയല്ലാതെ-
യെന്നുടെ പടി കടന്നിങ്ങാരുമേ വന്നില്ലെന്നും
വന്നവളുരചെയ്താൾ നിൻവല്ലഭൻ ദാനവേന്ദ്രൻ
വെന്നിചേർ മന്ത്രവിദ്യ വിരവൊടു മറന്ന യോഗം
വന്നവൻനിയോഗാൽ ഞാനും വന്നിതു മന്ത്രമെന്നോ-
ടൊന്നുരചെയ്യാമെന്നാൾ ഏത്രയും മടിച്ചേൻ ഞാനും.
മടികൊല്ല മടിക്കിൽ നിൻെറ മഹിമയുള്ളസുരവംശം
കുടികേടായ് മുടിയുമെന്നു ക്രൂറിന വാക്ക കേട്ടു
പടിച്ചു ഞാൻ കൊടുത്തേൻ മന്ത്രം പരിശൊടുമവളല്ലാതെ-
ന്നടുത്തൊരു ദൂതർ വന്നില്ലറികയെൻ ഭത്താവാണെ.
അറികയെന്നവളുരത്ത വാക്ക കേട്ടസുരകോമാൻ
കറുകറായവളെ നോക്കി കത്തിന കോപത്തോടും
കൊറു കൊറ ഇതും തിന്നു കൊൽവനെന്നിളകിച്ചെല്ലും
ഇളകിന കടൽ കണക്കെ ഇരിക്കും വാളെടുത്തിളക്കി
പൊറുപൊറന്നമച്ചു വച്ചു പൊങ്കിന കോപത്തൊടെ
കളകളാ ചിരിക്കും പിന്നെ കരുത്തൊടു തിരുത്തും മീശ
മുളരിമേലിരിപ്പോരണ്ണർ മുകട്ടിനെ ഇടിപ്പനെന്നു
അളവററ കോപമുള്ളിൽ അടങ്ങാമൽ നിന്നുരത്താൻ.

അടക്കമൊയുള്ള കാര്യം അരുവയരൊട്ടു ചൊന്നാൽ
കൊട്ടപ്പം വന്നവർഗ്ഗണങ്ങൾ കുലത്തൊടെ മുടിയും പിന്നെ
പടയ്ക്കു ഞാൻ പോകുന്നതപ്പോൾ പാപി ഇമ്മന്ത്രമാക്കും
പടിയ്ക്കല്ലായെന്നു ചൊല്ലി പല തൊടേ വിലക്കിനേൻ ഞാൻ.

വിലക്കിയ ചൊല്ലു കേളാതെ വികല്പവും കൂടാതെ നീ
ചലിപ്പില്ലാത മന്ത്രവിദ്യ ശത്രുവോട്ടരചെയ്യായോ
പഠിച്ചൊരു മന്ത്രം പോയാൽ ഫലിച്ചിതു കാര്യമെന്നു
മലംകുഴലാളെപ്പാത്തു മനങ്കനിഞ്ഞുരയ്ക്കുലുററാൻ.

ഉററെനിക്കൊരുപദേശമെന്തിനി ഒളിച്ചുപോയുയിർ പിഴക്കയോ
മററു പോർ ചെയ്തു മരിക്കയോ അടയലക്ക് വേല ചെയ്തിരിക്കയോ
ചുററുമോടിനി എനിക്കു വേണ്ടുവതു ചൊൽകയെന്നുടെ വല്ലഭേ!
കൊററവൻ നിജമനോദരിയ്ക്കുരകൾ ചെയ്തു നേരമവൾ
ചൊല്ലിനാൾ.

ചൊല്ലെഴുന്ന നൃപവീരന്മാർക്കുചിതമായതൊട്ടുമഴകല്ല കേൾ
വല്ലടത്തുമടൽ വെല്ലപെട്ടു പട അല്ലയെങ്കിലടൽ മന്നിടേ
ഉല്ലാസത്തൊടു മരിച്ചു വൻപുകൾ വിധിച്ചു വിണ്ണുലകമാൾവതേ
നല്ലതിത്തരങ്ങളിന്നു നിന്നൊടിഹ ചൊൽവനെന്നുടെയ വല്ലഭ!

വല്ലഭത്തൊടുലകാണ്ട നീയൊരുവൻ മാനഹാനിയൊടുടൻ മരി-
ച്ചല്ലൽ പെട്ടു നരകിന്നു പോം വഴികൾ ചൊല്ലുകിന്നഴകല്ല കേൾ
ഇല്ല മററിനിയെനിക്കു വേണ്ടുവതു ഇനിക്കരുത്തു വിരവോടു
പോയ്
മല്ലുഴ പൊരുതടർക്കളത്തിട മരിപ്പതേ അഴകു മന്നവ!

എന്നിപ്രകാരമേ ദേവി മനോദരിയായവൾ വാക്കാകിയ കശകൊണ്ടു അടിപെട്ടു ദാരികനെന്നൊരശ്വം വേഗത്തിൽ വെട്ടി മരിപ്പനെന്നു മനസ്സുറച്ചു നടന്ന കാലം മിന്നിട്ടു ചെറുത്തു നിന്നു ദേവി, നിന്നിഷ്ടമെന്തു തന്നിഷ്ടം പോകാതെയെന്നൊരു

മാനേയെന്നു മീണ്ടും നിന്നു ദുഃഖിക്കത്തുടങ്ങിനാൾ. അതുകണ്ടു് അവൾഭയം പോമാറു ചൊന്നാൻ കൊടിയ ദാരികനും. മരുന്നും മന്ത്രവും ക്രൂടഉപദ്രവവും കൊണ്ടല്ല ഞാൻ ഇത്രനാളും പട വെട്ടി വെന്നതു്. എന്നുടെ ശക്തികൊണ്ടും ശൌര്യപരാക്രമങ്ങൾ കൊണ്ടും നേരിട്ടു ഇത്രയ്ക്കുമൊട്ടലരെ പോർവെട്ടി വെന്ന രാജേന്ദ്രസിംഹമെന്നു എട്ടു ദിക്കും പുകഴ്ചേര പട്ടംകെട്ടി ഇരിക്കുന്നു ഞാനെന്നും ചൊല്ലി അനത്തു ലോകം നടുങ്ങുമാറു ഉരയ്ക്കത്തുടങ്ങിനാൻ ദാരികൻ ദാനവേന്ദ്രൻ.

**വേറ**

ഉലകത്രയമൊക്കെയടക്കമെനിക്കൊരു ശത്രു എതുപ്പതി-
നാരുലകിൽ
മലയൊക്കെയെടുത്തു മറിച്ചിട്ടവൻ മകരക്കടലൂററിക്കുടിപ്പ
നെടീ!
കടിപെട്ട ചുനിക്കെതിരായിമദയാർ കതറ തല കൊട്ടി
ഉടച്ചിട്ടവൻ
പടവെട്ടുമതിന്നു യമൻ വരുകിൽ പറ പപ്പറ കൊട്ടി
വിറച്ചുമണ്ടി-
ച്ചുടിമപ്പണിചെയ്യുമടിക്കുലമൊത്തമരക്കുപുരാനെ വിലങ്ങിട്ടവൻ
ഇടിവെട്ടിന പോലിവയൊക്കെ എട്ടത്തിതമുററു പറഞ്ഞ-
സുരാധിപനും
കടലെട്ടി എഴുന്നതു പോലവിടെ കരുതി പല
ആയുധപാണികളും
അടലുററസുരപ്പട വന്നു നിറഞ്ഞതുമെത്ര സഹസ്രമിതാരറിവോ.
വന്നുററ പെരുമ്പട കണ്ടസുരൻ വളർചട്ടയുമിട്ടു മുടക്കിയര-
യ്യൊന്നിച്ചൊളിവീടിയ ചൊട്ടയംവാൾ ഉടൻവച്ചു നിറമ്പട്ടമാം
അന്നുള്ളതമോടഖിലായുധവും അഴകോടു നിറച്ചൊരു തേരതിലേ
ചെന്നേത്രയുമാശു കരേറീടിനാൻ തിറമീടിന കേസരി-
യെന്നതു പോൽ.

എന്നങ്ങു പടയ്ക്കു നടന്നതു കണ്ടിടരേറിയ ദേവി മനോദരിയും
ചെന്നമ്പൊട്ടു തൻപതിയെ തൊഴുതു തേരങ്ങു തട്ടത്തു വില-
ക്കിട്ടുമാ
ഇന്നങ്ങധികം ചില ദുഃശകുനം ഇതാ കണ്ടേനെന്നഴതാളവളും.
അഴതാളവളും അവനിയിൽ വീഴ്ന്തിതയ്യോ പഴതേ നീയും
പോയി
പട പൊരുതു പട്ടാൽ പാപി എനിക്കിങ്ങാരൊള്ളു
കുഴിമേലെന്നെയും നീ തള്ളാതെ കുഞ്ചുമ്പുരായതു
പഞ്ചണ മെത്തമേൽ
പഴതേ ഇരുന്നു പോവാനെ പണ്ടേൻതലയിൽ വിധി
തലയും മുലയും വരുമ്മുമ്പേ തന്നെ മതിത്ത എന്നെയും നീ
കൈപിടിത്തായ് ചില മന്മത(നൊസ്സ?രസ)ത്തൊട്ടും
തേനാർപൂവും വണ്ടും പോൽ
പല നാളിരുന്തെണ്ണി മനം തീമേൽ മെഴവൊത്തഴിയുന്നി-
തെന്നുള്ളമെല്ലാം
ഉരുകി മനം വെന്തഴിയുന്ന ഉയർ പോലൊത്ത നീ കൂടാതെ
അര നാഴികയും മീണ്ടങ്ങിരിപ്പാനരുതെനിക്കേ നിനച്ചുകണ്ടാൽ
പൊരുവാൻ കളത്തിൽ പുക്കവരെ ഉയിരുംപുക്ക പെരിയ കിണ-
റവളുമ്പരികേ കളിക്കാ പൈതങ്ങളും പിഴച്ചേ വിശ്വാസം
പിഴപ്പാൻ മതിയുമില്ലേ പേതേ ഞാനൊന്നു മറികവല്ല
മഴക്കാറൽ കാണാഞ്ഞാകുലം മനസ്സിൽ വരും വേഴാമ്പലേപ്പോൽ
അഴക്കാവെണ്ണം അഴത്തു ഉഴന്നിട്ടാററവല്ലേൻ നിന്നെപ്പിരിഞ്ഞാൽ
പിരിയമുള്ള പിടിമതങ്ങൾ പെയ്തു മരുവിന്നിതോൽ
പെരുകി പരിവേഷത്തിനൊട്ടും ഭയമാമാറു പോകുന്നതും
കരുതായ്ക ഒരുവരിടത്തു പകലേ മീൻ വീഴന്നതും
കണ്ണുന്തോളും പെരുതായെനിക്കു വലതുപുറം പേത്തും പേത്തും

അതിഘോരം പകലേ പടവീട്ടിൽ കൊടിയ നരി കരയുന്നു
വേരിപൊഴിയും പൂമാല വിടക്കായ് പുനൽ പോലെ നാറുന്നു
വീരാ പെരിയ കൊററവനെ വിരവിലൊണ്ടൊരാപത്തെന്നു
ആരറിവോർ ദൈവദമയെന്നു അഴുതു തട്ടത്താളമ്മനോദരിയും.

അഴുതാലെന്തു കഴിവിതിനു അമുതേ തേനേ ആരുയിരേ
മുഴമാമതിയുംകൈതൊഴും മുഖവും കളഭമുലയിണയും
പഴതേ മാഴ്കാതിരിക്കയെന്നു പതിയൊടൊന്നുരചെയ്യാം
താഴാതിരുന്ത പെരുഞ്ചെൽവം തന്നിലിരുന്ത പടി നിനന്താൽ
മാഴ്കാതിരുന്തകററവദനാ മന്ന നിന്നെ അകന്നൊഴിഞ്ഞാൽ
പാഴാം കൊടിയ കിനാക്കണ്ടേൻ പതറി ഉണർന്തേൻ വകകളാൽ
നീർവാഴകഴകരശൻ പിണം നീണ്ട കഴകുണ്ടിടക്കണ്ടേൻ
നീണ്ട വെററിക്കൊടി മുറിഞ്ഞു നിലത്തു വീഴുന്നതു കണ്ടേൻ
പൂണ്ട മംഗല്യസൂത്രമതും പൊല്ലാക്കുറികളിവയാദി
വേണ്ടാവെണ്ണമൊള്ള കിനാക്കണ്ടനെന്നുള്ളഴിന്തേൻ
ആണ്ടായടിയൻ ചൊൽ കേളായെന്നഴുതു തട്ടത്താളമ്മനോദരിയും.

തട്ടാതെന്നെ വിട്ടൊഴിക താപമിളയ്ക്ക കാർകുഴലീ!
പിടിക്കാമോ നിഴലതിനെ പേശിപ്പതുമണിയാമോ
മുട്ടകിമരമേറാ കുരങ്ങു മൂത്താൽ മന്നരാമോ
ഇടത്തിലെഴുതും ചിത്രത്തിൽ ഇനിയ പൂവിൻമധുവുണ്ടോ—
രൊണ്ടോ?

ഒളിയെ കിനാവിൽ കണ്ട പൊൻ വെള്ളി വെളിയെ ഒരുവർ
പൂണ്ടൊരൊണ്ടോ! വളസാ പറയാതെ എന്നോടു നീയും
അയനൊടു ഞാൻ വരിച്ച വരം പഴതാമോടീ! തെളിവൊടിരിക്ക
നീയുമെന്നു ചൊല്ലി ധീരൻ ഭർത്താവിനെയവളും

ഉള്വാന്തുയരാൽ വിട്ടൊഴിയാഞ്ഞു നിനച്ചാൻ അസുരകോമാൻ
കനത്ത വേദനയതു കളവാൻ കഴിവുകാണാഞ്ഞസുരവരൻ

തനിക്കുതന്നെ അണിവതുക്കു അഴകിനൊടു പന്തിരാണ്ടു കൂടെ
പണിമുഖിച്ചു അസുരമണി പേരാരത്തെ അനന്തു ഗ്ഗണം
കലന്നതിനെ എടുത്തവാം കഴുത്തേലണിഞ്ഞവാറെ
മനസ്സിൽ വന്ന വ്യസനമെല്ലാമകന്നു ദേവി
നിനച്ചാം പിന്നെ വിധി ഒണ്ടായിരിക്കിൽ വരുമെന്നു
ഭത്താവെന്നാം
അല്ലയെങ്കിലതും വഴിയെന്നേ വേണ്ടൂ.

അരിയ പുനലും കിടച്ചു അംനേകന്നാളേ മരുവിനാലും
ഉരിയ പുനലിൽ പയമങ്ങുമൂറാതിതിലെന്നു പോലെ
ഒരുവരിടത്തും മാതുമനം ഉന്നുമെന്നൊരുത്തുഴത്താം
കരുതി നീയും കാലത്തെ കളക വേണ്ടാ ഇനിയാരും.
ഇനി ഞാനും പട ജയിച്ചു വരികയില്ലെന്നി-
ട്ടേതുമൊന്നും ഭയപ്പെട്ടിരിയ്ക്കു വേണ്ടാ
തനിമയെല്ലാം കളക നീയുമെന്നു ചൊല്ലി ദാരികന്നു
തേരേറി നടന്ന കാലം
ചിനത്തെഴുന്ന പുലി കടുവാ സിംഹം പോലെ
ചീറി എഴുന്ന അരക്കർ മൂലവിലസ്സിനൊടും
പുനരസുരൻ സംഗ്രാമഭൂമി പുക്കു
പോർ തുടങ്ങി ശ്രീ ഭദ്രകാളിയോടേ

### വേറ

കടലും കടലും പടകിട്ടിയ പോൽ
കലഹം പെരുതായിതു ഘോരതരം
പടഹം തുടി ഭേരി പെരുമ്പറയും
പണവാദികം നാദവുമാനകര-
ങ്ങിടി പോൽ മുഴവുന്നരവങ്ങളുമ
ങ്ങിടർത്തിങ്ങിന തേരുരുളൊച്ചകളും
കടലോടിടിയൊന്നി മുഴങ്ങിയെഴും
കടകാലവുമൊത്തിതു യുദ്ധകളം.
യുദ്ധത്തിലെടുക്കുമിടിക്കുരലാൽ
ഉലകത്രയമൊക്കെയുമൊന്നിളകി
എത്തിപ്പൊരുതോരസുരപ്പടയെ
ഇടി വീണു പുളന്ന മലക്കുലമോ-

ടൊത്തൊക്ക വപുസ്സു പുളൎന്നു മരിച്ചിട
നന്തകന്തുരത്തു പൂക്കളെ പോൽ
ഇടി മിന്നിന പോലിളകുന്നിതു വാൾ
ഇടയിൽ ചില തീയെരിയുന്നതു പോൽ
കെടിനെന്നു പെരുന്തലയററുടനെ
കിളരുന്നിതു ചോരികൾ വാനളവും
കടലായിതു ചോരികളാലവിടെ
കഴുകൻ നരി നായൊടു കാകിനവും
കൊടുതായസുരപ്പട പട്ട പിണം
കുടൽകൊണ്ടു പിണഞ്ഞിട്ടുമങ്ങൊരെടം
ഇടവന്ന പെരുമ്പട വെള്ളമൊടേ
പൊടിയായിതു പട്ടു മുറിഞ്ഞുടനെ
പുനരന്നസുരൎക്കൊരു കൊററവനാം
കടൽ വീടിന തേർ പട ആനയൊടേ
കടൽ പോലെതിരിട്ടിതു കാളിയൊടേ.
ഓടു തേരു നൂറു കോടി, വാജി ആന നൂറു കോടി
ഓരിരണ്ടു നൂറു കോടി വാജിവെള്ളമാമരക്കർ
കോടി കോടി കാളിഘോരവാൾ ഗദാദിയായ് മുറിഞ്ഞു
കൂട്ടു കുന്നു പോലുയൎന്നു ചോരിസാഗരങ്ങളാൽ
ഇവ്ടുപോരു യുദ്ധഭൂമിതന്നിൽ നിന്നരക്കർകോനും
ഏറെരിഞ്ഞ കോപമോടടുത്തു ഭദ്രകാളിസേന
ഓടുമാറു ബാണമാരി തൂകിവന്നെതിർപ്പവൻത-
ന്നോടു ഭദ്രകാളി ചെന്നു കിട്ടി മുട്ടിവെട്ടിനാൻ
വെട്ടിവന്ന തേരഴിച്ചു വാജിവാഹനന്തകൎത്തു
വെററിയൊള്ള വാളെടുത്തിളക്കി വേഗമോടിളക്കി
ഞെട്ടു ഞെട്ടനപ്പിടാരി അഷ്ടഹാസവും മുഴക്കി
നിൽക്ക നിൽക്കയെന്നരക്കർകോനെയും ചെറുത്തു
മുട്ടിനോരു നേരമങ്ങവൻകരത്തിൽ വാളിളക്കി
മുററുമമ്മരത്തെ മൂടുവോരു ചമ്മവും തിരിച്ചു
വെട്ടിനോരു നേരമങ്ങു തട്ടിയങ്ങുമക്കു മുമ്പേ
വെക്കമോടു തീ പിറപ്പിട തിരിച്ചു കുത്തിനാൾ.

കുത്തു കൊണ്ട ദാരികന്റെ മൈ പുളന്നൊഴുന്ന ചോര
കോപ്പറ പൊടിച്ചു ഭൂമിതന്നിൽ വീണെരിഞ്ഞപോതി-
ലെത്രയും വിരിഞ്ഞതിൽ പിറന്ന ദാരികക്ക് സംഖ്യ
യെത്രയെന്നു ചൊൽവതിന്നൊരുത്തരാലുമാവതല്ല.
എത്തിയൊക്കെത്തുത്തു ഘോരനാദമോടു ഭൂമി വാനോർ
എട്ടു ദിക്കിലും നിറഞ്ഞിരിണ്ടെഴുന്ന മെയ്യുരുകി
അസ്ഥിമസ്തമോടു വന്നെതൃപ്പവന്തന്നോടു പിന്നെ
അത്ഭുതത്തൊടമ്മ ഭദ്രകാളി കണ്ടു ചൊല്ലിനാൾ.
കണ്ട ചിക്കനെത്തുമൊക്കയെരക്കരായിതോ
കാരണങ്ങളൊണ്ടിതിന്നു പണ്ടു കല്പിതങ്ങളാൽ
പണ്ടൊരുത്തനെന്നു കേളി ദാരികനെന്നുന്നിയെ
പത്തു ദിക്കുമൊക്കവെ നിറഞ്ഞവാറെതെന്തഹോ!
പുണ്ഡരീകസംഭവൻവരത്തിനാൽ വരേണമെന്നും
ബുദ്ധിയിൽ പ്രകാശമോടു നിന്നു ഭദ്രകാളിയും
പണ്ടതിൽ പതിന്മടങ്ങു ഘോരരൂപി ആകിനാൾ.
ഭാനു കോടി നൂറുതിച്ചുയർന്ന പോൽ വിരിഞ്ഞിതേ
എണ്ണില്ലാതെ കൈ മുഖങ്ങളും വിരിഞ്ഞ വാകളോടും
ഏറ്റെരിഞ്ഞ തീയതിൽ പൊഴിഞ്ഞെഴുന്ന കാകളും
വിണ്ണിനോടുമീതു പോയി വളർന്നുയർന്ന മേനി കണ്ടു
വിണ്ണാളുള്ളോർ വിരിഞ്ചരോടു കണ്ടു പേടി കൊള്ളവേ
പൊണ്ണനായ വല്ലരക്കനോടു ഭദ്രകാളി ചെന്നു
പോർതുനിഞ്ഞ നേരമേ ജയിക്ക ഭദ്രകാളിയും
എണ്ണിൽ വിണ്ണാളുള്ളോരണഞ്ഞു പുഷ്പമാരി തൂകിനാർ;
എയ്ത്തി ഇന്നു ചെയ്ത പോരെനിക്കുരപ്പതാവതോ.

**വേറ**

ഉരപെരുമാരുപദാരികപോരിനു
ഉലകുലയുംപടി ഗജ്ജിതരാമിവർ

തിരുകിന വൻചിനദമാടണഞ്ഞതു
തിറമൊടു ഭൈരവി കണ്ടു കരുത്തൊടു
കരിവരരായി വരുന്നതു കണ്ടൊരു
കറിരവമൊത്ത കനൽക്കണ്ണിരുണ്ടഥ
ഉരമിടിയെന്നതു പോലൊരു നാദവും
ഉഴറി മുഴക്കി മഹാസുരർകുക്ഷകൾ
വരമോ തോൾ തല പാദങ്ങളാമാറു
വക വക ഖണ്ഡിതമായടൽ മന്നിടെ
വിരവൊടു വീഴ മഹാകരതാരതിൽ
വിലസിന നാന്തകവാളിളകുംപടി
നരുനരാ വെട്ടിയിട്ടവനെ വെലിക്കടെ
നലതിറമോടു കൊട്ടുത്തു തുടങ്ങിനാൾ.
വരുമടയാർ ചിലരെ പിടിപെട്ടുയർ
പടവരമേലെറിയച്ചിതവന്തല
തിരുകിന പാശമതിൽ ചില വീരരെ
തിരുപുറ പമ്പരമൊത്തെറിവാൾ പിന്നെ
ഹരി നരസിംഹമതായിയിരണ്യനെ
അടൽ മണിമാർവു പിളന്നതു പോലുള്ള
കുരുതികൾ പൊങ്ങു മഹാസുരകുക്ഷകൾ
കുടൽ ചൊരിയുമ്പടി കീറിയെറിഞ്ഞവൾ.
പരിശൊടു ഗദ മുസലാദി ആയുധാ
പല കരതലമതിലൊത്തെടുത്തവൾ
പെരുമരമൊത്തസുരേശർതന്തല
പിടിപെട വെട്ടമൊരോ മഹാഗിരി
ഉരുമിടിയാലുരുള്ളുന്നതു പോലുടൽ
ഉടയ മഹാഗദകൊണ്ടെറിഞ്ഞിടും
ഹരിതരുചക്രമരിഞ്ഞൊന്നാർ തല
അരിയുമതുകൊണ്ടമ്മാനയാടിയും
ഒരുവനെ ഒരുവരൊടുയർ തകർത്തിടാ
ഉരമെഴും ഭുജവെലമോടടുത്തുടൻ

ഉരുപേരെ ഒരുവരൊടേററു മാററവർ
ഉയർകള യമനുലകത്തട്ടത്തിട്ടം
കരുതലരുടൽകൾ പുളന്നു ഭൈരവി
കളകള ഒഴുകിന ചോരിനീർചെവ—
ത്തൊരു തുള്ളിയവനിയിൽ വീണിടാസ്സുണ്ണും
ഉലകങ്ങളടങ്ങിന വാ പുളന്നിതു
എരിചൊരിനയനങ്ങളോടരിഞ്ഞരി—
ഞ്ഞിടി കുമറിന കുരലോട്ട പിന്നെയും
മരുവലർ തലകളെ ഒക്കരിഞ്ഞവൾ
മട മടയതുവികൾ പോൽ വീഴുന്നല്ല
കുതികൾ കുട്ടകടിനെക്കുടിച്ചൊരു
കുതൂഹലമോട്ട കുടൽമാല പൂണ്ടഥ
തിരുപുരമെരിചെയ്യുവന്നു നേർ നിന്നു
തികി തികി തികി നനദവ നടംചെയ്യും
തിരുകിന കനിവൊട്ട പേ പിശാച്ചുകൾ
കണമൊട്ട നരി കഴുകാന്മു ചേന്നു നാ
പൊരുകളമതിലുപദാരികാദികൾ
പൊരുപൊരമസുരരെ വീറെഴും നല്ല
കരിരിപു കരിരിപു മസ്തകം ചില
കതമൊട്ട പുളന്നു പോൽ മദഘശരി
തിരുമണിനഖവൈരങ്ങളാൽ ഉടൽ
തികി തികി നിണമൊട്ട തീയെഴുമ്പടി
തെരു തെര വിരവൊട്ട കൊന്ന വീര്യങ്ങൾ
ശിവ ശിവ! പറവതിന്നാവതല്ലിതു.

### വേറ

എന്നിപ്രകാരമേ ഉപദാരികന്മാർ പട്ട മടിഞ്ഞ ശേഷം ദാരികനും മോഹം തീൎന്ന് എഴുനിന്നു യുദ്ധക്കളത്തിങ്കൽ നോക്കിയ കാലം ഓരോരോ പൎവതങ്ങൾ മറിഞ്ഞു വീണു കിടക്കുന്ന പോലെയും വൃക്ഷങ്ങൾ വേർമറിഞ്ഞു വീണു കിടക്കുന്ന പോലെയും അസുരപ്പെരുമ്പട പട്ട പിണം പരപ്പിക്കിടക്കുന്ന പെരും കൂട്ടവും

ആയുധവാഹനങ്ങൾ മുറിഞ്ഞും തെറിഞ്ഞും കിടക്കുന്നതിനെയും കണ്ടു നിരുവിയ്ക്കുത്തുടങ്ങിനാൻ ദാരികൻ ദാനവേന്ദ്രൻ.

ഇന്ദ്രനെ അമരരോടും എതിർകിടെ വെന്നെനിക്കോ
മന്ത്രമേ പോയതല്ലാതെ മായകൾ പോയതൊണ്ടോ
ഉന്നുവനിവളെ പോർചെയ്യൊരുനൊടിയില-
ങ്ങന്തരത്തമരരഞ്ചാൽ ആത്താനേ അസുരകോമാൻ.
ആത്തളവുച്ചനേരത്തല്രാത്രി കണക്കേ
പാത്ത്വക്കുള്ളിൽ തോന്ന പടയൊട്ടമസുരകോമാൻ
നേത്തണയുന്ന കാലം നിരുപമഭദ്രകാളി-
ക്കോത്തിതെന്നുച്ചനേരത്തിരുട്ടു വന്നുററതെന്നേ.
ഉററന ഉലകമെല്ലാം ഒളിവെഴുമാറു കാളി
മറെറാരു കതിരോൻ വന്നു മഹാഉദയം ചെയ്ത പോലെ
നെററിയിൽ വിളങ്ങും കണ്ണു നെരിപ്പടത്തുറന്ന കാലം
മുററിയേ അസുരന്മായ മുടിഞ്ഞിതു മൂലത്തോടേ.

മൂലപ്രകൃതി ആകുന്ന ശ്രീഭദ്രകാളിയും ദാരികൻെറ മായാപ്രഭാവത്തെയെല്ലാം നശിപ്പിച്ചു ചെല്ലാകും കാലം ദാരികനും വരപ്രസാദമായിട്ടുള്ള ആയുധങ്ങളെടുത്തു പ്രയോഗിക്കുത്തുടങ്ങിനാൻ. എന്നാലതെപ്രകാരമെന്നാൽ:-

നാഗാസ്ത്രം വരുണാസ്ത്രം നല്ലഗ്നിയസ്ത്രം
കാകാളന്നെരിഞ്ഞുവരും നല്ല കാലശക്രാ
കാകാളമുസലം, വേൽ, വാൾ, ശൂലം
തീകാന്തും ബ്രഹ്മാസ്ത്രം എന്നിവയെല്ലാം
അടലസുരൻ പോർ കാട്ടി വിട്ടതെല്ലാം
അമ്മ പ്രത്യസ്ത്രം കൊണ്ടു തടുത്ത കാലം
അട്ടത്തളവിൽ ബ്രഹ്മദണ്ഡാലടിച്ചു
കൊൽവനെന്നു ദണ്ഡെടുത്തു ചുഴററുന്നേരം
പൊടിച്ചു കനൽ ചൊരിയുന്നു ദണ്ഡിൽനിന്നു
പൊരിപൊരിനെ പൊരിയുന്നു പടകളെല്ലാം
മുടിക്കുമിവനിതിനാലെ ലോകമെന്നു
മുനികളോടു വിണ്ണവരും മുറയിടുന്നു.

പിടിച്ചതിനെ പറിച്ചുകൊണ്ടാൾ ഭദ്രകാളി.
ബ്രഹ്മദണ്ഡും പോയിതവൻകൈയിൽ നിന്നു
നിന്നവനും നിരൂപിച്ചാൻ ഇന്നിവൾക്കു നേർ
നിൽക്കരുതെന്നുള്ളിലേറും ഭീതിയോടും
അന്നവനും നിരായുധനായ് ഓടും നേരം
അമ്മ ഭദ്രകാളി കൂടെ ഓടിച്ചെന്നു
ചിഖയെല്ലാം മുട്ടിവന്നു ഭദ്രകാളിയെന്നു തോന്നും
ഒന്നിയ ചക്രവാളം അതിലിങ്ങൊള്ള
ഉലകങ്ങൾ ഒഴിയാമൽ ഓടിനാനെ.
ഓടിയാലെന്തവസാനമിവനെക്കൊൽവാ-
നെന്നുള്ളിലോർത്തു ചൂടിയ നൽപൂമാല
ശൂലാഗ്രത്തിൽ തൊടുത്തി എടുത്തവന്നു കാട്ടി
നിരന്നാടമർപൊരുതതെല്ലാം നായകനെ
നിന്നെ ഇന്നു മാല ഇടുവതിനായ്
ഈരേഴുലകും മലരയൻെറ പുത്രൻ നീ
ഈശ്വരൻെറ പുത്രി ഞാൻ നമ്മിലടുക്കുമെന്നു
എന്നളവു ദാനവേന്ദ്രൻ തിരിഞ്ഞു പാർത്താൻ
ഇമ്പമെഴും ശിവകാമസുന്ദരിയും
അന്നുലകമീരേഴുമളന്ന മായോൻ
അണിമാർവ്വിലണിന്തവളും ഇവളുമൊക്കും
ഇന്നിനി ഞാനവളോടു കൂടി വാഴാകിൽ
എനിക്കു സമമായ പുരുഷരുണ്ടോ.
ത്രിലോകെത്തന്നു തന്നത്താനെ ബഹുമാനിച്ചി-
ട്ടിമ്പമൊടും മെല്ലെ വന്നു അണഞ്ഞ കാലം
അണഞ്ഞളവിൽ അനുഗുണമാം ശാന്തരൂപം
അകററിയമ്മ അത്യുഗ്രരൂപം കൊണ്ടു
അരിശം പെരുതായേ തിരുവായ് മെല്ലെ
പിളർന്നവനെ പിടിപ്പതിന്നായ് അടുത്ത കാലം
മണം പുണർവാൻ വിളിച്ചിതൊരുമായ്കയെന്നു
വല്ലാസുരൻ വല്ലായ്കയൊടുമുള്ള

ലുണന്നിതൊരു ഗുഹയോടേ ഒളിക്കാമെന്നു
ഭഗവതിതൻവായിൽ പാഞ്ഞാൻ പാഞ്ഞളവിൽ
നാവിനാലെ ഭദ്രകാളി ആഞ്ഞെടുത്തു
നിലത്തിട്ടടിച്ചട്ടഹാസമിട്ടു
കട്ടക വൈരമായി കിടത്തി
ശൂലം കൊണ്ടവൻ കഠിനമാവിൽ
പാഞ്ഞെടുത്തു കിളത്തിയവനലറാവണ്ണം
പമ്പരം പോൽ തിരിച്ചാൾ അത്രിശൂലത്തേൽ.
ശൂലത്തിൽ അവൻ കിടന്നു കരയുന്നേരം
ചൊന്നാളവനോടു ഭദ്രകാളി.
ആലത്തെ ഉണ്ട അരനെ പഴിച്ചായ് നീ പണ്ടു
അതിനുടെ ഫലമിതെടാ അസുരകോനേ.
ഞാലത്തെ മുടിച്ചായ് നീ നല്ല മുനിവാനവക്കും കേടുചെയ്തു
മൂലത്തെ മറന്ന നീയും മുടിഞ്ഞായെല്ലോ
മുററുമിനി ചാവതല്ലാതാവതൊണ്ടോ
ആവതെല്ലാം ചൊല്ലാമെൻതമ്പുരാട്ടി
അച്ഛനെ ഞാൻ പറഞ്ഞതെല്ലാം പൊറുത്തുകൊൾക നീ
ഏകുന്ന വേല ചെയ്വൻ എരുതുമേയ്പ്പൻ
ഇഷ്ടമൊന്നും പിരിയാതെ ഇരുന്നുകൊൾവൻ
ദേവദേവൻ ശിവന്തനിക്കു ചെറുക്കനായ് ഞാൻ
സേവിപ്പൻ ചെരുപ്പെടുപ്പൻ തൊഴുതുകൊൾവൻ
പോവതിന്നു വിട തരിക തമ്പുരാട്ടി
പൊരുപൊരിനെ ത്രിശൂലമുന ധരിയ്ക്കുവല്ലേൻ
വല്ലഭങ്ങളോടു നിൻെറ നയഗുണങ്ങള-
ന്നരനെ പറഞ്ഞ നാളിലെങ്ങു പോയി
നല്ല ജനം വരുമ്മുമ്പേ അറിഞ്ഞിരിക്കും
നാടെങ്ങും നടന്നു നാനാദോഷങ്ങളും ചെ-
യ്തല്ലൽ തല കിഴക്കാമ്പടിയായി വീണേ
അറിവുള്ളിലില്ലാത്തോൎക്കേ ഇരക്കം തോന്നും.
ഇരക്കമില്ലാതരക്കർകോനെ പൊരുന്നി എടുത്തു
ത്രിശൂലമുനയിലേ കോത്തുംകൊണ്ടു

കരുത്തിനൊട്ടു നടമാടികളിക്കുമമ്മേ!
കരിക്കലവും ചുമന്നു നിനക്കടിമചെയ്യുൻ
മരിക്കുമ്മുമ്പിലൊരിക്കലെൻെറ ഭാൎയ്യയായ
മനോദാരിയെ കാണ്മതിന്നു വിട്ടുവോളാകിൽ
ഒരിക്കലും ഞാൻ മറക്കാതെ നിനച്ചിരിപ്പെൻ
ഒണ്ണുതലൈ കണ്ണുതലെദയാൻ പെററ പെദണ്ണ.
പെണ്ണുമാണുമല്ലാത്തവരെദപ്പാൽ
പേശി മരിച്ചാൽ നരകമെടാ അസുരകോനേ!
വിണ്ണുലോകമതിൽ ചേൎന്നാൽ വീൎയ്യസ്വൎഗ്ഗം
മേവാം നല്ലാണ്മ കളയാതെ ചത്താൽ
അണ്ണർ ശിവൻ തിരുമുമ്പിൽ നിന്തലയെ
കൊയ്യുടിയുറയാക വദയ്യുന്നെന്നു
ഒണ്ണുതലൈതാതനെ ഞാനൊരാണയിട്ടേൻ
ഒന്നുകൊണ്ടുമൗവണ്ണമറക്കയില്ലെന്നു വീരഭദ്ര-
വല്ലസുരൻതന്നെക്കൊന്നു മണ്ണിലിട്ടാം.

കരുത്തസുരൻ പട്ടു വീണ ഒച്ച കേട്ടു
കടൽ ചൂഴമുലകമെല്ലാം വിറച്ചിതന്നേ
ദാരികൻെറ മദനാദരിയും വിരവിനൊടു-
ങ്ങതിനെ അറിഞ്ഞു കൊണ്ടാം; ഭൎത്താദവ!
അത്താനെയെൻ കണ്ഠസൂത്രം എന്നു വിമ്മി വിമ്മി
അഴുതഴുതു ഭൂമിയിൽ വീണ്ണഴുതാളൊദട്ട:
ഒട്ടുറെ അഴുതാളവളും ഭൂമിയിൽ വീ-
ണഴുതവളും ആശ്വാസം പെററുടനെ
അവിടെ എഴുനിന്നു മട്ടമെഴും പൂങ്കുഴൽ മുടിച്ചു
ഭൎത്താവേയെന്നു മനസ്സുറച്ചു നടന്നു ചെന്നു
പട്ടു പട കിടക്കുന്ന രണഭൂമി കണ്ടു
ഭദ്രകാളി നിന്നതിനൊട്ടപ്പുറത്തു
എട്ടു ദിക്കും വെന്നസുരവീരനിമ്പ-
നിദ്രചെയ്യുന്നു പോൽ കിടക്കക്കണ്ടാം.

കണ്ട കണ്ട പേ ക്രൂളി പിശാശിനങ്ങൾ
കങ്കാളി നാ നരികൾ കാകിനങ്ങൾ
ഉണ്ട കരളിറച്ചി ചോരി കുടിപ്പതിന്നായ്
ഒക്കവിടെ ചൂഴ്ന്നതിനാലവിടെ ചെൽവാൻ
വണ്ടണിപൂങ്കുഴലാൾക്കു വശമല്ലാഞ്ഞു
വയററിലൊരു പിള്ളയുമായ് നിന്ന കാലം
കണ്ടസുരൻ കളയവരത്തെകൊണ്ട ഭദ്രകാളി
കട്ടാ ശൂലംകൊണ്ട നീക്കിയവൾമുമ്പിലിട്ടാൾ
ഇട്ടതു കണ്ടവളലറി അവൻമാവിൽ പോയി വീ-
ണിട്ടി(ട)ർ പെരുകി ഓരോന്നേ ചൊല്ലി വിട്ടാൾ.
തന്മയാലവളും വീരൻ മാവിൽ
വിശപ്പത്തിലാണായുള്ളവരെ വെന്നായ് നീ
പട്ടായിപ്പട ഇടയിൽ ഇന്നൊരുത്തി കൊന്നാൾ
പണ്ടുള്ള വിധിവിഹിതം കണ്ടതാരു?
തൊട്ടകരമതിനാലെ വയററിൽ പിള്ള
തുടിയ്ക്കുന്നു നിന്നെ കാണാഞ്ഞെൻഭത്തവേ!
എനിക്കു ഭംഗി പോരാഞ്ഞിട്ടോ പരലോകം പുക്കു
സപ്തസ്ത്രീകളോടും കൂടി ചിത്താനന്ദം കളിപ്പതിന്നോ
ശ്രീഭദ്രകാളികയ്യാൽ പട്ടു നീയും
വിസ്താരമെന്തിനിനി പറയുന്നു ഞാൻ
വിരയെ മരിപ്പനെന്നു നാവേൽ ചുററി
കററാരി വലിപ്പതു കണ്ടമ്മ ഭദ്ര
കഷ്ടമെന്നതു കേളാതവളും പട്ടാൾ.
പട്ടവൾ വയററിലൊരു പാൽക്കുഴവിതന്നെ
പയ്യെ വാങ്ങിയമ്മ ത്രിശൂലം കൊണ്ട
തൊട്ട കരമതിനാലെ കൊല്ലും മുമ്പേ
തൂക്കനവേ കുക്കുടമായവൻ പിറന്നാൻ
പട്ടിതവൻ ജലമിതെന്നു ചിറകും തട്ടി
ഭദ്രേ! വാ പൊരുവാനെന്നഴച്ചാൻ പിന്നെ
കഷ്ടമെന്നു കരുങ്കാളിയിവന്റെ കണ്ഠം
ഖണ്ഡിച്ചിട്ടു രുധിരമെല്ലാം കുടിച്ചാൾ പിന്നെ.

കുടിച്ചവറം കോപം തീൎത്തു കോഴിയറ
ത്തെൻ വായിൽ പിടിക്കിൽ ബലി തരികിൽ
എത്രെയും പ്രീതിയാമെന്നു അമ്മ എടു
ത്തുരചെയ്കമൂലം എല്ലാരുമിതു ചെയ്യുന്നു
അടുത്ത കൎമ്മങ്ങറം ചെയ്യിലതിലിതു ചെയ്ത നടന്ന.
നന്നിചേർ ഭദ്രകാളി നാന്തകം പള്ളിവാളാൽ
കൊന്നു ദാരികശിരസ്സും കയ്യുള്ളേന്തി
ഒന്നിയ കപാലംകൊണ്ടൊഴുകിന കുരുതി ഏററുണ്ടു പാടി
അന്നടൽമന്നിൽനിന്നു അരുനടമാടിനാളേ.
നടമിട്ട ചിത്രമിതെത്ര തരത്തിൽ
നലതുടി കൊട്ടി നടെയ്യുമിടിയ്യേത്തു
അടിയിണയിട്ട ചിലമ്പു മുഴങ്ങിട
അടലസുരൻ കുടൽമാലയണിന്തിട
മുടിതടവത്തടൽ മേഘകുലം നല്ല
മുഖതളിർ തന്നിൽ വിളങ്ങും ദംഷ്ട്രവും
കെട്ടകെട നിക്കമിറച്ചി പറിച്ചുള്ള
കിളർനിണമൊക്കെ എടുത്തു കുടിച്ചവറം
പടവരെയൊത്തു തടുത്തു തടുത്തിട
വലിയ പിണത്തെ വലിച്ചു വലിച്ചിട
മുടിതടവത്തടൽ മേഘകുലം ചില
മുനിവെട മുക്കണ്ണിലൊക്കനെൽ ചിന്തിട
നെടിനെടിനെ ചില പേകറം പിശാച്ചുകറം
നിരനിരയൊക്കവെർ വന്നു ചുഴന്നിട
വടിവുള്ളിറച്ചി അരിഞ്ഞവറം വാറംകളിൽ
വകവകയൊക്കെ അരിഞ്ഞു രുധിരപ്പുനൽ
കുടികുടിയെന്നരുറംചെയ്യഖിലേശ്വരി
കുടമിട്ടധാര കൊട്ടക്കമൊരുത്തർകറം

മടമട വന്നൊഴുകും കരുതിപ്പുനൽ
കുടി കുടിയെന്നു കുടിച്ചു കുടിച്ചഥ
തിട്ടപിടയെന്നു ചവുട്ടിയുഴപ്പിട
പടയതിൽ മിഞ്ചിന സേനകളോടിനാർ.
പറപറന്ന ചില പാറമേലേറി
കിട്ടകിട നിന്നു വിറയ്ക്കുമരക്കരെ
പിടി പിടിയെന്നു പിടിച്ചു പിടിച്ചു
കടകടമാനമിഴച്ചുനൽപാറയിൽ
അടലസുരപ്പടയൊക്കയുമക്ഷണം
അവിടെ നശിച്ചു മുടിഞ്ഞൊരനന്തരം
ഉടലിൽ വിരിഞ്ഞ രുഷാ പരമേശ്വരി
ഉരുതരകോപമൊടാടിനപ്പോതവർ
അടിയിണയിട്ട ചിലമ്പു മുഴങ്ങിട
അടലിടിയൊന്നു ചലിച്ചിമയോർകളും
പടനിലമെപ്പൊഴും തുററിമയോർ നല്ല
ഭഗവതിയെ സ്തുതിചെയ്തരുളം കൊണ്ടിതു.

**വേറ**

അരുളൊട്ടമരരർ പോയോരനന്തരമമ്മ ദേ
പെരുകിന നിണമണിഞ്ഞു പേകളോടടർക്കളത്തിൽ
തിരുനടം ചെയ്തു പിന്നെ ശ്രീകൈലാസത്തിങ്കൽ മേവും
മരുവിയ ശിവനെ കാണ്മാൻ മാനസേ നിനയ്ക്കുലൂററാം.
ഉററന മനോദരിക്കു ഉടനൊരു പദവി നല്കി
കൊററവൻ ദാനവേന്ദ്രൻ കൊട്ടംചിരം കയ്യുള്ളന്തി
കററഴും വേതാളത്തിൻകണ്ഠത്തിലമന്ന കാളി
മുററിയ കോപത്തോടേ മുട്ടകിനാർ കൈലാസത്തിൽ.
മുട്ടകിന കാലം കാളി മുട്ടിനാളാകാശത്തിൽ
അടിയിണ പാതാളത്തിൽ അടങ്ങിയ ദിശയും തോളാൽ
കടുതരകോപം തീയിൽ കാടെല്ലാം മരങ്ങളോടും
പൊട്ടു പൊടാ പൊട്ടി വെന്തഴിന്നരനും കണ്ടാൻ.
കണ്ടവർ ശക്തിതന്നെ കട്ടക ഞാൻ വാങ്ങീല്ലെങ്കിൽ
അണ്ഡമാം മുഖട്ടളവും വെന്തഴിയുമീ ഉലകമെന്നോത്തു

പണ്ടിമയോക്കു വേണ്ടി പട്ടവിഷമുണ്ട കണ്ടൻ
കൊണ്ടിതു കോലം ബാലക്കുഴവിയ്യായ് വഴിയിൽ പുക്കാൻ.

വഴിയിട വാലസൂയ്യൻ വന്നുദിച്ചെന്ന പോലെ
പൊഴിവെന മരീശിയോടും പുഞ്ചിരിപ്പൂവും ചൂടി
മഴിവരയിഴകും ചെങ്കൺ മനോഹരപ്പാലനെ കണ്ടു
അഴകിയ ഭദ്രകാളിക്കു അകന്നിതു കോപമെല്ലാം.

കോപവുമകന്നു പിന്നെ കൊങ്കകൾ ചുരന്നു വെണ്മ-
തൂകിന പാൽ ചൊരിഞ്ഞു സുന്ദരക്കുഴന്തതന്നെ
മേവിയേ ചെന്നെടുത്തു മെല്ലവേ മടിയിൽ വച്ചു
മൂവുലകിന്നു മാതാവു മുലകൊടുത്തരുളിനാളേ.

മുല കുടിക്കുന്ന നേരം മുമ്പു ഞാൻ കൊടുത്ത ശക്തി
വലിവൊടു വാങ്ങിക്കൊണ്ടു പട്ടകഭൈരവനാമം കൊണ്ടാൻ
ഉലകമെല്ലാം രക്ഷ ചെയ്യേൻ ഉമയിടം ഭാഗം കൊണ്ടാൻ
അലവരം ശക്തിതാനൊട്ടടങ്ങീതു ഭൈരവിക്കു.

അടങ്ങിയ കോപമിന്നി ആരംഭിക്കുന്നതാകിൽ
പിടുങ്ങുമിക്കൈലാസത്തെ പെരുമലയെന്നു പിറേറൻ
തുടങ്ങുമാറവിടെ നിന്നു സുന്ദരനൃത്തം പിന്നെ
തുടങ്ങുമാർ മുനിമാർ വിണ്ണോർ സുഖം വരുമാറു കണ്ടാർ.

### വേറു

അരനാംബുജസംഭവനമ്പർതൊഴും
അഖിലേശനാം വിപ്രവരാഭരണൻ
കരതാരതിൽ വെണ്മഴവും തുടിയും
കരുത്തും മൃഗപോതകവും കുഴലും
പരിശിന്നന പാശവും ബാളരവും
പലതുള്ളന വജ്രവും മാലകളും
തരമായുള്ള താളവും മേളമെഴ-
ത്തമിഴ് വീണയുമമ്പിനൊടേന്തിയുടൻ
പുരിചെഞ്ചടമേലിളവെൺപിറയും
പുകഴ്ചേർനദിയും ചില പാമ്പുകളും
വരിവണ്ടു പുരണ്ടന മാലകളും
വടിവേറുമരയ്ക്കു പുലിത്തോലിയും

തിരുനീറുമണിന്തതിസുന്നരമായ്
തിരുമേനി വരുന്ന നടപ്പിയല്ലം
പരമൻ കരപങ്കജമെന്നടയും
പലതാകിയ നാടകമുദ്രകളും
തരികൊണ്ടു ചിലമ്പിവരും
തമിഴ്നാണയവും ചില പുഞ്ചിരിയും
പെരുകും കരപങ്കജലക്ഷണവും
വടിയും തുടിയും ചില തൊങ്ങൽകളും
ചൊരിയും മധുരായതഗീതങ്ങളും
സുഖമായ മിഴാവൊലി മേളങ്ങളും
വിരവോടുമയാം തിരുവാസ്ഥലരാൽ
വിലസുന്നന ഗീതവിലാസങ്ങളും
വരമേറിയ തുംബുരുനാരദരും
സുഖഗീതവും മേദിനിനാദങ്ങളും
വിരുതാരുമിടാവിധ മേളങ്ങളും
ബഹുരൂപവിരാജിതവിസ്താരവും
അരുമക്കൊഴിലും ചില ഞാനികൾക്ക-
മറിവാനരുതാകിയ നണ്ഡിമയും
വിരവിൽപ്പറയും പകരത്തിറവും
വെടിവെച്ചതിനൊത്ത കലാശങ്ങളും
തിരയിൽ ചിതറുന്ന ജലപ്രഭ പോൽ
ചിതറുന്നന തുമ്പമലർത്തിരളും
കരമെട്ടൊടിരട്ടി മൈകാണരുതായ്
കട്ടകത്തൊഴിലും ചില ലീലകളും
തിരുമുത്തു പതിച്ചതു പോൽ മുഖതാർ
തെളിവേറും വിയപ്പുമൂതപ്രഭയും
ഇരവിക്കും മതിക്കുമെതിർക്കരുതാ-
യിരുൾ വായ്ക്കുഴമുദ്രവിലാസങ്ങളും
വരവും മുനിമാരൊടു വിണ്ണവരും
വരമേ ദരിശിച്ചവരുള്ളമെല്ലാം

ഉരുകുന്നിതു കണ്ണിണനേർ പൊഴിഞ്ഞു
ഉലകത്രയകാരണനാകിയ നൽ—
തിരുനൃത്തമിവണ്ണമവന്ന ശിവൻ
തെളിവോടമരുന്നൊരരങ്ങതിലെ
പരമാശ്ചരിയങ്ങളൊടന്നവിടെ
ഭഗവാൻ തിരുമുമ്പിലങ്ങമ്പിനൊടേ
ചെരുവിൽ ജയമുററസുരേശനുടെ
ശിരം വച്ചു നമസ്തുതി ചെയ്തുടനെ
വരഭൈരവി നിന്നതു കണ്ടരനും
വരികെന്നരികിൽ മകളേ ഇന്നി നീ
ഒരുവരു നിന്നോടിനി ഒപ്പു ചൊൽവാൻ
ഉലകത്രയമങ്ങതിലില്ല പെണ്ണേ
അരുതായിതു നീ ചെയ്ത കാരിയങ്ങ—
ളതിനാലഴകൊണ്ടു നിനക്കുമിനി.
നരരും സുരരും മുനിമാർഗണവും
നല്ല കിന്നരഗന്ധർവ്വജാതികളും
പരമാദരവോടുമിരിപ്പതിന്നു
ഭയഹീനരുമായിഹ ലോകങ്ങളിൽ
എരുതുംമുതുകേറി നടപ്പതിന്നു
ഇടയൂടുകളില്ലയെനിക്കുമിനി.
തരുവൻ വരമെന്മകളേ ഇനി നീ
തനി നായകിയായ് ജഗത്തിലെല്ലാം
ധരണീതലമുററു ഭജിച്ചീടു നീ
തവ പൂജകൾ മാനുഷർ ചെയ്യുതിന്നി
ദുരിതങ്ങൾ വരാതിനി നീയവരെ
സുഖമേ പരിപാലനം ചെയ്ക ദിനം
കരതാർ കൊണ്ടു നിന്നെ വണങ്ങിടുവോർക്ക്
കരുതുന്ന വരങ്ങൾ കൊടുത്തീടു നീ.
അരനുമ്പാടെയന്നീവണ്ണം മകളോ—
ടതിമാധുരിയങ്ങൾ പറഞ്ഞതെല്ലാം.

പരമേശ്വരി കേട്ട മുരാരിയുടെ
പദപങ്കജമിന്നിതാ കൈതൊഴുതാ.
സുരലോകമമന്നളവിൽ
സ്തുതി ചെയ്തിതു തുംബുരുനാരദരും.

വേറ

തുംബുരുനാരദരും തംബുരുവീണ വാങ്ങി
നല്ല സപ്തസ്വരം പിഴയാതുണ്ണം
ചിരിണങ്കും ത്രിസ്ഥാനം അലങ്കാരാദി
തേൻ ചൊരിയും കാംബൂരി വരാടി നാട്ട
സാരസംചേർസംഗീതമായ തേനിൽ
തമ്പുരാട്ടി അമൃതാക നിന്ന നായകിയെ
പൂരിതമായ വേദഗീതജ്ഞാനമൊള്ള
പുണ്യജനം ഭകൾക്കമാരം പ്രയോഗിച്ചാർ.
ശാഖയുള്ള വേദഗീതമതിലേ പാടി
തമ്പുരാട്ടി തഞ്ചനിധേ! ശക്തിമുക്തി
ആകമത്തിൻപൊരുളേയെന്നമ്മേ
വിശ്വമനത്തിനെയുമുള്ളടക്കമംബുജാക്ഷി
നാഗവിഷമുണ്ടകണ്ഠൻ കണ്ണിൽ പെററവളേ
നല്ലവനെപ്പെററയമ്മേ അൻപർശോക-
മെല്ലാം അരുംവിളക്കമംബുജാക്ഷി
ശുദ്ധശിവജ്ഞാനമായി നിന്ന ശക്തി!.
ശക്തികളിൽ പഞ്ചശക്തിയായതും നീ
തത്വശുദ്ധിയാത്മശുദ്ധിമെത്തനവേ
ഭൂതശുദ്ധി ലിംഗശുദ്ധി വെവ്വേറെ
പഞ്ചശുദ്ധി ആയതും നീ
ചിത്തം മുടിവു നാൽങ്കു കരണവും നീ
ശിവമുഖമായ് നിന്ന തേജോരാശിയും നീ
ശുത്താ പിത്താ ഈശ്വരം ശതാഖ്യം മേലായ്
ചൊല്ലരിയ ശക്തി ശിവം ആയതും നീ.

## വേറെ

അത്യന്തമമ്പോടു നിൻപാദപത്മങ്ങൾ അൎച്ചിച്ചിരിപ്പോർകൾ-
ക്കിഷ്ടിച്ചതെല്ലാം
ബുദ്ധിക്കിതത്തോടു നൽകീടുമമ്മേ! പുരാരിക്കു പുത്രി
മുരാരിക്കു നിദ്രേ!
അദ്ര്യദ്വയം കാതിലിട്ടെട്ടുദിക്കെങ്ങടിക്കും ജടയ്ക്കും പീലിത്തെ
ല്ലണിഞ്ഞു
നക്തഞ്ചരാണാം കുലം വേരറുക്കും നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!
ആടി കബന്ധങ്ങൾ കൂടി കളിക്കയും ആനപ്പിണങ്ങൾ
കൊണ്ടമ്മാന ആടിയും
പാടി പിശാചോടു കൂടി കളിക്കും പരബ്രഹ്മമേ ഭദ്രകാളീ! ഭയങ്കരീ!
നാടി ത്രിശൂലങ്ങൾകൊണ്ടു ശത്രുക്കളെ സംഹരിക്കുന്ന
സംഹാരിയെ ഭാരിയേ
നാടി തൊഴുന്നോരെ കേടൊക്കെയകററും നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!
ഇഷ്ടപ്രഭാവം നിനക്കൊള്ളതെല്ലാം എവക്കും തിരിയ്ക്കാവതോ
ജഗന്നായകി!
എട്ടുകരം കൊണ്ടെടുത്തായുധത്താലടുക്കാതസുരക്കനത്തങ്ങൾ
ചെയ്യും
മുട്ടിച്ചുരക്കൻചിരം കൊയ്യേട്ടുക്കും മുനിക്കൂട്ടമദ്ധ്യേ പിന്നെ
ശാംഭുശങ്കരൻ
നഷ്ടത്തിൽ നിന്നു നമസ്കാരം ചെയ്യും നമോ ദേവി ഭദ്രേ! നമോ
ദേവി ഭദ്രേ!
ഈരാറുതോളുള്ളവൻ താതനുക്കണ്ണെരിഞ്ഞൊരു നേരം ചൊരി-
ഞ്ഞൊരു കോപത്തിൽ
തീരാതെ വന്നതുഭവിക്കും ഭയങ്കരി ചെന്താമരപ്പൂവിൽ വന്താളും
നീയേ
ആധാരമെല്ലാം പരാശക്തി പാൎവ്വതി ആമല്ലാം ശക്തിവിസ്താരങ്ങ
ളേതുമേ

നാരായണീ നിൻപ്രഭാവങ്ങളേത്തും നമോ ദേവി ഭദ്രേ! നമോ
ദേവി ഭദ്രേ!

ഉദിക്കുന്ന ചന്ദ്രൻ നമിക്കും മുഖത്താർ ഉമക്കമ്പനായാളൊരുത്തി
ക്കൊരുത്തി

സ്തുതിക്കാതെ ദാരികൻ ദുഷ്ടനെന്നാനെ തുടക്കീഴമങ്ങ
ചവിട്ടിക്കിടത്തി

കൊതിക്കും നഖത്താലവന്മാർവ്വിടത്തെ കുളിയ്ക്കു കുളിയ്ക്കു
പുളന്നാശു മേലെഴും

നദിക്കൊത്തെഴും ചോരി കോരിക്കുടിക്കും നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!

ഊക്കം പെരുത്തൊള്ള രക്കൻശിരം കൊയ്തുടൽക്കുന്നരിഞ്ഞ
ക്കടൽക്കുന്നിൽ നില്ക്കു

ന്നവക്കും കൊട്ടുക്കും കണ്ണക്കാക്ക നല്കും പിന്നെ ചെന്നെട്ടുത്തു
പുറത്തേറിനില്ക്കുന്ന

ആക്കും കൊട്ടുക്കും കഴുകഴുക്കും മുഴുക്കളുള്ളുഴക്കേ വിരമ്പിന്നെ

നായ്ക്കും കൊട്ടുക്കും നരിക്കും കൊട്ടുക്കും നമോ ദേവി ഭദ്രേ! നമോ
ദേവി ഭദ്രേ!

എണ്ണുന്നതെങ്കിലെണ്ണായിരം കോടിയ്ക്കു ഏററം പെരുത്തൊള്ള
ത്തോററം നിനക്കൊണ്ടു

പെണ്ണെന്നുമാണെന്നുമാരും തിരിച്ചില്ല പേരും പ്രഭാവങ്ങളാരും
ധരിച്ചില്ല

വിണ്ണുന്ന ഭൂതമതിൽ പഞ്ചഭൂതവും വെവ്വേറിതമ്പോടു പ്രാണ
പ്രബോധവും

കണ്ണുമുക്കണ്ണും പുറംകണ്ണും നീയേ നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!

ഏതേതു നീയെന്നു ചൊൽവതു നീയേ എല്ലാപ്പൊരിളും
നീയല്ലാതെ ഒന്നില്ല

ഭൂതാദിയന്തപ്പുരംകാവലും നീ കരുണായതും നീ അകം കാവലും നീ

ആധാരമാമാറതിൽപ്പെട്ട ദൈവ്വവും ആനന്ദക്കൂത്തനാർ
പെററതും നീയേ

നാദാന്തവും നല്ല വേദാന്തവും നീ നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!

ഐയ്യാറു തത്ത്വവും നീയേ നമോ നമഃ അൻപിലൻപായതും
നീയേ നമോ നമഃ
ചെയ്യാതെ വേദവും നീയേ നമോ നമഃ ചിത്തത്തിലിമ്പവും
നീയേ നമോ നമഃ
പൊയ്യാതെ വേദവും നീയേ നമോ നമഃ ഭൂതങ്ങളായതും
നീയേ നമോ നമഃ
നെയ്യാതെ മേൽനിന്ന ദൈവ്വവും നീയേ നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!
ഒന്നാകെ നില്ക്കും നിലയ്ക്കൊന്നു ചൊല്ലാം ഉരക്കാം കടൽക്ക-
ത്തിരക്കൂട്ടമദ്ധ്യേ
കന്നാതെ തീയിൽ കൊട്ടും ചൂടൊടൊത്തേ ഗുണം കൊണ്ട
പുഷ്പാ മണം കൊണ്ട തൊത്തേ
പൊന്നാതെ രത്നത്തിൽ നില്ക്കും പ്രകാശങ്ങൾ പോലൊത്ത
പൂർണ്ണമായേ പരം കേവലം
നന്നാക നിഷ്കളംതന്നിൽ ജ്വലിക്കാം നമോ ദേവി ഭദ്രേ!
നമോ ദേവി ഭദ്രേ!
നമസ്തേ കരാളീ! കുമാരീ! കപാലീ! നമസ്തേ! ജഗത്കാരണീ!
കാമരൂപി
നമസ്തേ ജഗന്മംഗലേ! ഭദ്രകാളീ! നിനക്കാ നമസ്കാരമേ ഭദ്രകാളീ!

**വേറെ**

കാളിയെത്തൊഴുതീവണ്ണം കനിവൊടു കമലപാദ
ധൂളിയെ ചൂടിയമ്പാൽ തുംബുരുനാരദരും
കേളിയിൽ പുകണ്ണു പാടിക്കിന്നരി വച്ച ശേഷം
നാളതിലമരർ കൂടി നങ്കയെ പൂജ ചെയ്തു.
പൂജയും മകിഴ്ന്നുകൊണ്ടു ഭൂതലംതന്നിൽ ചെന്നു
നാശങ്ങൾ വരാതെവണ്ണം നരരെയും പരിപാലിച്ചു
ഈശനാർ തിരുവുള്ളംകൊണ്ടെല്ലാക്ഷേമിമ്പം ചെയ്തു
ദേശമാമതിലെല്ലാരും ചെന്തിഷ്ടു വാഴമമ്മ

തിരുവിള്ളക്കൊണ്ടെല്ലാക്കും അന്ധതാപം പോമാറുള്ളിൽ
അറിവെന്ന വിളക്കൊടന്നററി സന്ധിച്ച പദത്താൽ ചൊന്ന
ദാരികവധത്തെ കേൾപ്പോക്ക് ചിന്തക്കൊരിമ്പമുണ്ടാം.
ചെൽവത്തിൽ നെട്ടനാൾ വാഴ്‌വീർതാമത താമിതു പടിക്കിൽ
മുററും ധമ്മാത്ഥകാമമെയ്തി ഭൂമിയിൽ നെട്ടനാൾ വാണു പുന
രതിബുദ്ധിക്കമ്പൊൽ ആമളം വഴിയും കാററമമ്മ ശ്രീഭദ്രകാളി
ഓം എന്ന അക്ഷരത്തിൽ ഉൾപ്പൊരുളായതും നീ.

അമ്മേ ജഗന്മംഗലേ! വിശ്വവന്ദിനി
നിന്മാവരം വിസ്മയം ചെയ്യുവാറെങ്ങനെ?
ദേവിതൻ വീര്യവും ശൗര്യഗാഭീര്യവും
ആവതില്ലെങ്കിലളി സ്തുതിപ്പൻ
പെരിയ ഭുവനത്രയം വെന്നടതാർ വീരർതൻ
വിരുതൊഴിപ്പിച്ച വീരാധിപൻ ദാരികൻ
വൈരമെഴും മാറിൽ ത്രിശൂലംകൊണ്ടു കുത്തിയേ
കുരുതി പെരിയെ പുളന്നൊരു വിശേഷശാരി!
അഖിലഖിലനിമ്മലേ! നിഷ്കളേ! മിമിഷ്കരി!
അമരരിപുനാശിനി! അന്തരി! സുന്ദരി!
മുരനടെയ ചണ്ഡികേ! ഘണ്ഡിതേ! മണ്ഡിതേ!
മുനികൾതൊഴും ശക്തിയേ! ഭക്തിയേ മുക്തിയേ!!
അഖിലഖലനൂത്തയേ വിദ്യയേ കത്തയേ
അമരമുടിനന്ദമേ നൂത്തയേ ശുദ്ധയേ
അസുരരെ അശേഷസംഹാരിയേ ഹാരിയേ
അഴകിനൊടു വിശ്വചക്രം ഭജിക്കുന്ന നിൻ
പാദപ്രഭാവവും വല്ലഭം ചേർന്ന നിൻ
ചേതസ്സഴിക്കും വിരൽക്കും തൊഴുന്നേൻ.
പൊന്നിൻചിലമ്പും പുറംകാലുമാദരാൽ
മിന്നും കണയ്ക്കാലിണയ്ക്കും തൊഴുന്നേൻ
ചീരൊത്ത ജാനുക്കളൂരുക്കളെന്നിവ
പാരകരികൈതനിക്കും തൊഴുന്നേൻ
അരയ്ക്കും പുലിത്തോൽ തനിക്കും മനക്കാ-

മ്പഴിക്കുന്നൊരുന്തിച്ചുഴിക്കും തൊഴുന്നേൻ
കളങ്കാ കളങ്കാ വയറ്റെത്തൊഴുന്നേൻ
കരുത്തേറും രോമാവലിക്കും തൊഴുന്നേൻ
മലക്കുന്നുലയ്ക്കും മുലയ്ക്കും തൊഴുന്നേൻ
തണുപ്പുറ്റ മാർത്തടത്തെത്തൊഴുന്നേൻ
കരത്താമരക്കും വിരൽക്കും തൊഴുന്നേൻ
കരുത്തേറുമിജ്ജ്യാമണിക്കും തൊഴുന്നേൻ
അഞ്ചിപ്പൊന്നെഴുത്തും കഴുത്തും തൊഴുന്നേൻ
അണിക്കൊണ്ട ചൊവ്വാമലരെത്തൊഴുന്നേൻ
അതിൽ ഭക്തിമുത്തൊത്ത ദന്തം തൊഴുന്നേൻ
അകത്തിമ്പമേകും മൊഴിക്കും തൊഴുന്നേൻ
ഇണങ്ങും കപോലത്തലത്തെ തൊഴുന്നേൻ
ഉടൻ നാസികാപുടം മെല്ലെത്തൊഴുന്നേൻ
ഉൾക്കാമ്പഴിക്കും മിഴിക്കും തൊഴുന്നേൻ
ഇണങ്ങും പണിക്കും കുഴക്കും തൊഴുന്നേൻ
മല്ലെഴും മല്ലബാണൻതന്നെ വെല്ലുന്ന
ചില്ലീയിതൾക്കൊന്നു മെല്ലെത്തൊഴുന്നേൻ
മുറ്റാതെ തിങ്കൾക്കു കുറ്റമേകീടുന്ന
നെറ്റിപ്പിറക്കാമ്പു മുറ്റത്തൊഴുന്നേൻ
മഴക്കാർ വഴയ്ക്കാതഴക്കാമൽ നില്ക്കും
തലക്കാർമുടിക്കും കുഴൽക്കും തൊഴുന്നേൻ
നിലക്കുറ്റ ചന്ദ്രക്കലയ്ക്കും തൊഴുന്നേൻ
നിനക്കും നമസ്കാരമേ ഭദ്രകാളി!
നിനക്കും നമസ്കാരമേ ഭദ്രകാളി!

ഗുരുവേ സഹായം ശുഭമസ്തു. വാഗീശ്വരിതെരുവിൽ ഭഗവതികൃപയിനാൽ എഴുതി മുദ്രിച്ചു. കരിപി–ാവിൽ അയ്യനാർ നിർമ്മിതൻ താൻ താൻ.

MUL
223380
223380
48536
032:2X
KO